


★




ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാററുവാനും
**ചന്ദ്രിക** ഔഷധസ്സോപ്പ്
പതിവായി ഉപയോഗിക്കുക

★

FOR

★ **WEDDING SAREES,**
★ **READY-MADE DRESSES** ETC., ETC.,

↓

**FASHION FABRICS**
TRICHUR.

അഖിലകേരള സൊഡാലിററിമാസിക

ഒററപ്രതി: 17 ന.പ
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

പത്രാധിപർ: ഫാദർ ജെ. ചെമ്മണ്ണൂർ, ബി. ഏ.

PHONE: 603
TRICHUR

# മേരിവിജയം

പുസ്തകം XIV ★ 1964 സെപ്റ്റംബർ ★ ലക്കം IX

## പത്രാധിപപംക്തി

സൊഡാലിററിയുടെ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നതു് "മറിയംവഴി ഈശോയിലേയ്ക്കു്" (Ad Jesum, per Mariam) എന്നുള്ള വാക്യശകലമാണല്ലൊ. പ. മറിയത്തിൻെറ പിറന്നാൾ ആഘോഷിക്കപ്പെടുന്ന സെപ്റ്റംബർ മാസത്തിൽ ഈ മുദ്രാവാക്യത്തെപ്പററി ചിന്തിക്കുന്നതു് സന്ദർഭോചിതമായിരിക്കും. മറിയംവഴിയായി—മറിയത്തിലൂടെ—യാണു് നമുക്കു് ഈശോയെ ലഭിച്ചതു്. ഇക്കാരണംകൊണ്ടുതന്നെ നാം ഈശോയെ പ്രാപിക്കേണ്ടതും മറിയംവഴിയായിട്ടാണു്. മറിയമില്ലെങ്കിൽ നമുക്കു് ഈശോയെ ലഭിക്കുമായിരുന്നില്ല. കാരണം, അമ്മയില്ലെങ്കിൽ മകൻ ഉണ്ടാകുകയില്ല എന്നുള്ളതാണല്ലൊ പ്രകൃതിനിയമം. അതുകൊണ്ടുതന്നെ, പ. മറിയത്തിൻെറ ജന്മദിനം വളരെ പ്രാധാന്യമേറിയ ഒന്നായിത്തീരുന്നു. ദൈവത്തിൻെറ അമ്മ ജനിച്ചുകഴിഞ്ഞു; ഇനി ദൈവം മനുഷ്യനായി അവതരിക്കുവാൻ, മനുഷ്യവർഗ്ഗത്തിനു് ഈശോയെ ലഭിക്കുവാൻ, കുറച്ചു വർഷങ്ങൾ മാത്രമേ വേണ്ടൂവെന്നു വ്യക്തമായി. ഉഷഃകാലനക്ഷത്രം ഉദിച്ചുകഴിഞ്ഞാൽ, സൂര്യൻെറ ഉദയം അടുത്തു എന്നു നാം അറിയുന്നതുപോലെ മറിയത്തിൻെറ ജനനം നീതിസൂര്യനായ ക്രിസ്തുവിൻെറ ആഗമനം അടുത്തു എന്നു ലോകത്തെ അറിയിച്ചു. ഈ വാർത്ത സ്വർഗ്ഗത്തേയും ഭൂമിയേയും പാതാളത്തേയും ആനന്ദത്തിൽ ആറാടിച്ചു; നരകത്തെയാകട്ടെ അതു് കിടിലംകൊള്ളിച്ചു.

പരി. കന്യകാമാതാവിൻെറ പിറന്നാൾ മക്കൾക്കു് ആനന്ദകരമാണു്; എന്നാൽ ആ അമ്മ വഴിയായി അങ്ങേ തിരുക്കുമാരനിലേയ്ക്കു് എത്തിച്ചേരുവാൻ നാം പരിശ്രമിക്കയുംകൂടി വേണം. പ. മറിയത്തോടുള്ള സ്നേഹബഹുമാനാദരവുകൾ വഴിയായും ആ അമ്മയിൽ വിളങ്ങിയിരുന്ന എളിമ, ക്ഷമ, ശുദ്ധത, അനുസരണം തുടങ്ങിയ പുണ്യങ്ങൾ പരിശീലിച്ചുകൊണ്ടും ആ അമ്മയുമായി നാം ഒന്നിക്കുമ്പോൾ അവൾവഴിയായി നമുക്കു് ഈശോയേയും ലഭിക്കുന്നു; അല്ലെങ്കിൽ, മററു വിധത്തിൽ പറഞ്ഞാൽ, സ്വമാംസരക്തങ്ങൾ നല്കി ഉണ്ണി ഈശോയെ രൂപവൽക്കരിക്കയും പ്രസവിക്കയും പാലൂട്ടി വളർത്തുകയും ചെയ്ത മറിയം നമ്മിലോരോരുത്തരിലും ഈശോയെ രൂപീകരിക്കയും വളർത്തുകയും ചെയ്യുന്നു.

ഈ അമ്മയുമായി നാം എത്രകണ്ടു് തദാത്മ്യം പ്രാപിക്കുമോ, അത്രകണ്ടു് നമ്മിൽ സംഭവിക്കുന്ന ഈശോയുടെ രൂപവൽക്കരണവും പരിപൂർണ്ണമായിരിക്കും. ഈ അമ്മയെ ഉപേക്ഷിക്കുന്നവർക്കു്, മകനായ ഈശോയേയും നഷ്ടപ്പെടുമെന്നുള്ളതിനു ചരിത്രത്തിൻെറ ഏടുകൾ തന്നെ സാക്ഷ്യംവഹിക്കുന്നു. പ. മറിയത്തെ ബഹുമാനിക്കാതെ, ഉപേക്ഷിച്ചുകളഞ്ഞിട്ടുള്ള പല പ്രൊട്ടസ്റ്റണ്ടു സഭകളിലും ദൈവപുത്രനായ ഈശോയോടുള്ള സ്നേഹവും ബഹുമാനവും വളരെയേറെ കുറഞ്ഞുവരുന്നതായിട്ടാണു് നാം കാണുന്നതു്. ചരിത്രത്തിലെ ഒരു വെറും മനുഷ്യൻ എന്ന നിലയിലേയ്ക്കു് ക്രിസ്തു അധഃപതിച്ചുപോയിരിക്കുന്നു, ഇക്കൂട്ടരുടെ ദൃഷ്ടിയിൽ. അതുകൊണ്ടുതന്നെയാണു്, സഭകളുടെ ഐക്യത്തെപ്പററി ഉറക്കെ ചിന്തിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, പ്രസ്തുത ഐക്യം സുസാധമാകണമെങ്കിൽ പ. മറിയത്തെ ആശ്രയിക്കണമെന്നും, അവൾമൂലം മാത്രമേ എക്യുമേനിക്കൽ പ്രസ്ഥാനം വിജയിക്കയുള്ളൂവെന്നും എല്ലാ ദൈവശാസ്ത്രപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതു്. ഭിന്നിച്ചുനിൽക്കുന്ന ക്രൈസ്തവസഭകൾ പ. മറിയത്തെ ദൈവമാതാവായി ബഹുമാനിക്കുകയും സ്നേഹിക്കുകയും അനുകരിക്കുകയും ചെയ്യുമ്പോൾ, അവർ ക്രിസ്തുവിനെ പ്രാപിക്കയും ഏകസഭയിൽ ഒന്നിക്കയുംചെയ്യും "മറിയംവഴിയായി ഈശോയിലേയ്ക്കു്." മറിയംവഴിയായിമാത്രമേ നമുക്കു് ഈശോയെ ലഭിക്കുകയുള്ളൂ. മററു മാർഗ്ഗങ്ങളൊന്നുമില്ല. അതുകൊണ്ടുതന്നെയാണു് "എല്ലാ പ്രസാദവരങ്ങളുടേയും മദ്ധ്യസ്ഥ" (Mediatrix of all graces) എന്ന സ്ഥാനവും പ. മറിയത്തിനു നൽകപ്പെടുന്നതു്.

---

കവർച്ചിത്രം: വി. പത്താം പീയൂസ്
(തിരുനാൾ: സെപ്റ്റംബർ 3)

# രണ്ടു പുണ്യവതി

— റവ. ഫാദർ തോമസ് മൂത്തേടൻ

സെപ്റ്റംബർ 14-ാംനു വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണു്. എത്രയും അത്ഭുതകരമായ ഒരു സംഭവത്തെ സമാദരിച്ചാണു് ഈ തിരുനാൾ നാലാം ശതാബ്ദത്തിൽ സമാരംഭിച്ചതു്. അക്കാലത്തു് റോമാ സാമ്രാജ്യം കോൺസ്റ്റന്റയിൻ, മാക്സെൻസിയൂസ്, മാക്സിമൂസ്, ലിസിനിയൂസ് എന്നീ നാലു പേരുടെ ഭരണത്തിൻകീഴിലായിരുന്നു. 312-ൽ കോൺസ്റ്റന്റയിനും മാക്സെൻസിയൂസും തമ്മിൽ ഒരു യുദ്ധമുണ്ടായി. കോൺസ്റ്റന്റയിൻ ആകാശത്തിൽ ഒരു കുരിശും, "ഈ അടയാളത്തിൽ നീ വിജയം വരിക്കും." എന്ന ഒരു ലിഖിതവും കണ്ടു. അന്നു രാത്രി ക്രിസ്തുനാഥൻ കോൺസ്റ്റന്റയിൻ ചക്രവർത്തിക്കു കാണപ്പെട്ടു് കുരിശിന്റെ ചിത്രം പടയാളികളുടെ പരിചയിൽ കൊത്താൻ നിർദ്ദേശിച്ചു. ചക്രവർത്തി അങ്ങനെ ചെയ്തു; കുരിശോടു കൂടിയ ഒരു പതാകയും ചക്രവർത്തി ഉണ്ടാക്കി. അടുത്ത യുദ്ധത്തിൽ ചക്രവർത്തി ജയിച്ചു. കൃതജ്ഞതാസൂചകമായുണ്ടായ മിലാൻ വിളംബരംവഴിയാണു് റോമൻ മതപീഡനം സമാപിച്ചതു്.

കുറെ കൊല്ലങ്ങൾക്കുശേഷം കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ അമ്മ ഹെലനാരാജ്ഞി ജെറുസലേമിൽവച്ചു് യഥാർത്ഥകുരിശു് കണ്ടെത്തുകയും കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സ്ഥാപിക്കുകയും ചെയ്തു. എങ്കിലും പേഴ്സ്യൻ രാജാവിന്റെമേൽ ഹെറാക്ലിയസ് ചക്രവർത്തി നേടിയ മൂന്നു വമ്പിച്ച വിജയങ്ങൾക്കുശേഷമാണു തിരുനാൾ പ്രചാരത്തിലായതു്. മേയ് മൂന്നാം തീയതി കൊല്ലംതോറും വി. കുരിശു് കണ്ടെത്തിയതിന്റെ ഓർമ്മ കൊണ്ടാടുവാനും ഹെറാക്ലിയസ്സിന്റെ വിജയം ആഘോഷിക്കാൻ സെപ്റ്റംബർ 14-ാംനു വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ കൊണ്ടാടാനും പിന്നീടു നിശ്ചയിച്ചു. അങ്ങനെ കൊല്ലംതോറും ദുഃഖവെള്ളിയാഴ്ചയും മേയ് 3-ാംനു-യും സെപ്റ്റംബർ 14-ാംനു-യും കുരിശിന്റെ തിരുനാളുകൾ നാം കൊണ്ടാടുന്നുണ്ടു്. പ്രാചീനകാലങ്ങളിൽ ചില പൗരസ്ത്യദേശങ്ങളിലും പാശ്ചാത്യരാജ്യങ്ങളിലും കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ കടമുള്ള ദിവസമായിരുന്നു. അന്നാണു് കർമ്മലീത്താ ഒന്നും രണ്ടും സഭകളിലെ അംഗങ്ങൾ അനുദിനോപവാസം ആരംഭിക്കുന്നതു്. ഉയിർപ്പുതിരുനാൾവരെ ഉപവാസം തുടരുന്നു. വൈദികരുടെ കാനോനനമസ്കാരത്തിൽ സ്ലീവാക്കാലം ആരംഭിക്കുന്നതും അതേഘട്ടത്തിലാണു്. ആകയാൽ എത്രയും പ്രാധാന്യമേറിയ ഒരു തിരുനാളാണു് വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. എന്നാൽ ഇന്നു് ആ തിരുനാളിന്റെ പ്രാധാന്യം കുറഞ്ഞുവരുന്നതായി കാണുന്നു.

വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ കൊണ്ടാടുന്നതിനു് വെടിക്കെട്ടോ, വാദ്യഘോഷങ്ങളോ ആവശ്യമില്ല. അന്നു് പാട്ടുപൂജയും ഘോഷയാത്രകളും ആവശ്യമില്ല. വാസ്തവത്തിൽ ആവശ്യമായിട്ടുള്ളതു് ജീവിതക്ലേശങ്ങളാകുന്ന കുരിശുകളെ നാം പഴിക്കാതെ അവയെ സ്വാഗതംചെയ്യുകയാണു്. ഇങ്ങനെ ജീവിതക്ലേശങ്ങളെ സ്വാഗതംചെയ്യുക വിരസമായതുകൊണ്ടായിരിക്കണം കുരിശിന്റെ പുകഴ്ചത്തിരുനാൾ വിസ്മൃതമാകയും വെടിക്കെട്ടും ദീർഘമായ പ്രദക്ഷിണങ്ങളുമുള്ള തിരുനാളുകൾ സ്വീകാര്യമായിത്തീരുകയും ചെയ്തിട്ടുള്ളതു്.

ക്ലേശങ്ങൾക്കു് ഒരു പ്രത്യേകതയുണ്ടു്. ഇന്നു് ഭയങ്കരമായിത്തോന്നുന്ന ക്ലേശം നാളെ ഉണ്ടാകുന്നതേയില്ല. "ഹാ സുഖങ്ങൾ വെറും ജാലം, ത്രാസു് താനേ പൊങ്ങുന്നതും താണുപോവതും" എന്നതിനേക്കാൾ എളുപ്പമാണു "ഹാ ദുഃഖങ്ങൾ വെറും ജാലം, ത്രാസു് പൊങ്ങുന്നതും താനേ താണുപോവതും" എന്നു വിശ്വസിക്കാൻ. സമാധാനദിനത്തിന്റെ തലേദിവസം പോർക്കളത്തിൽ നടക്കുന്ന വധങ്ങൾ എത്ര ഭയങ്കരമാണു്! എന്നാൽ പിറേറദിവസം വിജയഭേരി മുഴങ്ങുമ്പോൾ ആരാണു ദുഃഖിക്കുന്നതു്. ഉയിർപ്പു്ഞായറാഴ്ച, ദുഃഖവെള്ളിയാഴ്ചയെ പൂർണ്ണമായി വിഴുങ്ങുന്നില്ലേ? കുരിശുകളുടെ പുകഴ്ചയല്ലേ സ്വർഗ്ഗം?

രണ്ടു ചെറിയ പുണ്യവതിമാരുടെ ജീവചരിത്രത്തിൽനിന്നു് ഈ വസ്തുത സ്പഷ്ടമാക്കാം. 34-ാമത്തെ വയസ്സിൽ മരിച്ച വി. ബെർണ്ണദീത്തയുടേയും, 20 കൊല്ലങ്ങൾക്കുശേഷം 24-ാമത്തെ വയസ്സിൽ മരിച്ച വി. കൊച്ചുത്രേസ്യയുടെയും ജീവചരിത്രത്തിലേയ്ക്കു നമുക്കു് ഒന്നു് എത്തിനോക്കാം. രണ്ടുപേരും കന്യാസ്ത്രീമാരാണു്, ഒരാൾ നെവേഴ്സിൽ ഉപവിയുടെ സഹോദരികളുടെ ഗണത്തിലും അപര ലിസ്യൂവിൽ കർമ്മലീത്താമഠത്തിലും ജീവിച്ചു. രണ്ടുപേരും അജ്ഞാതരായി, നിശ്ശബ്ദരായി, കൊച്ചാത്മാക്കളായി കഴിഞ്ഞുകൂടാൻ കൊതിച്ചിരുന്നവരാണു്. എന്നാൽ രണ്ടുപേർക്കും ഈക്കാര്യത്തിൽ നല്ല വിഷമമുണ്ടായിരുന്നു. ദൈവമാതാവിനെ ദർശിച്ച ബാലികയെ കാണാൻ സമകാലികരെല്ലാം നെവേഴ്സിലേയ്ക്കു ചെല്ലുമായിരുന്നു. കൊച്ചുത്രേസ്യയുടെ മൂന്നു സഹോദരിമാരാണു് ലിസ്യൂ മഠത്തിലുണ്ടായിരുന്നതു്. അവരുടെ കനിഷ്ഠസഹോദരി അപ്പച്ചന്റെയും ഇതരസഹോദരിമാരുടേയും ലാളനാപാത്രമായിരുന്നു. എങ്കിലും ഇരുവരും അജ്ഞാതജീവിതത്തിൽ വിജയം വരിച്ചു.

# മാരുടെ കുരിശുകൾ

എം. ഏ., ഡി. ഡി. —

അമേരിക്കൻ ട്രാപ്പിസ്റ്റ് ഫാദർ തോമസ് മെർട്ടൺ പറയുന്നത് ജീവിതക്ലേശമാകുന്ന പ്രശ്നത്തെ അഭിമുഖീകരിക്കാതെ ഒരുത്തനും വിശുദ്ധനാകാൻ കഴിയുകയില്ലെന്നാണ്. ജീവിതക്ലേശങ്ങൾക്കുള്ള പ്രതിവിധി അവയെ ഒഴിഞ്ഞുമാറുകയല്ല, അവയെ സഹിക്കുകതന്നെയാണ്. അവ നമ്മുടെ ജോലിക്കോ സൗഭാഗ്യത്തിനോ തടസ്സമാകുമെന്നു കരുതുന്നവർക്ക് അവയെ അഭിമുഖീകരിക്കുവാൻ കഴിയുകയില്ല. സഹനപ്രേഷിതത്വത്തിന്റെ മഹാത്മ്യം ഈ രണ്ടു വിശുദ്ധകളും സമ്യക്കാകുംവണ്ണം ഗ്രഹിച്ചിരുന്നു. ചോര ഛർദ്ദിച്ചും മൂന്നു കൊല്ലത്തോളം ക്ഷയരോഗത്തിന്റെ വേദന അനുഭവിച്ചും മരണത്തെ സമീപിച്ചുകൊണ്ടിരുന്ന കൊച്ചുത്രേസ്യാ ഇങ്ങനെ എഴുതിയിരിക്കുന്നു: "ഇത്രയും സഹിക്കുവാൻ കഴിയുമെന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. ഇല്ല, ഒരിക്കലുമില്ല........ആത്മാക്കളെ രക്ഷിക്കാനുള്ള എന്റെ അതിതീക്ഷ്ണമായ ആഗ്രഹംതന്നെ ഇതിന്റെ അടിസ്ഥാനം."

രോഗിയായി കിടന്നിരുന്ന ബെർണ്ണദീത്താ, "ഞാൻ എന്റെ ജോലി ചെയ്തുകൊണ്ടിരിക്കുന്നു" എന്നാണു പറഞ്ഞിരുന്നത്. "എന്തു ജോലി?" ഒരു കന്യാസ്ത്രീ ചോദിച്ചു. "രോഗിയായിരിക്കുക എന്ന ജോലി," അവൾ മറുപടി പറഞ്ഞു.

ദൈവമാതാവിനെ കണ്ട ബാലിക കന്യാസ്ത്രീയായപ്പോൾ കൂട്ടുകാർ ആ സഹോദരിയെ പുണ്യവതിയായി വണങ്ങുകയും ഒന്നും ചെയ്തിരുന്നില്ല. നവസന്യാസിനിയായിരുന്നപ്പോൾ മഠത്തിന്റെ തറ അടിച്ചുവാരുന്നതിൽ പോരായ്മ കണ്ടിരുന്ന ശ്രേഷ്ഠ പറഞ്ഞിരുന്ന വാക്കുകൾ ഹൃദയാഹ്ലാദകരമായിരുന്നില്ല: "ദൈവമാതാവിനെ കണ്ടുവെന്നു പറഞ്ഞ് നിനക്കു ഞെളിയാനൊന്നുമില്ല. ആവശ്യം വരുമ്പോൾ നാം ഒരു ചൂല് ഉപയോഗിക്കുന്നതുപോലെ ദൈവമാതാവു നിന്നെ ഉപയോഗിച്ചു. നിന്നെക്കാൾ അജ്ഞയായ ഒരു ബാലികയുണ്ടായിരുന്നെങ്കിൽ ദൈവമാതാവ് അവളെ ഉപയോഗിക്കുമായിരുന്നു." സഹോദരിമാർ ഇങ്ങനെ പരിഹാസവാക്കുകൾ പറഞ്ഞിരുന്നെങ്കിലും ബെർണ്ണദീത്താ ഒരക്ഷരം അക്ഷമയായി ഉരിയാടിയില്ല. അങ്ങനെയാണ് കുരിശുകൾ പുണ്യവാന്മാരിൽ പുകഴ്ച പ്രാപിക്കുന്നത്.

ബെണ്ണദീത്താ നെവേഴ്സിലായിരുന്നപ്പോഴാണ് ലൂർദ്ദിലെ ബസിലിക്കാ പണുതുകൊണ്ടിരുന്നതും അനേകായിരങ്ങൾ ലൂർദ്ദിലെ ഉറവയിൽനിന്നു വെള്ളം കോരി കുടിച്ചിരുന്നതും കുളിച്ചിരുന്നതും പലരും സൗഖ്യം പ്രാപിച്ചിരുന്നതും. നെവേഴ്സ് മഠത്തിൽ ജനങ്ങൾ ബെണ്ണദീത്തായെ കാണാൻ വരുമ്പോൾ അവൾ അവരിൽനിന്ന് ഓടി അകലുകയാണു ചെയ്തിരുന്നത്. ഒരിക്കൽ ബെണ്ണദീത്താ സങ്കീർത്തിജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ചിലർ വന്ന് അവളാരാണെന്നറിയാതെ ചോദിച്ചു ബെണ്ണദീത്തായെ കാണാമോ എന്ന്. ഓടിപ്പോയി തിരിയേ വന്നിട്ട് അവൾ പറഞ്ഞു: "അവളെ കാണാനില്ല."

സഹനത്തെ സംബന്ധിച്ച് ബെണ്ണദീത്തായും ത്രേസ്യായും എഴുതിയിട്ടുള്ള വാക്കുകൾക്കു വളരെയേറെ സാമ്യമുണ്ട്. ബെണ്ണദീത്താ പറയുന്നു: "ഒരാൾ ഈശോയുടെ മണവാട്ടിയായിക്കഴിഞ്ഞാൽ ശാരീരികവും മാനസികവുമായ വേദനകളിൽ, എന്റെ ദൈവമേ, ഞാൻ ഇതു സ്വീകരിക്കുന്നു എന്നു പറയണം. വ്യവസ്ഥകളൊന്നും പറയരുത്."

കൊച്ചുത്രേസ്യാ ഇങ്ങനെ എഴുതിയിരിക്കുന്നു: "ഇല്ല, എന്റെ വേദനകൾ ഭയങ്കരമല്ല. സ്നേഹബലിയായ ഒരാത്മാവിനു തന്റെ മണവാളൻ അയച്ചുതരുന്നത് എന്തായിരുന്നാലും എങ്ങനെ ഭയങ്കരമായിരിക്കും?"

ദർശനവേളയിൽ ദർശനത്തിന്റെ സത്യാവസ്ഥയെ ചോദ്യംചെയ്തും മഠത്തിൽ ചേർന്നശേഷം അസൂയാകലുഷിതരായ സഹോദരിമാർ ദൈവമാതാവിനെ കണ്ട കന്യാസ്ത്രീയിൽ ചപലതയും അഹങ്കാരവും ആരോപിച്ചും ബെണ്ണദീത്തായുടെ ജീവിതത്തെ സന്താപസാഗരത്തിൽ അമർത്തി. അന്തിമനാളുകളിൽ രോഗത്തിന്റെ മൂർച്ഛയും ബെണ്ണദീത്തയുടെ ജീവിതത്തെ ബാഷ്പകലുഷിതമാക്കി.

കൊച്ചുത്രേസ്യായുടെ കഷ്ടതകൾ ഒന്നുകൂടി മൂർച്ഛയേറിയതായിരുന്നു. പ്രിയപ്പെട്ട പിതാവിന്റെ തളർവ്വാതവും മാനസികത്തകർച്ചയും, ജ്യേഷ്ഠത്തി ലെയോനിയുടെ സന്യാസപരാജയങ്ങളും, സെലിന്റെ അനാഥത്വവും, അവസാനം കൊച്ചുത്രേസ്യായ്ക്കു പിടിപെട്ട ക്ഷയരോഗവും ലഘുവായ മനോവ്യഥകളായിരുന്നില്ലല്ലോ.

രണ്ടു പുണ്യവതിമാരും ഈ കഷ്ടതകൾ ക്ഷമയോടെ സഹിച്ചു. "പരിശുദ്ധ മറിയമേ, ദൈവമാതാവേ, സാധുപാപിയായ എനിക്കുവേണ്ടി അപേക്ഷിക്കണമേ" എന്നായിരുന്നു ബെണ്ണദീത്തായുടെ അന്തിമവചസ്സുകൾ. "എന്റെ ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു." ഇവയായിരുന്നു വി. കൊച്ചുത്രേസ്യായുടെ അവസാനത്തേ വാക്കുകൾ.

കുരിശുകളുടെ ഇടയിൽ വിശ്വാസം ക്ഷയിക്കാതെ തങ്ങളുടെ മണവാളന്റെ സ്നേഹംമാത്രം ലാക്കാക്കി ജീവിച്ച ഈ പുണ്യവതികളുടെ മാതൃക കുരിശുകൾ നാമോരോരുത്തരുടേയും ജീവിതത്തിൽ പുകഴ്ച പ്രാപിക്കുന്നതിന് ഇടവരുത്തട്ടെ.

# സിനിമാനടൻെറ അന്ത്യം

— ജോർജ്ജ് ആത്താററ്

ക്ലോക്കിൽ മണി എട്ടടിച്ചു. എല്ലാവരും പ്രാർത്ഥനയ്ക്കു് മുട്ടുകുത്തി. മനമില്ലാമനസ്സോടെ ഞാനും ഒരു മൂലയിൽ ഇരുന്നു. ഇരിക്കാതൊക്കുമോ? അപ്പൻെറ ചൂരൽപ്രയോഗത്തിൻെറ രസം ഞാൻ പലപ്പോഴും അനുഭവിച്ചവനാണ്. അതേപ്പററി ഓക്കുമ്പോൾ എൻെറ കണ്ണിൽ കൃത്രിമതടാകം രൂപംകൊള്ളുന്നു. പെങ്ങൾ പ്രാർത്ഥന ചൊല്ലിത്തുടങ്ങി. "അമ്പത്തിമൂന്നു മണിജപം ആരംഭിക്കും പ്രകാരം" എന്നു കേട്ടതു് ഞാൻ ഓക്കുന്നു.

ഞാൻ ഭാവനയുടെ പൂഞ്ചിറകുകളിൽ പാറിപ്പറക്കാൻ തുടങ്ങി. ഭാവന എന്നെ ഒരു കലാകാരനാക്കി മാററി. അടുത്ത മാസത്തിൽ സൊഡാലിററിയുടെ ഒരു അസാധാരണമീററിങ്ങുണ്ടു്. ഒരു ചെറിയ ഏകാങ്കം അവതരിപ്പിക്കണം. അതിൽ കോളെജുകുമാരൻെറ പാട്ട് എനിക്കെടുക്കണം. മററുള്ളവ ഏതെങ്കിലും കൂട്ടുകാരെ ഏല്പിക്കാം. കഴിയുന്നത്ര തന്മയത്വത്തോടെ വേണം അഭിനയം. അങ്ങനെ ചൊറചുറുക്കും അഭിനയപാടവവുമുള്ള ആൺകുട്ടികൾ ഇവിടെ ഉണ്ടെന്നു് അവർ (പെൺകുട്ടികൾ) മനസ്സിലാക്കട്ടെ

അല്ല! കഴിഞ്ഞ മീററിംഗിലെ പെൺകുട്ടികളുടെ ഒരു ഉപന്യാസം കേട്ടോ? അവർ യഥാർത്ഥത്തിൽ ആൺകുട്ടികളുടെ മുഖത്തു് കരി തേയ്ക്കുകയല്ലേ ചെയ്തതു്! അല്ലെങ്കിൽ എന്തിനു് അവർ യൗസേപ്പുപുണ്യവാളനെപ്പററി പറയുമ്പോൾ അദ്ദേഹം ഇന്നത്തെ ആൺകുട്ടികളെപ്പോലെ ടർളിൻ ഷർട്ടാ, കൂളിങ്ങ്ഗ്ലാസോ, വാച്ചോ ഒന്നും ആഗ്രഹിച്ചില്ല; ജോലി ചെയ്യാതെ ഞെളിഞ്ഞു നടന്നില്ല; പുക വലിച്ചില്ല–എന്നൊക്കെ പറയുന്നതു്? ഓ! ദൈവമേ, അടുത്ത നൂററാണ്ടിലെ പെൺപിള്ളരെങ്കിലും ഈ പൊടിയും ബീഡിയും ഉപയോഗിക്കണേ! അവ ഉപയോഗിക്കുന്നു എന്ന കുററം ഞങ്ങളുടെമേൽ മാത്രം വെച്ചുകെട്ടരുതേ! ഒരു സിഗററ് ചുണ്ടിൽ പിടിപ്പിച്ചു് തീ കൊളുത്തി നടക്കുന്നതിൻെറ ഉഷാറ് ഒന്നു് വേറെ തന്നെയാണ്. അതുണ്ടോ പെൺകുട്ടികളറിയുന്നു! ഏതായാലും അവർ ഇത്രയെല്ലാം പറയേണ്ടിയിരുന്നില്ല.

ശരി, അടുത്ത പ്രാവശ്യം കണ്ടോളാം. പരിശുദ്ധ ദൈവമാതാവിനെപ്പററി ഒരു ഉപന്യാസമെടുത്തു്, അവൾ ഇന്നത്തെ യുവതികളെപ്പോലെ വീട്ടിൽ വഴക്കുണ്ടാക്കിയിരുന്നില്ല; നൈലോൺ സാരിയും നൈലക്സ് ജാക്കററും ആഗ്രഹിച്ചില്ല; മഞ്ഞലോഹം കഴുത്തിൽ കെട്ടിത്തൂക്കി നടന്നില്ല; വിയത്താൽ അലിഞ്ഞൊഴുകുന്ന കൃത്രിമസൗന്ദര്യം ഇഷ്ടപ്പെട്ടിരുന്നില്ല__എന്നൊക്കെ കൈ വീശി ചുണ്ണയോടെ അങ്ങു് പറയണം. അപ്പോൾ ഉറക്കെ കൈയ്യടിക്കാനായി കൂട്ടുകാരോടെല്ലാവരോടും പറയണം. അങ്ങനെ പെൺകുട്ടികളുടെ മുമ്പിൽ ആൺകുട്ടികളുടെ വിജയപതാക ഉയർത്തിക്കെട്ടണം. ഇതിനെല്ലാം ഞാൻതന്നെ മുൻകൈയ്യെടുക്കണം; ആട്ടെ!

ഏകാങ്കത്തിലെ എൻെറ കോളെജുകുമാരൻെറ ആക്ട് കണ്ടു് മററുള്ളവർ ആശ്ചര്യപ്പെടണം. പെൺകുട്ടികളെ കുററം പറഞ്ഞിട്ടുള്ള ആ കഥ വളരെ ജോറായിട്ടുണ്ടു്. അതിലെ എൻെറ അഭിനയം വിജയിക്കുമെങ്കിൽ തുടർച്ചയായി എല്ലാ നാടകങ്ങളിലും അഭിനയിക്കണം. അങ്ങനെയാണ് വലിയ വലിയ സിനിമാനടന്മാർ ഉണ്ടായിട്ടുള്ളതെന്നു് ഞാൻ വായിച്ചിട്ടുണ്ടു്. എനിക്കും എന്തുകൊണ്ടു് ഒരു സിനിമാനടനായിക്കൂടാ? അതിനുള്ള ഭാഗ്യം എനിക്കുണ്ടാകുമെങ്കിൽ "മാതാവേ, ഞാൻ ഒരു സിനിമാനടനായാൽ ആയിരത്തൊന്നു രൂപാ ഇടവകപ്പള്ളിക്കു സംഭാവനചെയ്യാം."

* * *

ഞാനിന്നു് പേരും പ്രശസ്തിയും സിദ്ധിച്ച ഒരു സിനിമാനടനാണ്, ലക്ഷക്കണക്കിനു് സിനിമാപ്രേമികൾ എന്നെ ആരാധിക്കുന്നു. കോടിക്കണക്കിനു് രൂപ ഞാൻ സമ്പാദിച്ചു. മനോഹരമായ ഒരു മൂന്നുനിലമാളികയും അതിനു മുമ്പിൽ കലാബോധത്തോടെ സംവിധാനംചെയ്ത സുന്ദരമായ ഒരു പൂന്തോട്ടവും ഇന്നു് എനിക്കുണ്ടു്. പോർട്ടിക്കോവിൽ ഇളംനീല നിറത്തിലുള്ള എൻെറ പ്ലീമത്തു് കാർ ഗമയിലങ്ങനെ നില്ക്കുന്നു.

ഞാൻ ഇപ്പോൾ അഭിനയിക്കുന്നതു് അടുത്തു റിലീസാകുന്ന വീരസാഹസികചിത്രത്തിലെ കഥാനായകനായാണ്. ആദ്യം ഒരു പുലിയുമായിട്ടാണു് ഗുസ്തി. അടുത്തു നില്ക്കുന്ന രാജകുമാരിയെ ആക്രമിക്കാൻ വരുന്ന പുലിയെ കഥാനായകൻ കൊന്നിട്ടു് രാജകുമാരിയുടെ സ്നേഹം സമ്പാദിക്കണം. ഡയറക്ടർ ആദ്യമായി ഞങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ തന്നു് ദൂരെ മാറിനിന്നു.

അതാ, അവരാ കൂററൻ പുലിയെ കൂട്ടിൽനിന്നും അഴിച്ചുവിട്ടു. എൻെറ ഹൃദയം കിടന്നു് ഇടിക്കുന്നു; കൈകാൽ തളരുന്നു. ഓടി രക്ഷപ്പെട്ടുവാനാണു് തോന്നുന്നതു്. പക്ഷേ, അഭിമാനം സമ്മതിക്കുന്നില്ല. നല്ല ഇണക്കമുള്ള പുലിയാണെന്നാണു് ഡയറക്ടർ പറഞ്ഞതു്. എന്നിരുന്നാലും പുലി പുലിയല്ലേ? അതാ, അതു് വാലും പൊക്കി അലറി വരുന്നു. ഏതായാലും മരണം തീർച്ച. "പരിശുദ്ധ ദൈവമാതാവേ, നീയാണെനിക്കാശ്രയം. നിൻെറ സൊഡാലിററിയിൽനിന്നാണ് ഞാനിത്രയും ഉയന്നതു്. നീയെന്നെ കൈവിടല്ലേ."

അയ്യോ! അതെന്നെ കടിക്കുവാനും മാന്തുവാനും വരുന്നു. ഞാൻ കഴിയുന്നത്ര ഒഴിഞ്ഞുമാറാൻ നോക്കി. അയ്യോ! ചതിച്ചു! കൂർത്ത നഖമുള്ള കൈകൊണ്ടു് ഒരു മാന്തൽ എൻെറ പുറത്തു പററി. "ഇവനെ വെടിവെയ്ക്കൂ; ഇവനെന്നെ കൊല്ലും." ഇതു പറഞ്ഞതു് അല്പം ഉറക്കെയാണെന്നു് തോന്നുന്നു. കനം കൂടിയ ഒരു കൈ എൻെറ കവിളത്തു് വന്നു വീണപ്പോഴാണു്

*(ശേഷം 285-ാം പേജിൽ)*



ഫ്രാൻസി അറയ്ക്കൽ

# ബേബിച്ചേട്ടൻ വന്നില്ല

ഓർമ്മകളിൽ ഉന്മേഷത്തിന്റേയും ആനന്ദത്തിന്റേയും മകരന്ദം പകർന്നുകൊണ്ട് ക്രിസ്തുമസ് ഇങ്ങെത്തിക്കഴിഞ്ഞിരിക്കുന്നു! എവിടെയും ആഹ്ലാദത്തിന്റെ തിരയടികൾമാത്രം.........വീടുകളിൽ കുട്ടികൾ പടക്കം പൊട്ടിക്കുന്നു. നാളെ ക്രിസ്തുമസ്സാണ്! എല്ലാവരുടേയും മനസ്സു നിറയെ ക്രിസ്തുമസ്സിന്റെ മധുരസ്മരണകളാണ്.

ക്രിസ്തുമസ് സന്ദേശവുമായി തെക്കുനിന്നു വന്ന കൊച്ചിളംതെന്നൽ പച്ചിലകളിൽ ഇക്കിളിയിട്ടുകൊണ്ട് ഓമനയെ തഴുകി കടന്നുപോയി. അക്ഷമയായി ഇടയ്ക്കിടെ തെരുവീഥിയിലേയ്ക്കു നോക്കിക്കൊണ്ട് അവൾ ആ കൂററൻ മല്ലിമരത്തിന്റെ ചുവട്ടിൽ ഇരുന്നു. അവളുടെ മനസ്സിൽ വിഷാദം തിരയടിച്ചുയരുകയാണ്.

"വരും. ചേട്ടൻ തീർച്ചയായും വരും"—അവൾ സ്വയം സമാധാനിച്ചു. "കുഞ്ഞിപ്പെട്ടങ്ങൾക്കുള്ളതൊക്കെ—ക്രിസ്തുമസ് വിളക്കും, എല്ലാം എല്ലാം – ഒരുക്കുകയായിരിക്കും ചേട്ടൻ; അതാണ് വരാൻ താമസം." അവളുടെ ഇളംചുവപ്പാന്ന അധരങ്ങളിൽ ഒരു പുഞ്ചിരി മിന്നിപ്പൊലിഞ്ഞു. അവൾ വീണ്ടും തെരുവീഥിയിലേയ്ക്കു നോക്കി. ആളുകൾ തിരക്കുപിടിച്ച് അങ്ങോട്ടുമിങ്ങോട്ടും ധൃതിയിൽ നടന്നുപോകുന്നു. അവൾ മിഴികളുയർത്തി നോക്കി; അകലെനിന്നെങ്ങാനും ബേബിച്ചേട്ടൻ വരുന്നുണ്ടോയെന്ന്. ആരുമില്ല........

ഓമനയ്ക്കു പത്തു വയസ്സേയുള്ളൂ. അവളെ, പഠിക്കുവാനായി കോൺവെന്റിലെ ഹോസ്റ്റലിൽ താമസിപ്പിച്ചിരിക്കയാണ് അവളുടെ അപ്പച്ചൻ. ക്രിസ്തുമസ്സിന്റെ തലേദിവസം വീട്ടിലേയ്ക്കു കൊണ്ടുപോകാൻ ബേബിച്ചേട്ടൻ വരാമെന്നു പറഞ്ഞിട്ടു പോയതാണ്.

കഴിഞ്ഞ ആഴ്ചയിൽ പരീക്ഷയ്ക്കു മുമ്പ് ബേബിച്ചേട്ടൻ വർത്തമാനം അറിയാൻ വന്നപ്പോൾ, ക്രിസ്തുമസ്സിനു വീട്ടിലേയ്ക്കു കൊണ്ടുപോകാൻ വരുമോയെന്ന് ഓമന ചോദിച്ചു. വരാമെന്നു പറഞ്ഞെങ്കിലും വീണ്ടും ഓമന ചോദിച്ചപ്പോൾ ദേഷ്യം വന്ന ബേബി പറഞ്ഞു: "ഞാൻ വരല്ല്യ." ആ രണ്ടു വാക്കുകൾ മതിയായിരുന്നു, ഓമനയുടെ പിഞ്ചുഹൃദയത്തെ നോവിക്കാൻ. അവളുടെ നീലിമയേറിയ നയനങ്ങൾ സജലങ്ങളായി ഒരു തേങ്ങൽ അവളിൽനിന്നുയർന്നു.

"അയ്യോ, നീയെന്തിനാ കരേണെ? ഞാൻ വെറുതെ പറഞ്ഞതല്ലെ." ബേബി ചിരിച്ചുകൊണ്ടു പറഞ്ഞു.

വീണ്ടും ഓമന കരച്ചിൽ തുടർന്നപ്പോൾ, ഷർട്ടിന്റെ തലകൊണ്ട് ഓമനയുടെ കണ്ണുനീർ ഒപ്പിക്കൊണ്ട് ബേബി പറഞ്ഞു: "കരഞ്ഞാൽ ഞാൻ വരില്ല്യ....കരയാതിരുന്നാൽ ഞാൻ വരാം." ഓമന കരച്ചിൽ നിർത്തി മുഖം തുടച്ചു. ബേബി അവളെ സമാധാനപ്പെടുത്തി യാത്രപറഞ്ഞു പിരിഞ്ഞു.

"അത്രയ്ക്കു കണിശം പറഞ്ഞ ചേട്ടനാ; മണി അഞ്ചായിട്ടും കാണാനില്ല. ഇനി ചേട്ടൻ വന്നാല് ഞാൻ മിണ്ടില്ല" അവൾ ഒന്നുകൂടി നിവർന്നിരുന്നു.

ഓമനയ്ക്കു ബേബിച്ചേട്ടനെ ഇഷ്ടമാണ്. അവൾ എന്തു പറഞ്ഞാലും അതു ചെയ്തുകൊടുത്തിട്ടേ, ബേബി മററൊരു കാര്യത്തിൽ ഏർപ്പെടുകയുള്ളൂ. ഓമനയ്ക്ക് അഞ്ചു വയസ്സുള്ളപ്പോൾ അവളുടെ അമ്മ മരിച്ചതാണ്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ബേബിക്ക് ഒരു കുഞ്ഞു സഹോദരിയേയുള്ളൂ. ഓമനയുടെ അപ്പച്ചൻ അടുത്തുള്ള ഒരു ഫാക്ടറിയിൽ ജോലിയുണ്ട്. സാമാന്യം നല്ല ശമ്പളമുള്ളതുകൊണ്ട് ആ കുടുംബം നന്നായി കഴിഞ്ഞുകൂടുന്നു. 5–ാം ക്ലാസ്സിൽ പഠിക്കുന്ന ഓമനയ്ക്കും 9–ാം ക്ലാസ്സിൽ പഠിക്കുന്ന ബേബിയ്ക്കും വേണ്ട ചെലവുകളൊക്കെ അതിൽപ്പെടും. അങ്ങനെ ആ മൂന്നംഗക്കുടുംബം സമാധാനത്തോടും സംതൃപ്തിയോടുംകൂടി കഴിയുന്നു.

മല്ലിയുടെ ചില്ലയിൽനിന്ന് കൊഴിഞ്ഞ ഇലകൾ ഓമനയുടെ തലയിൽ വീണു. അവൾ ചിന്തയിൽനിന്നു ഞെട്ടിയുണർന്ന് തെരുവീഥിയിലേയ്ക്കു വീണ്ടും നോക്കി. അവളുടെ ബേബിച്ചേട്ടനെ മാത്രം കാണുന്നില്ല. ഹോസ്റ്റലിലെ അവളുടെ കൂട്ടുകാരെയെല്ലാം അവരുടെ അപ്പച്ചന്മാരും ചേട്ടന്മാരും വന്ന് ക്രിസ്തുമസാഘോഷിക്കുവാൻ അവരവരുടെ വീടുകളിലേയ്ക്ക് കൊണ്ടുപോയിക്കഴിഞ്ഞു. പെട്ടെന്ന് ഷേർളി ഓടിവന്നു പറഞ്ഞു: "ഞാൻ പോവ്വാ ഓമനെ! എന്റെ അപ്പച്ചൻ വന്നിട്ടുണ്ട്. നിന്റെ ചേട്ടൻ ഇനി വരില്ലെന്നാ തോന്നണെ"? ഇതു പറഞ്ഞുകൊണ്ട് ആ കൂട്ടുകാരി ഓടിമറഞ്ഞു.

ഓമനയുടെ മുഖം പെട്ടെന്നു വാടി. കണ്ണുകൾ നിറഞ്ഞുപോയി.

*   *   *   *

ഈ സമയത്തു് ഓമനയുടെ വീട്ടിൽ ചില സംഭവവികാസങ്ങൾ നടക്കുന്നുണ്ടായിരുന്നു...........

"എടാ, ബേബി, നീ എപ്പഴാടാ ഓമനയെ കൊണ്ടുവരാൻ പോണെ?" തോമാച്ചേട്ടൻ ചോദിച്ചു.

"ഈ ക്രിസ്തുമസ് വിളക്കൊന്ന് ഇതിന്മേൽ കെട്ടിക്കോട്ടെ അപ്പച്ചാ. ഓമന വരുമ്പോ കാണട്ടെ. ആയ്! ഓമനയ്ക്കെന്തു സന്തോഷമായിരിക്കും–" ആ മാവിന്റെ

ശിഖരത്തിലിരുന്ന്, വിളക്കിന്റെ ചരട് കെട്ടിക്കൊണ്ട് ബേബി വിളിച്ചുപറഞ്ഞു.

തോമാച്ചേട്ടനും അതു തരക്കേടില്ലെന്നു തോന്നി. വെള്ളക്കടലാസുകൊണ്ട് ഉണ്ടാക്കി, അരികുവശമെല്ലാം ചുവപ്പുകടലാസു പതിച്ചിട്ടുള്ള ആ വിളക്ക്, ആ മാവിന്റെ പച്ചയിലകൾക്കിടയിൽ നില്ക്കുന്നതു കാണാൻ നല്ല ഭംഗിയുണ്ട്. "സൂക്ഷിക്കണേ, ബേബി, താഴെ വീഴല്ലെ." അയാൾ ബേബിയെ ഓർമ്മിപ്പിച്ചു.

ക്രിസ്തുമസ് വിളക്ക് ഒരു കൈയ്യിൽ പിടിച്ച്, മററെ കൈകൊണ്ട് മരച്ചില്ലകളിൽ പിടിച്ച് ബേബി മാവിന്റെ ഒരു കൊമ്പത്തെത്തി. ഒരു ചില്ലയിൽ ബലമായി പിടിച്ചുകൊണ്ട് അവൻ വിളക്ക് അതിൽ കെട്ടാൻ തുടങ്ങി.

പെട്ടെന്ന്, വിളക്ക് അവന്റെ കൈയ്യിൽനിന്നു താഴോട്ടു വഴുതി. അവൻ അതു നിലത്തു വീഴാതിരിക്കാൻ എത്തിപ്പിടിക്കുന്നതിന് ആഞ്ഞു. "അപ്പച്ചാ!" ബേബി കൈകൾ കുത്തി നിലത്തു വീണു. ആ ശരീരം ഒന്നു പിടഞ്ഞു, പിന്നെ നിശ്ചലമായി. "മോനേ, ബേബീ!" എന്നു വിളിച്ചുകൊണ്ട് ഓടിവന്ന തോമാച്ചേട്ടൻ ബേബിയെ ഇരുകൈകൾകൊണ്ടും വാരിയെടുത്തു.

ആളുകൾ കൂടി. പ്രഥമശുശ്രൂഷകൾ നടന്നു; പക്ഷേ ഫലമുണ്ടായില്ല. ആസ്പത്രിയിലേയ്ക്ക്, ബേബിയേയും തോമാച്ചേട്ടനെയും വഹിച്ചുകൊണ്ട് കാർ പാഞ്ഞുപോയി. എന്നാൽ ആ ബാലന്റെ ആത്മാവ് നിത്യപിതാവിന്റെ ഭവനത്തിൽ എത്തിച്ചേർന്നുവെന്ന് ആരറിയുന്നു!

*                    *                    *

രജനിയുടെ അന്ധകാരയവനിക പ്രപഞ്ചത്തെ ആവരണംചെയ്തുകഴിഞ്ഞു. നയനങ്ങൾക്കു കുളുർമ്മയും ഹൃദയത്തിൽ ആനന്ദവും നല്കുന്ന പൂനിലാവ് തൂകിക്കൊണ്ട്, അമ്പിളി അംബരത്തിൽ ആഗതയായി...... എന്നിട്ടും ഓമന ആ മല്ലിച്ചുവട്ടിൽ ചിന്താവിഷ്ടയായി ഇരിക്കുകയാണ്. ലോകത്തിനു സംഭവിച്ചുകഴിഞ്ഞ മാററങ്ങളൊന്നും അറിയാതെ, അവൾ കേവലം സങ്കല്പലോകത്തു വിഹരിക്കുകയായിരുന്നു.

തോളിൽ കരസ്പർശമേററപ്പോൾ അവൾ പെട്ടെന്ന് ഞെട്ടിത്തിരിഞ്ഞു നോക്കി. പുഞ്ചിരിച്ചുകൊണ്ട് സിസ്റ്റർ കാസിൽഡ പിറകിൽ നില്ക്കുന്നു. പെട്ടെന്നവൾക്ക് തന്റെ സ്ഥിതിയെപ്പററി ഓർമ്മവന്നു. ഒരു തേങ്ങൽ അവളിൽനിന്നും ഉയർന്നു.

സിസ്റ്റർ അവളെ ഇരുകൈകൾകൊണ്ട് അരികിലേയ്ക്കടുപ്പിച്ചുകൊണ്ടു പറഞ്ഞു: "കരയാതിരിക്കു, ഓമനേ." ആ സ്വരത്തിൽ വിഷാദം കലർന്നിരുന്നു. അതു് അവളെ കൂടുതൽ ദുഃഖമഗ്നയാക്കിത്തീർത്തു. പൊട്ടിക്കരഞ്ഞുകൊണ്ടവൾ സിസ്റ്ററിന്റെ മാറിലേയ്ക്കു ചാഞ്ഞു.

ഉത്തണുകഴിച്ച്, കിടക്കയിൽ കിടന്നപ്പോൾ ഓമനയുടെ കരളിൽ വേദന അലയടിച്ചുയരുകയായിരുന്നു. ബേബിച്ചേട്ടനു് തന്നോട് ശകലം സ്നേഹം ഉണ്ടായിരുന്നെങ്കിൽ വന്നേനെ. നാളെ ക്രിസ്തുമസ്സാണ്. ആറ്റൂരോദോന്മത്തരായ ബാലികാബാലന്മാർ കമ്പിത്തിരി കത്തിക്കുകയും പടക്കം പൊട്ടിക്കുകയും ചെയ്യുന്നു. അപ്രകാരം വർണ്ണോജ്ജ്വലമായ ഒരു കാഴ്ചയെ സ്വപ്നംകണ്ടുകൊണ്ട് അവൾ നിദ്രാദേവിയുടെ ആലിംഗനത്തിലമർന്നു.

"ഓമനേ!" സിസ്റ്റർ കാസിൽഡായുടെ വിളി കേട്ടുകൊണ്ടാണ് അവൾ ഉണർന്നതു്. കണ്ണു തുറന്നു നോക്കിയപ്പോൾ സ്വപ്നലോകത്താണെന്നു തോന്നിപ്പോയി. മുന്നിൽ സിസ്റ്ററും, ഓമനയുടപ്പച്ചനും നില്ക്കുന്നു. അവൾ കണ്ണു തിരുമ്മി വീണ്ടുംവീണ്ടും നോക്കി. ശരിയാണ്... ..അവൾ പുറത്തേയ്ക്കു നോക്കി. കൂരാക്കൂരിരുട്ടിൽ ഒന്നും വ്യക്തമായി കണ്ടുകൂടാ. "മോളെ, ഓമനേ, വേഗം–വരു!...." അപ്പച്ചൻ വിളിച്ചു. സിസ്റ്റർ കാസിൽഡായുടെ അനുമതിയോടുകൂടി അവൾ ഡ്രസ്സു മാറി, കാറിൽക്കയറി. കാറ് ചീറിപ്പാഞ്ഞു. പട്ടണത്തിൽ ഒരു വലിയ കെട്ടിടത്തിനു മുമ്പിൽ കാറു നിറുത്തിയപ്പോൾ, ഓമന ചോദിച്ചു: "ഇതെന്താണപ്പച്ചാ? നമ്മള് വീട്ടിലേയ്ക്കല്ലേ പോണതു്? ഇവിടെന്താണ്?"

അപ്പച്ചൻ ഒന്നും മിണ്ടിയില്ല. അപ്പച്ചന്റെ പിന്നാലെ മൂകയായി അവൾ നടന്നു. വൈദ്യുതദീപങ്ങളുടെ പ്രകാശധോരണിയിലൂടെ അവർ ആ കെട്ടിടത്തിന്റെ മൂന്നാംനിലയിലെത്തി. അവിടെ ഓരോ കിടക്കയിലും ഓരോരുത്തർ മൂടിപ്പുതച്ചു കിടക്കുന്നുണ്ട്. അപ്പോഴാണ് ഓമനയ്ക്കു മനസ്സിലായതു്, അതു് ആസ്പത്രിയാണെന്ന്. അവൾക്കാകെ പരിഭ്രമമായി. ഈ രാത്രിയിൽ ആരെ കാണാനാ അപ്പച്ചൻ പോണെ?

മൂകനായി, നമ്രശിരസ്കനായി നടന്ന്, ഓമനയുടപ്പച്ചൻ ഒരു കട്ടിലിനരികെയെത്തി, അവിടെ നിചകൊണ്ടു. അവൾ അങ്ങോട്ടു നോക്കി. ആരോ ഒരാളെ ശിരസ്സുമുതൽ പാദംവരെ കറുത്ത തുണികൊണ്ടു മൂടിയിട്ടിരിക്കുന്നു. "ഇതാരാണപ്പച്ചാ?" ഓമന ചോദിച്ചു. തോമാച്ചേട്ടൻ ആ മുഖത്തുനിന്നും തുണി മാററി.

"ബേബിച്ചേട്ടാ!" എന്നു പറഞ്ഞുകൊണ്ട് അവൾ പൊട്ടിക്കരഞ്ഞു. അവൾ വീഴാതിരിക്കാൻ അടുത്തുനിന്ന നേഴ്സ് അവളെ താങ്ങി. ബേബിയുടെ മൃതദേഹം കാറിലേയ്ക്ക് നീക്കംചെയ്യപ്പെട്ടു. ഓമനയേയും അപ്പച്ചനേയും ബേബിയുടെ മൃതദേഹത്തേയും വഹിച്ചുകൊണ്ട് ആ കാർ കോൺക്രീററിട്ട റോഡിലൂടെ ഇരമ്പിപ്പാഞ്ഞു. തന്റെ ബേബിച്ചേട്ടന്റെ മൃതദേഹത്തെ കെട്ടിപ്പിടിച്ചുകൊണ്ട് ഓമന തേങ്ങിക്കരഞ്ഞു. കുളിരണിഞ്ഞ ആ പാതിരാത്രിയിൽ, ലോകരെല്ലാം നിദ്രാദേവിയുടെ മടിത്തട്ടിൽ മയങ്ങിക്കിടക്കുമ്പോൾ, രണ്ടു മനുഷ്യാത്മാക്കൾ മാത്രം ഉണർന്നിരുന്ന് മൂകമായി കരയുന്നു. അടുത്തുള്ള ഒരു ദേവാലയത്തിൽനിന്ന് പാതിരാക്കുർബ്ബാനയ്ക്കുള്ള ആദ്യത്തെ മണിനാദം മുഴങ്ങി. ഓമനയുടെ അധരങ്ങൾ മന്ത്രിച്ചു: "നാളെ ക്രിസ്തുമസ്സാണ്".

★

# വിശുദ്ധ മരിയാ ഗൊരേററി

— മിസ്സ് കെ. ഏ. മേരിക്കുട്ടി ബി. ഏ. —

(Prefect, Staff Sodality, St. Joseph's H. S. Alleppey)

തിരുസഭാതരുവിൽ വിടർന്നു വിലസുന്ന അനേകം പുണ്യപുഷ്പങ്ങൾ ഉണ്ട്. അവരിൽ ഭൂരിഭാഗവും നിരന്തരമായ അഭ്യാസത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പാതയിൽക്കൂടി സഞ്ചരിച്ച് പുണ്യപദവിയിൽ എത്തിയവരാണ്. സ്നേഹത്തിന്റേതും ത്യാഗത്തിന്റേതുമായ സുദീർഘമായ ഒരു ചരിത്രംതന്നെ അവരുടെ ജീവിതത്തിന്റെ പിന്നിൽ ഉണ്ട്. എന്നാൽ അവരിൽനിന്നും തികച്ചും വിഭിന്നമായ രീതിയിൽ രക്തസാക്ഷിമകുടം ചൂടിയ ഒരു പുണ്യവതിയാണ് വിശുദ്ധ മരിയ ഗൊരേററി. ആരുമാരും അറിയാതെയും ശ്രദ്ധിക്കാതെയും ഇരുന്ന ഒരു കാട്ടുപൂവായിരുന്നു അവൾ. കുപ്പയിൽ കിടന്ന ആ രത്നം പ്രകാശിക്കേണ്ട സമയം വന്നപ്പോൾ മാണിക്യക്കല്ലുപോലെ തെളിഞ്ഞു മിന്നി. ആ പ്രകാശം ലോകത്തിലുള്ള അനേകകോടി ക്രൈസ്തവരുടെ ഇടയിൽ മാത്രമല്ല മാനവരാശിയുടെ മുഴുവൻ ഹൃദയത്തിൽ വെളിച്ചം വീശുന്നുണ്ട്. കോതമ്പുചെടിയുടെ ചുവട്ടിൽ മുളച്ച ആ പുൽക്കൊടി ശരദഭ്രവീഥിയിൽ ഉല്ലസിക്കുന്ന ഒരു വെള്ളിനക്ഷത്രമായി ഇന്നു ശോഭിക്കുന്നു. ആ കാട്ടുപൂവ് എത്രമാത്രം സൗരഭ്യം ചൊരിഞ്ഞുവെന്ന് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അവളെ രക്തസാക്ഷിണിയും വിശുദ്ധയുമായി പേരുവിളിച്ചപ്പോൾ മാത്രമേ ലോകം അറിഞ്ഞുള്ളു.

കേവലം ഒരു ഗ്രാമീണകൃഷീവലന്റെ മകളായി ജനിച്ചു. ആദർശധീരതയും ആത്മധൈര്യവും ലഭിക്കാനായി, വിദ്യാഭ്യാസത്തിന്റെ പ്രാഥമിക പടിയിൽപ്പോലും ചവിട്ടാൻ അവൾക്കു കഴിഞ്ഞില്ല. ചെറുപ്പത്തിൽത്തന്നെ വേദനിക്കുന്ന പരമാർത്ഥങ്ങളുമായി മാത്രം ഏററുമുട്ടി. ആ കുടുംബത്തിന്റെ താങ്ങും തണലുമായിരുന്ന അവളുടെ പിതാവു മരിച്ചതോടെ ആ കുടുംബം തികച്ചും അനാഥാവസ്ഥയിലായി. ജീവിതത്തിൽ കൈമുതലായി അവൾക്ക് ഒന്നും ഉണ്ടായിരുന്നില്ല. പക്ഷേ ഒന്നുണ്ടായിരുന്നു: പാപത്തേക്കാൾ നല്ലത് മരണം എന്നുള്ള ഉറച്ച ഒരു തീരുമാനം. വിശാലമായ ലോകം എന്തെന്ന് അവൾ കണ്ടിട്ടില്ല. കപടലോകത്തിന്റെ കറുത്തിരുണ്ട വശങ്ങൾ എന്താണെന്ന് അവൾ മനസ്സിലാക്കിയിരുന്നില്ല. പക്ഷേ ഒന്നുമാത്രം അറിയാമായിരുന്നു. പാപം ചെയ്യുന്നതിനേക്കാൾ നല്ലതു മരിക്കുകയാണെന്ന്. കേവലം അടുക്കളയുടെ മൂലയിൽ അനുദിനജാലികൾ ചെയ്തു ജീവിക്കുന്ന അവൾക്ക് മററു പുണ്യവാന്മാർ സഞ്ചരിച്ചതിനേക്കാൾ വൈവിദ്ധ്യപൂർണ്ണമായ ഒരു പാതയിൽക്കൂടി സഞ്ചരിക്കേണ്ടിവന്നു. മററുള്ളവരുടേതിൽനിന്നും ഭിന്നമായ ഒരു സാഹചര്യം അവൾക്കു അഭിമുഖമായി വന്നുനിന്നു. എന്നിട്ടും അവൾ വിജയം വരിച്ചു. നോക്കണം; കേവലം പന്ത്രണ്ട് വയസ്സ്! ജീവിതത്തിന്റെ പ്രഭാതം വന്നെത്തിനോക്കിയതേയുള്ളു. കിനാവുകൾ നെയ്തെടുക്കുവാനുള്ള സമയം; സുന്ദരങ്ങളായ വികാരങ്ങൾക്കും പ്രതീക്ഷകൾക്കും നിറംകൊടുക്കുവാൻ ഹൃദയം വെമ്പുന്ന നേരം; "കാണുന്നതൊക്കെ കവിതയും ജീവിതം കാനനപ്പച്ചയുമായി'' കാണേണ്ട അവസരം; താരുണ്യം തളിരിടുമ്പോൾ സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനും ഏതു ഹൃദയവും ദാഹിച്ചുപോകും. അപ്പോൾ സുന്ദരങ്ങളായ വാഗ്ദാനങ്ങളുമായി ആരെങ്കിലും ആങ്ങോട്ടു കടന്നുവന്നാൽ ഏതു സ്ത്രീഹൃദയമാണിളകാത്തതു്? തൊട്ടടുത്ത് സ്നേഹത്തിന്റെ പേരും പറഞ്ഞു കാമാന്ധനായി അവളെ തേരിലേററുവാൻ സന്നദ്ധനെന്നവണ്ണം ഒരു യുവാവ് നില്ക്കുന്നു. ഈ അവസരത്തിൽ വിടരാൻ കൊതിച്ചുനില്ക്കുന്ന ഏതൊരു യുവതിയാണ് വികാരത്തിനടിമപ്പെടാത്തതു്? പക്വമതികൾപോലും സന്ദേഹിക്കുന്ന സാഹചര്യം. ആ പുതുപൂവിന് ഒരുപക്ഷേ അലക്സിനെപ്പററിയുള്ള സ്മരണകൾതന്നെ ശരീരത്തെ കോരിത്തരിപ്പിക്കുകയും ഹൃദയത്തെ ഇക്കിളിപ്പെടുത്തുകയും ചെയ്യേണ്ടതായിരുന്നു.

"പക്ഷേ സംഭവിച്ചതോ, നേരെമറിച്ചും. അലക്സാണ്ടറെപ്പററിയുള്ള ഓർമ്മകൾ അവൾക്ക് എപ്പോഴും ഒരു പേടിസ്വപ്നമായിരുന്നു. പാപത്തിലേയ്ക്കുള്ള വാതിലുകൾ അവളുടെ മുമ്പിൽ മലക്കെ തുറന്നിട്ടിരുന്നു. അവൾ കൺകോണുകളൊന്നു ചലിപ്പിച്ചിരുന്നെങ്കിൽ മരിയയുടെ മാദകമായ സൗന്ദര്യത്തിൽ മതിമറന്നു നടക്കുന്ന ആ മധുപന് അവളുടെ സൗന്ദര്യം ആവോളം ആസ്വദിക്കാമായിരുന്നു. പക്ഷേ സ്വന്തം ഹൃദയരക്തം ഊററിക്കൊടുത്താണ് അവന്റെ ദാഹം ശമിപ്പിച്ചതു്. ആ വെള്ളവസ്ത്രത്തിൽ കറ പുരട്ടുവാൻ അവന്റെ വശ്യമായ പുഞ്ചിരിക്കോ മാധുര്യമേറിയ വാക്കുകൾക്കോ കഴിഞ്ഞില്ല, എല്ലാ സാഹചര്യങ്ങളും അനുകൂലമായിരുന്നിട്ടും ചുററുപാടും വിഷം വമിക്കുന്ന മുള്ളുകളുള്ളപ്പോൾ അവയുടെ നടുവിൽനിന്നു പൊരുതി ജയിക്കുക. അതാണു മരിയ ചെയ്തതു്. അവിടെയാണു വിജയപതാക ഉയർത്തേണ്ടതു്.

അവൾ തികച്ചും കളങ്കമില്ലാത്തവളായിരുന്നു. സ്വന്തം ചാരിത്ര്യത്തെ മുറിപ്പെടുത്തുവാൻ ഇഷ്ടപ്പെടാ

ത്ത അവൾ അന്യരുടെ അഭിമാനത്തേ മുറിപ്പെടുത്തുവാനും ആഗ്രഹിച്ചില്ല. അലക്സിൻെറ ശല്യം അസഹ്യമായപ്പോൾ സാധാരണഗതിയിൽ ആരാണെങ്കിലും തൻെറ അമ്മയോട്ട് ആ കാര്യം പറയുമായിരുന്നു, അവൻെറ മ്ലേച്ഛത മററുള്ളവരുടെ മുമ്പിൽ പരസ്യപ്പെടുത്തുവാൻ ഒരിക്കലും ആഗ്രഹിക്കാതെ വിശ്വാസത്തോടെ പ്രാൎത്ഥിച്ച് അവനെ മാനസാന്തരപ്പെടുത്താമെന്ന് ആ ശുദ്ധഹൃദയ കരുതിയിരിക്കണം. എന്നാൽ കാമഭ്രാന്തു പിടിച്ച ആ കശ്മലനുണ്ടോ ആ പനിനീർപ്പൂവിൻെറ പവിത്രത മനസ്സിലാകുന്നു! തൻെറ തേനോലുന്ന വാക്കുകൾക്കൊന്നും അവളെ വശഗയാക്കാൻ സാദ്ധ്യമല്ലെന്നറിഞ്ഞ അവൻ ഭീഷണിപ്പെടുത്താൻതന്നെ തീരുമാനിച്ചു. മിന്നിത്തിളങ്ങുന്ന കഠാരിയുമായി അവൻ ചോദിച്ചു: "മരിയാ, നീ ഇതു സമ്മതിക്കുമോ?" "ഇല്ല അലക്സാണ്ടർ; ഇതു പാപമാണു"." അവൾക്ക് ആദ്യമായും അവസാനമായും അതു മാത്രമേ പറയുവാനുണ്ടായിരുന്നുള്ളു. അവളുടെ ശരീരത്തിൽ 14 മുറിവുകൾ ഏററു, എന്നാൽ അവളുടെ ചാരിത്രത്തെ മുറിപ്പെടുത്തുന്ന കാര്യത്തിൽ പന്ത്രണ്ടിഞ്ചു നീളമുള്ള ആ കഠാരി പരാജയപ്പെട്ടുപോയി. എന്തൊരു ധീരത! എന്തൊരു വിശ്വാസദാർഢ്യം! എന്തൊരു ഉറച്ച ആദർശനിഷ്ഠ!

അവിടംകൊണ്ടും അവസാനിക്കുന്നില്ല. പശ്ചാത്താപലേശമില്ലാതെ ജയിലിൽ കിടന്നിരുന്ന അലക്സാണ്ടറെ സ്നേഹത്തിൻെറ ലില്ലിപ്പൂക്കളുമായി സമീപിച്ച് അവനെ മാനസാന്തരപ്പെടുത്തി. ജീവിച്ചിരുന്നപ്പോൾ സാധിക്കാത്ത ഒന്ന് മരണംകൊണ്ട് അവൾ നേടിയെടുത്തു.

ഇവിടെ നാം ഏററം ബഹുമാനിക്കേണ്ടതു് ആ ബാലികയുടെ ആത്മധൈര്യമാണ്. ഉയൎത്തിപ്പിടിച്ച കഠാരിയുടെ മുന്നിൽ വിറച്ചു വീഴാത്ത സ്ത്രീകൾ എത്ര പേരുണ്ട്? ആ ചെറിയ പെൺകൊടി അവസാനംവരെയും അചഞ്ചലയായി നിന്നു. ഝാൻസിറാണിയെപ്പോലും പരാജയപ്പെടുത്തുന്ന ആ ധീരതയെ എത്രമാത്രം പുകഴ്ത്തിയാലും അധികമാവുകയില്ല. അശരണയായ അവൾക്ക് ഈ ആത്മധൈര്യം എങ്ങനെ ലഭിച്ചു? ക്രിസ്തുവിൻെറ സ്നേഹാഗ്നിജ്വാലയിൽനിന്നും കൊളുത്തിയ കൈത്തിരികൾ മാത്രമേ പ്രലോഭനങ്ങളെ അതിജീവിച്ച് ഇങ്ങനെ അണയാതെ പ്രകാശിക്കുകയുള്ളൂ. ആരാരും അറിയാതെ കഴിഞ്ഞിരുന്ന ആ കാട്ടുപൂവ് നമ്മുടെ അമ്മയായ പ. കന്യകാമറിയത്തിൻെറ കരങ്ങളിൽ സുരക്ഷിതയായിരുന്നു. കാററും കോളും ഉണ്ടായിട്ടും ഇളകിമറിയാതെ കാത്തതു് ശക്തങ്ങളായ ആ കരങ്ങൾ മാത്രമാണ്. ചാരിത്രം സംരക്ഷിക്കുവാൻവേണ്ടി ജീവൻപൊടിയാനുള്ള മനക്കരുത്ത് ശുദ്ധതയുടെ കലവറയായ പ. അമ്മവഴി അല്ലാതെ ആൎക്കും ലഭിക്കുകയില്ല.

ആ അമ്മയുടെ ചൈതന്യം സൊഡാലിററിവഴിയായി അമ്മതന്നെ നമുക്കോരോരുത്തൎക്കും പ്രദാനംചെയ്യട്ടെ.




ഒന്നിച്ച് വേലയെടുക്കുക, ഒന്നിച്ചണിനിരക്കുക

ഒന്നിച്ച് വേലയെടുക്കാനും ഒന്നിച്ചണിനിരക്കാനും ഉള്ള ജനതയുടെ കഴിവിലും അവരുടെ അച്ചടക്കത്തിലും ആണ് ഒരു രാഷ്ട്രത്തിൻെറ ശക്തി കുടികൊള്ളുന്നതു്.

നമ്മുടെ സ്വാതന്ത്ര്യത്തിന്നെതിരായ ഭീഷണിയെ നേരിടാനുള്ള ഏകമാൎഗ്ഗം ഐക്യവും ഏകോപിച്ചുള്ള പ്രവൎത്തനവും ആകുന്നു. ഐക്യം പാലിക്കുവിൻ, കഠിനമായി അദ്ധ്വാനിക്കുവിൻ.

ഇന്ത്യയുടെ പ്രതിരോധത്തെ കരുത്തുററതാക്കുവിൻ

# സൊഡാലിററി ഒപ്പീസ്

റവ: ഫാദർ മങ്കുഴിക്കരി

## മൂന്നാം യാമം

സൊഡാലിററി ഒപ്പീസിൻെറ മൂന്നാം യാമത്തിലെ കീത്തനങ്ങളിൽ മാതാവിൻെറ അമലോത്ഭവത്തെ പ്രത്യേകമായി സ്തുതിക്കുന്നു. അതിനായി ദൈവത്തിൻെറ പ്രത്യേകാനുഗ്രഹങ്ങളുടെ ലക്ഷ്യമായി പഴയ നിയമത്തിൽ പ്രകീത്തിച്ചിട്ടുള്ള ചില പാവനവസ്തുക്കളുടെ മദ്ധ്യത്തിൽ പരി. കന്യകയെ പ്രതിഷ്ഠിച്ചുകൊണ്ട് അവിടുത്തേയ്ക്കുള്ള ഉപരിയായ മഹത്വം വ്യക്തമാക്കിയിരിക്കുന്നു.

ആദ്യമായി വാഗ്ദാനപേടകമെന്നു മാതാവിനെ സ്തുതിക്കുന്നു. ദൈവം സ്വജനമായ ഇസ്രായേലിനോട് ചെയ്ത വാഗ്ദാനങ്ങളുടെ അടയാളമായി മനോഹരമായി നിമ്മിച്ച്, മന്ന തുടങ്ങിയ വിശിഷ്ടസാധനങ്ങൾ സൂക്ഷിച്ചിരുന്ന വാഗ്ദാനപേടകത്തേക്കാൾ എത്രയോ ശ്രേഷ്ഠമാണ്, പറുദീസായിൽവെച്ച് വാഗ്ദാനംചെയ്യപ്പെട്ട രക്ഷയുടെ ലക്ഷ്യമായ ദൈവമാതാവിൻെറ സ്ഥാനം! സ്വർഗ്ഗത്തിൽനിന്നുള്ള ജീവൻെറ അപ്പമായ ഈശോ ജനിച്ചതും ഒമ്പതു മാസം വസിച്ചതും ഈ സ്വജീവപേടകത്തിലാണല്ലോ. മാതാവിൻെറ അമലോത്ഭവം ഈ മഹാഭാഗ്യത്തിന് അടിസ്ഥാനമായി നില്ക്കുന്നു. വി. കുർബ്ബാനസ്വീകരണംവഴി ഈശോയുടെ വാസസ്ഥാനമായിത്തീരുന്നതിനു മുമ്പും പിമ്പും വാഗ്ദാനപേടകമായ പരി. അമ്മയുടെ സഹായം പ്രാത്ഥിക്കുവാൻ സഖ്യാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കട്ടെ.

സ്ലീമോൻെറ സിംഹാസനം എന്നു മാതാവിനെ അഭിസംബോധനചെയ്യുന്നതു് അത്ഥവത്തായിരിക്കുന്നു. ദന്തംകൊണ്ടുണ്ടാക്കി ശുദ്ധസ്വർണ്ണംകൊണ്ടു പൊതിഞ്ഞു് ഏററം ഭംഗിയായി സജ്ജീകരിച്ച ആ വിശിഷ്ടാസനത്തിലിരുന്ന് ദാവീദിൻെറ പുത്രനായ വിജ്ഞാനിയായ സ്ലീമോൻ രാജാവ് രാജ്യഭരണം നടത്തിയിരുന്നു. ദാവീദിൻെറ സന്താനംതന്നെയായി ജനിച്ച രാജാധിരാജനായ മിശിഹായ്ക്കു ദൈവഭവനമായി ലഭിച്ച മഹനീയ സിംഹാസനമായിരുന്നല്ലോ പരി. മറിയം. പാപരഹിതയായി ജനിച്ച് പ്രസാദവരപൂണ്ണയായി ഭവിച്ച അവൾ നമ്മളേയും ദിവ്യരക്ഷകനു യോജിച്ച സിംഹാസനങ്ങളായി സൂക്ഷിക്കണേ എന്നു പ്രാത്ഥിക്കാം.

ജലപ്രളയത്തിൻെറ അവസാനത്തിൽ ദൈവം പ്രത്യക്ഷനായി, ഇനി വെള്ളംകൊണ്ടു ലോകത്തെ നശിപ്പിക്കുകയില്ലെന്ന് വാഗ്ദാനംചെയ്യുകയും അതിനു ലക്ഷ്യമായി മഴവില്ലിനെ നിദ്ദേശിക്കുകയും ചെയ്തു. എന്നാൽ ഇതിനേക്കാൾ എത്രയോ മഹത്തായ വാഗ്ദാനത്തിനാണ് പരി. കന്യകവഴി ദൈവം നമുക്ക് ഉറപ്പുതന്നിട്ടുള്ളതു്! അമലമനോഹരിയായ സ്വർഗ്ഗരാജ്ഞിയെ ദശിച്ചുകൊണ്ട് ലോകത്തിന് എന്നേയ്ക്കുമായി ലഭിച്ചിരിക്കുന്ന രക്ഷയെപ്പററി നമുക്ക് ആനന്ദപൂവ്വം ചിന്തിക്കാം.

മരുഭൂമിയിൽ മൂശ കണ്ട അത്ഭുതകരമായ ഒരു മുൾച്ചെടിയെപ്പററി പുറപ്പാടിൻെറ പുസ്തകം മൂന്നാമദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ മുൾപ്പടർപ്പിനുള്ളിൽ തീ കത്തിക്കാളിയിരുന്നെങ്കിലും അതു് അല്പംപോലും ദഹിച്ചിരുന്നില്ല, മാത്രമല്ല അതിൻെറ മദ്ധ്യത്തിൽ ദൈവം പ്രത്യക്ഷപ്പെടുകയും ചെയ്തു. പാപം നിറഞ്ഞ ലോകത്തിൻെറ മദ്ധ്യത്തിൽ ദൈവസ്നേഹാഗ്നിയാൽ ഉജ്ജ്വലിച്ച മറിയം ഈ അത്ഭുതകരമായ മുൾച്ചെടിയേക്കാൾ ശ്രേഷ്ഠയായിരിക്കുന്നു. ഉൽക്കടമായ ഈ ദൈവസ്നേഹാഗ്നിയാൽ അവളുടെ ശരീരം ദഹിച്ചുപോകാതെ ദൈവം സൂക്ഷിച്ചുവെന്നു മാത്രമല്ല അവളിലൂടെ ദൈവപുത്രൻ നമുക്ക് പ്രത്യക്ഷനാവുകയുംചെയ്തിരിക്കുന്നു. ദൈവസ്നേഹത്തിൽ നമ്മളും വളന്നുവന്ന് ക്രിസ്തുനാഥൻെറ ദൗത്യംവഹിക്കുവാൻ സന്നദ്ധരാകേണ്ടയോ?

അഹറോൻെറ പുഷ്പിച്ച വടിയോടു പരി. മറിയം സാദൃശ്യപ്പെടുന്നു. അദ്ദേഹത്തിൻെറ പൗരോഹിത്യത്തിന് ഉറപ്പു നല്കുവാനായി ദൈവം ഒരത്ഭുതം ചെയ്തുകൊണ്ട് ആ വടി പൂക്കുവാനും കായ്ക്കുവാനും ഇടയാക്കി. ഇതുപോലെ നിത്യപുരോഹിതനായ ഈശോയുടെ ആഗമനത്തിന് അടയാളമായി പരി. കന്യകയെ ദൈവം നമുക്കു തന്നിരിക്കുന്നു. "കന്യക ഗഭം ധരിച്ച് പുത്രനെ പ്രസവിക്കും" എന്ന ദീഘദശനമനുസരിച്ച് മറിയത്തിൻെറ മാതൃത്വത്തിൽ കന്യാത്വസൂമം വികസിച്ചു നില്ക്കുകയും ഈശോ അവളുടെ ഉദരഫലമായി പ്രത്യക്ഷപ്പെടുകയും ചെയ്തു. അങ്ങനെ മറിയം നിത്യപുരോഹിതനായ ഈശോയുടെ പുഷ്പിച്ച വടിയായി പരിലസിക്കുന്നു. മരിയമക്കൾ ഈ അത്ഭുതമാതൃകയെ ആലംബമാക്കിക്കൊണ്ട് അവരുടെ ദൈവവിളിയെപ്പററി ചിന്തിക്കുകയും തീരുമാനിക്കുകയും ചെയ്യട്ടെ. അതിനായി ഒരു നിയോഗം ഒപ്പീസ് ചൊല്ലുമ്പോൾ വയ്ക്കുന്നതു് ആശാസ്യമായിരിക്കും. മേദിയാക്കാരിൽനിന്ന് ഇസ്രായേലിനെ രക്ഷിക്കുവാനായി ദൈവം ഗദയോനെ നിയോഗിച്ചു. ഈ ദിവ്യദൗത്യത്തെപ്പററി ഉറപ്പു കിട്ടുവാനായി അദ്ദേഹം ദൈവത്തിൽനിന്ന്

ആട്ടിൻരോമം സംബന്ധിച്ച് രണ്ട് അടയാളം ആവശ്യപ്പെട്ടു. അതുപോലെ നടക്കുകയും ചെയ്തു. ഗെദയോൻ നിലത്തു വിരിച്ചിരുന്ന ആട്ടിൻരോമം മഞ്ഞുകൊണ്ട് നനയുകയും നിലം ഉണങ്ങിയിരിക്കുകയും ചെയ്തു. രണ്ടാമതായി ആട്ടിൻരോമം മഞ്ഞുകൊണ്ട് നനയാതെയും നിലം നനഞ്ഞും കാണപ്പെട്ടു. ഈ അത്ഭുതങ്ങൾ വഴി ധൈര്യം പ്രാപിച്ചുകൊണ്ട് ഗെദെയോൻ യുദ്ധം നടത്തുകയും ഇസ്രായേലിനെ സ്വതന്ത്രമാക്കുകയും ചെയ്തു. ഗെദയോന്റെ ആട്ടിൻരോമംപോലെ പരി. മറിയം നമ്മുടെ രക്ഷയുടെ അടയാളമാകുന്നു. ലോകം മുഴുവൻ പാപംകൊണ്ടു നനഞ്ഞിരിക്കെ മറിയംമാത്രം പാപരഹിതയായിരിക്കുന്നു. സകലരും പ്രസാദവരരഹിതരായി ഉണങ്ങിയിരിക്കെ മാതാവ് പ്രസാദവരപൂൎണ്ണയായിരിക്കുന്നു. അങ്ങനെ ദൈവമക്കളുടെ വിജയചിഹ്നമായി അവിടന്നു വിരാജിക്കുന്നു.

പരി. മറിയം ദൈവത്തിന്റെ പൂട്ടപ്പെട്ട വാതിലാകുന്നു. ദൈവപുത്രൻ ലോകത്തിലേയ്ക്കു പ്രവേശിക്കുവാനായി പ്രത്യേകം സജ്ജീകരിക്കുവാൻ വേണ്ടി അവളെ പാപരഹിതയായും നിത്യകന്യകയായും സൂക്ഷിച്ചു. ഇന്നും മറിയം ദൈവികപ്രവൎത്തനങ്ങളുടെ വാതിലും വഴിയുമായി സ്ഥിതിചെയ്യുന്നു.

സാംസന്റെ തേൻകൂടെന്ന അപരനാമം മാതാവിനു് അനുയോജ്യമത്രെ. ഇസ്രായേലിനെ ശത്രുക്കളിൽനിന്നു രക്ഷിക്കുവാനായി ദൈവം സാംസനു് അത്ഭുതകരമായ കായബലം നല്കി. ഒരു ദിവസം വഴിമദ്ധ്യേ ഒരു സിംഹം ഈ ബലവാനെ എതിൎത്തു. എന്നാൽ അദ്ദേഹം അതിനെ നിഷ്പ്രയാസം വലിച്ചുകീറി ദൂരെ എറിഞ്ഞു. കുറെ ദിവസങ്ങൾക്കുശേഷം അദ്ദേഹം ആ വഴി പോകുമ്പോൾ അവിടെ ചത്തുകിടന്ന സിംഹത്തിന്റെ വായിൽ തേനീച്ചകൾ കൂടുണ്ടാക്കി തേൻ ശേഖരിച്ചിരിക്കുന്നതായി കണ്ടു. അദ്ദേഹം ആ തേൻ എടുത്തു ഭക്ഷിക്കുകയും തന്റെ മാതാപിതാക്കന്മാൎക്ക് കൊടുക്കുകയും ചെയ്തു. ഈ സംഭവം ഒരു കടംകഥയാക്കി സാംസൻ ഫിലിസ്ത്യയുവാക്കന്മാരോട് ഇങ്ങനെ ചോദിച്ചു: "ഭോക്താവിൽനിന്നു ഭോജനവും മല്ലനിൽനിന്നു മാധുൎയ്യവും ഉണ്ടായി." എല്ലാവരേയും ഉത്തരം മുട്ടിപ്പിച്ച ഈ കടംകഥ പ്രസിദ്ധമായതോടെ സാംസന്റെ തേൻകൂട്ടം പ്രശസ്തിയാൎജ്ജിച്ചു.

സിംഹക്കുട്ടി എന്ന അപരനാമം നല്കപ്പെട്ടിരുന്ന യൂദായുടെ വംശത്തിലാണല്ലോ പരി. മറിയം ജനിച്ചതു്. സിംഹസദൃശമായിരുന്ന യൂദവംശം ആത്മികമായി മൃതിയടഞ്ഞുപോയി. പരി. കന്യകയാകട്ടെ ചത്തുകിടന്ന സിംഹത്തിന്റെ വായിലെ തേൻകൂട്ടംപോലെ മാധുൎയ്യപൂൎണ്ണയായി യൂദവംശത്തിൽ ആവിർഭവിച്ചു. ലോകം ഉത്തരം കണ്ടുപിടിക്കുവാൻ വിഷമിക്കുന്ന ഒരു പ്രശ്നമായി മാതാവിന്റെ അമലോത്ഭവം സ്ഥിതിചെയ്യുന്നു. എന്നാൽ നമുക്കതു് "സൎവ്വശക്തനിൽനിന്നു പുറപ്പെട്ട മാധുൎയ്യ"മായി അനുഭവപ്പെടുകയും ചെയ്യുന്നു.

ദൈവപുത്രൻ തന്റെ മാതാവായി സ്വീകരിച്ചവളെ ആദിപാപത്തിൽനിന്നു കാത്തുരക്ഷിച്ചതു് തികച്ചും യുക്തമായിരിക്കുന്നു എന്ന അഭിനന്ദനത്തോടെയാണ് ഈ കീൎത്തനം അവസാനിപ്പിക്കുന്നതു്. ഒടുവിൽ മാതാവിന്റേതായി ഇങ്ങനെ രണ്ടുൽബോധനം നമുക്കു് നല്കുന്നു: "ഞാൻ അത്യുന്നതങ്ങളിൽ വസിക്കുന്നു; എന്റെ സിംഹാസനം മേഘത്തൂണിന്മേലാകുന്നു." സ്വൎഗ്ഗത്തിൽ വാഴുന്ന അവിടുന്നു്, പ്രകാശമാനമായ ഒരു മേഘസ്തംഭം പണ്ടു് ഇസ്രായേൽക്കാരെ വാഗ്ദാനദേശത്തേയ്ക്കു നയിച്ചതുപോലെ നമ്മെ നിത്യഭാഗ്യത്തിലേയ്ക്കു് ആഹ്വാനം ചെയ്യുന്നു. നമുക്കു് അവിടുത്തെ അനുഗമിക്കാം.

*

അച്ഛൻ: "മോനേ, നീ രണ്ടു കൊല്ലമായല്ലോ തോല്ക്കുന്നതു്. ഇക്കൊല്ലം നീ ജയിച്ചാൽ ഞാനൊരു സൈക്കിൾ വാങ്ങിത്തരാം."

രണ്ടു ദിവസം കഴിഞ്ഞു് അച്ഛൻ വീണ്ടും മകനോടു്: "എടാ ചെറുക്കാ, നീ ഒന്നും പഠിക്കുന്നകാണുന്നില്ലല്ലോ. പിന്നെങ്ങനെയാ സൈക്കിൾ കിട്ടുന്നതു്?"

മകൻ: "അച്ഛാ, ഞാനിപ്പോൾ സൈക്കിൾചവിട്ടു് പഠിക്കുകയാണു്."

—ജോൺ മലപ്പുറം.


സ്കൂൾ യൂണിഫാറത്തിനുള്ള തുണിത്തരങ്ങൾക്ക്

Estd: 1934 സന്ദർശിക്കുക: PHONE: 841

★ കുററിച്ചാക്കു ★

ലോന അന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശ്ശൂർ.

കല്പവൃക്ഷം XII

# പഴയവീഞ്ഞ് പുതിയകുപ്പിയിൽ

ഖണ്ണിഖ്യ

[കഥാതന്തു:- കൊലക്കേസ്സ് പേടിച്ച് മത്തായിച്ചനും റാക്കറപ്പായിയും നാടുവിട്ടോടിപ്പോയി. അവർ ചിന്നമ്മയെന്നൊരു തൻറേടക്കാരിയുടെ വേലക്കാരായി. അവിടെനിന്നു പിണങ്ങിപ്പോകുംവഴി കള്ളവാററുകാരുടെ സംഘത്തിൽ ചെന്നുപററി. അവർ പോലീസുകാരുടെ സിൽബ്ബന്ധികളായിരുന്നു.

പോലീസ് സ്റ്റേഷനിൽനിന്നു രണ്ടു ശവങ്ങൾ ചുമന്നുകൊണ്ടുപോയി വനത്തിൽ കെട്ടിത്തൂക്കിയതു് അവരാണ്. രഹസ്യം ചോർന്നുപോകാതിരിക്കാൻവേണ്ടി റപ്പായിയേയും മത്തായിച്ചനേയും യഥാക്രമം ഇൻസ്പെക്ടറും ഹെഡ്കോൺസ്റ്റബിളും തങ്ങളുടെ വേലക്കാരാക്കി. ഹെഡ്കോൺസ്റ്റബിളിന്റെ ഭാര്യയ്ക്കു മത്തായിച്ചനെ വലിയ കാര്യമായിരുന്നു. അങ്ങേര മത്തായിച്ചനു് ഒരു ജോലി കൊടുത്തു: ചിന്നമ്മയെ വിഷം കൊടുത്തു കൊല്ലാൻ. പക്ഷെ അവനു് അതു തോന്നിയില്ല. വിഷം ചേർത്ത കാപ്പി അങ്ങേരയ്ക്കുതന്നെ കൊടുത്തിട്ട് അവൻ അവിടെനിന്നു് ഒളിച്ചോടി. മാർഗ്ഗമദ്ധ്യേ ബസ്സപകടത്തിൽപ്പെട്ടു മാരകമായ പരിക്കേററ മത്തായിച്ചൻ ആസ്പത്രിയെ അഭയംപ്രാപിച്ചു. ചിന്നമ്മ അവിടെയെത്തി അവനെ പരിചരിച്ചു. നടക്കാറായപ്പോൾ അവനെ കൂട്ടിക്കൊണ്ടുവന്നു് അവൾ തന്റെ വീട്ടിൽ താമസിപ്പിച്ചു. ഇനി വായിക്കുക.]

"ഗോപാലൻ എന്നൊരു യുവാവിനെ സ്വഭവനത്തിൽവച്ചു് അർദ്ധരാത്രിയിൽ കൊലപ്പെടുത്തി എന്ന കുററത്തിനു ക്ലാര എന്ന വിധവയെ ഏഴുവർഷം കഠിനതടവിനു ശിക്ഷിച്ചിരിക്കുന്നു. പ്രതി സ്വയം കുററമേററതിനാൽ കോടതിക്കു കൂടുതൽ തെളിവൊന്നും അന്വേഷിക്കേണ്ടി വന്നില്ല. പ്രസ്തുത കൊലപാതകത്തിൽ പങ്കുണ്ടെന്നു സംശയിക്കപ്പെടുന്ന മത്തായി, റാക്കറപ്പായി എന്നിവർ ഇപ്പോഴും ഒളിവിലാണ്."

ഒരു ദിനപ്പത്രത്തിൽക്കണ്ട പ്രാദേശികക്കുറിപ്പാണതു്. മത്തായി ഞെട്ടിപ്പോയി. പത്രം അലക്ഷ്യമായി അവന്റെ മടിയിൽത്തന്നെ വീണുകിടന്നു. ആ കണ്ണുകളിൽ വികാരങ്ങളുടെ കാർമ്മേഘങ്ങൾ ഉരുണ്ടുകൂടി. അനർഗ്ഗളമായ അശ്രുധാരയിൽ ആ പത്രം കുതിർന്നു.

"ഇങ്ങനെ പെണ്ണുങ്ങളെപ്പോലെ കരയാതെ മത്തായിച്ചാ." മുററമടിച്ചുകൊണ്ടിരുന്ന ചിന്നമ്മ പറഞ്ഞു. ആ ചെറുപ്പക്കാരന്റെ പൗരുഷം ഇങ്ങനെ ഉരുകിപ്പോകുമെന്നു് അവൾ തീരെ കരുതിയിരുന്നില്ല. ആസ്പത്രിയിൽ നിന്നു വന്നതുമുതൽ ഏകാന്തമൂകമായ നിമിഷങ്ങൾ മത്തായിച്ചനു പുതിരിയല്ല. അവൻ ആരും കാണാതെ കരയുകയും നെടുവീർപ്പിടുകയും ചെയ്യുന്നതു് ചിന്നമ്മ പാത്തുനിന്നു കണ്ടിട്ടുണ്ട്. 'പൊങ്ങച്ചം' പറയാനുള്ള പുരുഷന്മാരുടെ തന്റേടം ഇത്രയേയുള്ളു എന്നവൾ മനസ്സിലാക്കിക്കഴിഞ്ഞു. പെണ്ണാണെങ്കിലും മത്തായിച്ചനെക്കാൾ നൂറുമടങ്ങു സഹനശക്തി തനിക്കുണ്ടെന്നു് അവൾ അഭിമാനിക്കുന്നു. ജീവിതത്തിന്റെ നടപ്പാതയിൽ ഏകാകിനിയായിട്ടാണു് അവൾ നീങ്ങുന്നതു്. അമ്മയ്ക്കു് അവളാണു താങ്ങും തണലും. അനിയത്തിമാർ രണ്ടുപേരെ വളർത്തി അവൾ കല്യാണം കഴിച്ചയച്ചു. അവരിൽ ഒരാളിന്റെ ദുർമൃത്യുവിനെപ്പററി അറിഞ്ഞിട്ടും അവൾ ഇത്രയേറെ കരഞ്ഞിട്ടില്ല. എല്ലാം ഉള്ളിലൊതുക്കി അവൾ സഹിക്കുകയാണ്.

"കരയാതെന്തുചെയ്യും ചിന്നമ്മേ?"

"ചിരിക്കണം."

"ഞാൻ ചിരിക്കാൻവേണ്ടി ബുദ്ധിമുട്ടിയവരൊക്കെ കരയുകയാണ്."

"എന്നാൽ ഞാനും കരയേണ്ടിവരുമല്ലോ?"

"തീർച്ചയായും."

"പക്ഷേ എനിക്കു കരയാനറിഞ്ഞുകൂടാ."

"ചിന്നമ്മ ഇതൊന്നു വായിച്ചുനോക്കു." മത്തായിച്ചൻ പത്രം അവളുടെ കൈയ്യിൽ കൊടുത്തു. ആ പ്രാദേശികക്കുറിപ്പു ചൂണ്ടിക്കാണിക്കുകയും ചെയ്തു. അതിന്റെ പൂർവ്വകഥകളെല്ലാം അവൻ നേരത്തെ പറഞ്ഞിട്ടുള്ളതാണ്.

"ഇതിൽ അത്ഭുതപ്പെടാനില്ല." വായിച്ചശേഷം ചിന്നമ്മ പറഞ്ഞു.

"എന്തുകൊണ്ട്?"

"ഇതും ഇതിലപ്പുറവും സഹിക്കണം."

"ആരു്?"

"അമ്മ."

"എന്തു്, ചിന്നമ്മേ!" അവനു് ഒന്നും മനസ്സിലായില്ല.

"നൊന്തു പ്രസവിച്ച മകനെ വളർത്തിയതിനു് അവർ ഈ ശിക്ഷ അനുഭവിക്കണം." ചിന്നമ്മ തുടർന്നു: "പെണ്ണുങ്ങൾക്കു് എന്നും നന്ദികേടേ പ്രതിഫലമായിട്ടു ലഭിക്കാനുള്ളു........"

നിശ്ശബ്ദത! മത്തായിച്ചന്റെ നെടുവീർപ്പുകൾ അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു. മുററത്തെ മാവിൻചില്ലയിൽനിന്നു് ഒരു മൈനാ ചിറകടിച്ചു പറന്നുപോയി.

"ചിന്നമ്മേ, എനിക്കുടനെ പോകണം."

"പത്ഥ്യം തീർന്നില്ലല്ലോ."

"സാരമില്ല."

"ഞാനും വരാം."

"സന്തോഷം; പക്ഷേ ചിന്നമ്മയെ ബുദ്ധിമുട്ടിക്കുന്നതു്?..........."

"ബുദ്ധിമുട്ട് എനിക്കു പറഞ്ഞിട്ടുള്ളൂ ..."

"ഞാൻ പിന്നെ ആർക്കുവേണ്ടി ബുദ്ധിമുട്ടണം? അപ്പൻ മരിച്ചു; അനിയത്തിമാർ പോയി അമ്മയ്ക്കുവേണ്ടി ഞാൻ ഇനി അധികം ക്ലേശിക്കേണ്ടതില്ല."

അവളുടെ ന്യായവാദത്തിനു മറുപടി പറയാൻ മത്തായിച്ചനറിഞ്ഞുകൂടാ. അറിയാമെങ്കിൽത്തന്നെ അതേപ്പററി ആലോചിക്കാനുള്ള മനഃശക്തി അവനില്ല.

അന്നുച്ചയ്ക്കുതന്നെ അവർ പുറപ്പെട്ടു. ക്ഷീണമുണ്ടെങ്കിലും മത്തായിച്ചനു് ഇപ്പോൾ മുക്കാലി കൂടാതെ നടക്കാം. ഏന്തും മുടന്തും ഒന്നുമില്ല. കയററം കയറുന്നിടത്തു് അല്പം പ്രയാസമുണ്ടെന്നേയുള്ളൂ.

കുളിച്ചു മുടി കെട്ടി പൗഡറുമണിഞ്ഞ ചിന്നമ്മ കുറേക്കൂടെ സുന്ദരിയായെന്നു തോന്നി. ആരോഗ്യമുള്ള അവളുടെ ശരീരത്തിനു അഴകു കാവൽനില്ക്കുകയാണു്. ഇളംനീലനിറത്തിലുള്ള ബ്ലൗസും ലില്ലിപ്പൂക്കളുടെ ഡിസൈനുള്ള ബ്രൗൺ സാരിയുമണിഞ്ഞു കൈയ്യിൽ ഒരു പ്ലാസ്റ്റിക് പേഴ്സുമായി അവൾ നടന്നു. കൂടെ മത്തായിച്ചനും. അവർ നവദമ്പതികളാണെന്നു ആരെങ്കിലും കരുതിപ്പോകുന്നതു കുററമല്ല

യാത്രയ്ക്കു പണമുണ്ടോ എന്നു മത്തായിച്ചൻ ചോദിച്ചില്ല. അവന്റെ കൈയ്യിൽ ഒററ പൈസയുമില്ല. ചിന്നമ്മയുടെ ഔദാര്യംമാത്രമാണു് ആ വെറുപ്പക്കാരന്റെ സമ്പത്തു്. ഇത്തരം ഒരിത്തിക്കണ്ണി മറെറങ്ങും കാണുകയില്ല. എന്തൊരു ഗതികേട്!

യാത്ര അതിലേറെ ദുർഘടമാണു്. അവർ തമ്മിൽ യാതൊരു ബന്ധവുമില്ല. എത്ര ദൂരം അവർ ഒരുമിച്ചു പോകും? എവിടെ ചെന്നെത്തും? എന്നു തിരിച്ചുവരും? അല്ലെങ്കിൽ, മത്തായിച്ചൻ തിരിച്ചുവരുന്നതെന്തിനു്? അവനു് അമ്മയെ കാണണം. കണ്ടാൽ മാത്രം പോരാ. ജയിലിൽനിന്നു് ആ സ്നേഹനിധിയെ മോചിപ്പിക്കണം. കൊലപാതകം നടന്നതു് അവന്റെ കുററംകൊണ്ടാണു്. ശിക്ഷയും അവനാണനുഭവിക്കേണ്ടതു്. പ്രശ്നങ്ങളുടെ നൂലാമാലകൾ കുരുങ്ങിക്കൂടി അവന്റെ ചിന്തകളിൽ കെട്ടുവീണുകൊണ്ടിരുന്നു. അതഴിക്കാൻ ശ്രമിക്കുന്തോറും പിന്നെയും പിന്നെയും മുറുകുകയാണു്.

വെള്ളാറക്കുന്നു കയറിയിറങ്ങി ചതുപ്പു കടന്നു് അവർ വെട്ടുവഴിയിലെത്തി. നല്ല വെയിലാണു്. മത്തായിച്ചൻ വല്ലാതെ വിയർത്തൊലിച്ചു.

ചക്രവാളത്തിന്റെ പടിഞ്ഞാറെ വിളുമ്പിൽ കുറെ മഴക്കാറുകൾ തിങ്ങിക്കൂടുന്നുണ്ടു്. അവ ഒന്നിക്കുമ്പോൾ ഒരു കൂററൻ മഴ പെയ്യേക്കും. കാറിൻപുറത്തെ വെയിലിനു ചൂടു കൂടുതലാണു്.

നിരപ്പില്ലാത്ത റോഡു്; അവിടവിടെ കുണ്ടും കുഴിയുമുണ്ടു്. നിരത്തിയിരുന്ന മണ്ണെല്ലാം കുത്തിയൊലിച്ചു പൊയ്ക്കഴിഞ്ഞു. ഉണ്ടക്കല്ലുകളും കൂററൻ മരത്തിന്റെ വേരുകളും അങ്ങിങ്ങു തെളിഞ്ഞുകാണാം.

മനുഷ്യജീവിതത്തിന്റെ പ്രതീകമാണാ വഴി. ജനനത്തിൽ ജീവിതം എന്നും സമനിരപ്പാണു്. മണിമാളികയിലേയും ചെററപ്പുരയിലേയും ശിശു ഒരുപോലെ നിരാലംബമാണു്. പക്ഷേ വളരുവാനുള്ള ശക്തി രണ്ടിലും ഒരുപോലെ നിഗ്രഹനംചെയ്യപ്പെട്ടിരിക്കുന്നു. ഏററമിറക്കങ്ങൾ പിന്നീടു വന്നുകൂടുന്നതാണു്. കുഴപ്പങ്ങളും തകരാറുകളും സർവ്വത്ര കാണാം. തകർച്ചകളും തളർച്ചകളും പലരേയും നിരാശയുടെ നീർച്ചുഴിയിലേക്കു നയിക്കുന്നു. എങ്കിലും ഒടുവിൽ മരണത്തിന്റെ രാജവീഥിയിലേയ്ക്കു ജീവിതത്തിന്റെ ചെറുതും വലുതുമായ എല്ലാ വെട്ടുവഴികളും ചെന്നവസാനിക്കുന്നു.

അവർ 'മുക്കണ്ണനങ്ങത്ത' താമസിച്ചിരുന്ന വീട്ടുപടിക്കലെത്തി. അവിടെ ഇപ്പോൾ ആരും താമസമില്ല. ഗേററു് പൂട്ടിയിട്ടിരിക്കുന്നു.

"ഇവിടെ ഒന്നു കേറുന്നോ? ചിന്നമ്മ ചോദിച്ചു.

"ഇല്ലില്ല; ഞാൻ അവിടെനിന്നു് ഒളിച്ചുപോന്നതാണല്ലോ. ചിന്നമ്മ കേറിക്കോ, സുഹൃത്തിന്റെ വീടല്ലേ!" കളിയാക്കാൻ കിട്ടിയ ഒരവസരം മുതലാക്കാൻ തന്നെ മത്തായിച്ചൻ നിശ്ചയിച്ചു.

"പക്ഷേ, ഇപ്പോൾ അവിടെയാരുമില്ല."

"കാപ്പി കിട്ടും!"

"എടുത്തുതരാൻ വേലക്കാരനില്ലല്ലോ!"

അവർ ആ വീടു് കടന്നുകഴിഞ്ഞു. വണ്ടി വരുന്നില്ല. വന്നാലും കയറാൻ മത്തായിച്ചനു പേടിയാണു്. ആ വഴിക്കു് ഒരു ബസ്സുയാത്രയ്ക്കുകൂടെ പററുന്ന ആരോഗ്യം ഇപ്പോൾ അവനില്ല.

പോലീസ് സ്റ്റേഷൻ കടന്നു് അവർ വീണ്ടും നടന്നു. പോലീസുസ്റ്റേഷനും ഐ. എം. എസ്സു്. വക്ക്ഷാപ്പും കടന്നു.

മുക്കാൽ നാഴികകൂടെ നടന്നപ്പോൾ അവർ ഇൻസ്പെക്ടറുടെ ഗേററിങ്കലെത്തി. മതിൽക്കെട്ടുള്ള മനോഹരമായ ഒരു വീടു്. മുററത്തു പൂച്ചട്ടികളിൽ ധാരാളം ചെടികൾ നിരന്നുനിൽക്കുന്നു.

"ഈ വീടു് ആരുടെയാണെന്നറിയാമോ?" ചിന്നമ്മ ചോദിച്ചു.

"അറിഞ്ഞുകൂടാ."

"പോലീസിൻസ്പെക്ടറുടെയാ."

"ചിന്നമ്മ അയാളെ അറിയുമോ?"

"ഉം."

"കണ്ടാൽ നമ്മളെ പിടികൂടുമോ?"

"എന്തിനു്? നമ്മൾ എന്തെങ്കിലും മോഷ്ടിച്ചോ? അതോ, വല്ലവരേയും കുത്തിക്കൊന്നോ? ആവശ്യമില്ലാതെ ആരെയും പേടിക്കേണ്ടതില്ല"

അവർ നടന്നുനീങ്ങി. മതിലിന്റെ പടിഞ്ഞാറെ മൂലയിൽ പൂച്ചെടികൾക്കരുകിൽനിന്നു് ഒരു തല

ഉയർന്നു. റാക്കറപ്പായി! അവന്റെ കൺകോണുകൾ ചുവന്നു; പുരികങ്ങൾ വളഞ്ഞു. കീഴ്ച്ചുണ്ട് കടിച്ചമർത്തിക്കൊണ്ട് അവൻ അവരെ ഏറുകണ്ണിട്ടു നോക്കി. മത്തായിച്ചനും ചിന്നമ്മയും മുട്ടിയുരുമ്മിയെന്നപോലെ പോകുന്നു. അമ്പടീ കള്ളി ചിന്നമ്മ! അവൾ റപ്പായിയെ നോക്കി ഒരു പുഞ്ചിരിപോലും തൂകിയിട്ടില്ല. മുഖത്തടിക്കുന്ന മാതിരിയേ അവൾ സംസാരിച്ചിട്ടുള്ളൂ. മൂന്നരമാസം അവളുടെ വീട്ടിൽ താൻ താമസിച്ചിട്ട് ഒരു നല്ല വാക്കുപോലും അവൾ പറഞ്ഞിട്ടില്ല. യുവാക്കന്മാർക്കു പിടിച്ചടക്കാനാവാത്ത ഉറപ്പുള്ള ഒരു ഹൃദയത്തിന്റെ ഉടമസ്ഥയാണ് അവളെന്ന് താൻ കരുതിയിരുന്നു. പക്ഷേ, തന്റെ കൂട്ടുകാരൻ അവളെ സ്വാധീനപ്പെടുത്തിയിരിക്കുന്നു. അതെന്തൊരു മായാവിദ്യയാണ്? അന്ന് പുചരിയുടെ കവാടത്തിൽവച്ച് മത്തായിച്ചൻ ഒററതിരഞ്ഞതു് ഇതിനുവേണ്ടിയാണോ? ചിന്നമ്മയെ ഒന്നു കാണാൻ അതിൽപ്പിന്നെ റപ്പായി പല തവണ ശ്രമിച്ചതാണ്. ഒരിക്കൽ മാർക്കററിൽ വച്ച് ചിന്നമ്മയുടെ പിന്നാലെ കുറെ നേരം നടന്നു. പക്ഷേ, അവൾ തിരിഞ്ഞുനോക്കിപോലുമില്ല. കണ്ടില്ലെന്നു ഭാവിച്ച് കടന്നുകളഞ്ഞു. ആ ചിന്നമ്മയാണ് ഇപ്പോൾ മത്തായിച്ചനുമായി നമ്മ സംഭാഷണംചെയ്തു നടക്കുന്നത് ...

റാക്കറപ്പായിയുടെ ഹൃദയത്തിൽ അകാരണമായ ഒരമർഷം ഉറഞ്ഞുകൂടുകയാണ്. അവൻ അതു് പകയുടെ മൂശയിൽ ഉരുക്കിയൊഴിച്ച് ചില പുതിയ തീരുമാനങ്ങൾക്കു രൂപം നല്കി.

* * * *

ഒരു കള്ളക്കത്തുമായിട്ടാണ് റാക്കറപ്പായി കൊച്ചമ്മയെ സമീപിച്ചതു്. അവന്റെ അപ്പനു സുഖക്കേടു് കൂടുതലാണത്രെ. ഉടനെ ചെല്ലണമെന്നെഴുതിയിരിക്കുന്നു. അനുജന്റെ കത്ത്!

"യജമാനൻ വന്നിട്ടു പോയാൽപ്പോരെ?" എല്ലാ കൊച്ചമ്മമാരും വേലക്കാരോട് അങ്ങനെ പറയാറുള്ളതാണ്.

"പോരാ കൊച്ചമ്മ, ദേ കത്തു കണ്ടോ?" റപ്പായി കരയാൻ ഭാവിക്കുകയാണെന്നു തോന്നി. അവൻ മുഖം വിവർണ്ണമാക്കിക്കാണിച്ചു.

കൊച്ചമ്മ കത്ത് വായിച്ചുനോക്കി. ശരിയാണ്. അവർ ആ വേലക്കാരനു യാത്രച്ചെലവിനുള്ള രൂപാ കൊടുത്തു. എന്തു ജോലിയും ചെയ്യാൻ തക്ക ആരോഗ്യമുള്ള റപ്പായിയെപ്പററി അവർക്കു മതിപ്പാണ്. മററു ജോലിക്കാരോടും പുറത്തുനിന്ന് ഇൻസ്പെക്ടറെ കാണാൻ വരുന്നവരോടും അവൻ കുറച്ചൊക്കെ 'ഏമാൻകളി'ക്കുമെന്നേയുള്ളൂ.

"നീ എന്നു വരും?"

"ഒരാഴ്ച കഴിഞ്ഞ്."

"വരാതിരിക്കരുത്; ഭൂമിയിലെവിടെയെങ്കിലുമുണ്ടെങ്കിൽ യജമാനൻ വന്ന് തപ്പിയെടുക്കുമെന്നു കരുതിക്കോണം."

"യ്യോ, ഞാൻ വരാതിരിക്കുമോ കൊച്ചമ്മേ!"

റപ്പായി മുണ്ടും ഷർട്ടുമൊക്കെയെടുത്ത് പഴയ ഇരുമ്പുപെട്ടിയിൽ നിറച്ചു. ഇൻസ്പെക്ടർ ഇഷ്ടദാനം ചെയ്ത പഴയ കാക്കിക്കാലുറയും ഷർട്ടും തൊപ്പിയുമെല്ലാമെടുക്കാൻ അവൻ മറന്നുപോയില്ല.

റാക്കറപ്പായി തിടുക്കത്തിൽ റോഡിലിറങ്ങി. മത്തായിച്ചനും ചിന്നമ്മയും പോയതു് റെയിൽവേ സ്റ്റേഷനിലേയ്ക്കായിരിക്കാം. തെക്കോട്ടുള്ള തീവണ്ടിക്കു സമയമായി. എങ്ങനെയെങ്കിലും പറന്നെത്തണം.

അവൻ ഒരു വാടകക്കാർ വിളിച്ചു. "റെയിൽവേ സ്റ്റേഷൻ.. അഞ്ചു മിനിട്ടുകൊണ്ടെത്തണം...."

പോലീസുദ്യോഗസ്ഥന്മാരുടെ വേലക്കാർ സംസാരിക്കുമ്പോഴും അധികാരഗർവ്വം അലിഞ്ഞുചേർന്നിരിക്കുമെന്നു ഡ്രൈവർക്കറിയാം....

അതൊരു മരണപ്പാച്ചിലായിരുന്നു വഴിയിൽ ഒരു സൈക്കിൾകാരനെ മറിച്ചിട്ടു. വണ്ടിക്കാളയുടെ പള്ളയ്ക്കുരസി. ഒരു തെണ്ടിപ്പട്ടിയെ ഞെരിച്ചരച്ചു. ആരും മിണ്ടിയില്ല. പോലീസിൻസ്പെക്ടറുടെ വേലക്കാരൻ സഞ്ചരിക്കുന്ന കാറാണ്.

റെയിൽവേ സ്റ്റേഷൻ! വണ്ടി പുറപ്പെടാൻ പോകുന്നു. അവസാനത്തെ മണിയൊച്ചയും മുഴങ്ങിക്കഴിഞ്ഞു. എന്നിട്ടും ആളുകൾ തിക്കിത്തിരക്കിക്കയറുന്നു. റാക്കറപ്പായിയുടെ കണ്ണുകൾ പ്ലാററുഫോറത്തിലുടനീളം പരതി. അവരെ കണ്ടുപിടിക്കണം! ആ തേവടിശ്ശിപ്പെണ്ണിനേയും വഞ്ചകനായ കൂട്ടുകാരനേയും.

ഉന്നം തെററിയില്ല. ആൾക്കൂട്ടത്തിൽ അവൻ ചിന്നമ്മയെക്കണ്ടു. വെറുമൊരു മിന്നായംമാത്രം. എങ്കിലും ആ സാരിയുടെ നിറവും ഡിസൈനും അവനറിയാം. ശരിക്കു് അതു് നോട്ടുചെയ്തുവച്ചിട്ടുണ്ട്.

ടിക്കറെറടുക്കാൻ നേരമില്ല. എങ്ങനെയെങ്കിലും വണ്ടിയിൽ കയറിപ്പററണം.

ആളുകൾ തിങ്ങി നിറഞ്ഞിരിക്കുന്നു. വല്ലാത്ത തിക്കും തിരക്കുമാണ്. ഈ പഥയന്മാർക്കെല്ലാം ഇന്നു യാത്രചെയ്യാൻ തോന്നിയുള്ളോ? റപ്പായിക്ക് അവിടെ കണ്ട എല്ലാ യാത്രക്കാരോടും അമർഷം തോന്നി.

മിക്ക കമ്പാർട്ടുമെന്റിന്റേയും വാതിൽ അടച്ചിരിക്കയാണ്. പുറത്തുനിന്ന് അതു തള്ളിത്തുറക്കാൻ ശ്രമിച്ചവരൊക്കെ നിരാശരായി. ബലപരീക്ഷണങ്ങളും വാഗ്വാദങ്ങളും നടന്നു. ഫലമില്ല.

"റിസേർവ്വ്ഡാണ്." അകത്തുനിന്ന് ആ പല്ലവിയേ കേൾക്കാനുള്ളൂ. കയറിപ്പററിയവർ വാതിൽ പുറത്തേയ്ക്കു തള്ളിപ്പിടിച്ചിരിക്കുന്നു. വീണ്ടും കയറാൻ ചെല്ലുന്നവരോട് അവർ സമരത്തിനു തയ്യാറാണ്. റപ്പായിക്കു രണ്ടുമൂന്നു വാതില്ക്കൽനിന്നു മുഷ്ടിപ്രഹരം ലഭിച്ചു അവനു പകരംവീട്ടണമെന്നുണ്ട്. പക്ഷേ സമയമില്ല. ഇരുമ്പുപെട്ടിയും തൂക്കിപ്പിടിച്ച് അവൻ പ്ലാററുഫോറത്തിലൂടെ തിക്കിത്തിരക്കി നടന്നു.

(ശേഷം 274-ാം പേജിൽ)

# ഹൈസ്ക്കൂ

— ജോസഫ് ചാ

കേരളത്തിൽനിന്ന് ഈ വർഷം സ്കൂൾഫൈനൽ പരീക്ഷ പാസ്സായിട്ടുള്ള അമ്പതിനായിരത്തിൽപ്പരം വിദ്യാർത്ഥികളിൽ ചുരുങ്ങിയത് പതിനായിരമെങ്കിലും കത്തോലിക്കാ വദ്യാർത്ഥികളായിരിക്കും. അത്രതന്നെ തോററവരും ഉണ്ടായിരിക്കും. അങ്ങനെ ഇരുപതിനായിരത്തിൽപ്പരം കത്തോലിക്കാ വിദ്യാർത്ഥികൾ ഹൈസ്കൂളുകളോടു യാത്രപറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. വളരെ പേർ കോളേജുകളിലും, കുറെ പേർ ട്രെയിനിങ്ങ് സ്കൂളുകളിലും, നല്ലൊരു സംഖ്യ ട്യൂട്ടോറിയൽ സ്കൂളുകളിലും, മററു ചിലർ ഷോർട്ട് ഹാൻഡ്-ടൈപ്പ് റൈററിങ്ങിലും ചുരുക്കം പേർ ഏതെങ്കിലും ജോലികളിലും ഇതിനകം ചെന്നുപെട്ടിരിക്കും. വളരെ പേർ തൊഴിൽരഹിതരായി ഉഴലുകയുമായിരിക്കും.

ഈ വിദ്യാർത്ഥികളിൽ തൊണ്ണൂറു ശതമാനവും സൊഡാലിററിയിലെ അംഗങ്ങളാണെന്നുള്ള വാസ്തവം ഇവിടെ പ്രത്യേകം സ്മരണീയമാണ്. സാധാരണയായി, സൊഡാലിററിയുടെ ജീവനാഡികളും, ഭാരവാഹികളും, പ്രവർത്തനാൽസുകരും പത്താം ക്ലാസ്സ് വിദ്യാർത്ഥികളാണ്. പേരിനു മാത്രം അംഗങ്ങളായിരിക്കുന്നവരും, തികഞ്ഞ അനാസ്ഥയിൽ കഴിഞ്ഞുകൂട്ടുന്നവരും ഈ ഗണത്തിൽ കണ്ടേക്കാമെങ്കിലും, പൊതുവിൽ പറഞ്ഞാൽ പത്താം ക്ലാസ്സ് വിദ്യാർത്ഥികൾ സഖ്യസംഘടനയുടെ നട്ടെല്ലാണെന്നുള്ള നിഗമനം ശരിയാണെന്നു തോന്നുന്നു.

പക്ഷേ, ഹൈസ്കൂൾ കോഴ്സ് മുഴുവനാക്കിയ ശേഷം, ഈ വിദ്യാർത്ഥികളുടെ സൊഡാലിററി അംഗത്വത്തിനും, സഖ്യപ്രവർത്തനങ്ങൾക്കും എന്തു സംഭവിക്കുന്നുവെന്നുള്ളത് ഒരു ചിന്താവിഷയമാണ്. ഹൈസ്കൂൾകോഴ്സ് കഴിഞ്ഞുള്ള ജീവിതം സ്വന്തം നാട്ടിലും ഇടവകയിലുംതന്നെയാണ് കഴിച്ചുകൂട്ടുന്നതെങ്കിൽ —വീട്ടിൽത്തന്നെ താമസിച്ചുകൊണ്ടാണ് കോളേജുപഠനവും മററും നടത്തിക്കൊണ്ടുപോകുന്നതെങ്കിൽ— ഇക്കാര്യത്തിൽ ഒരു വിഷമവുമില്ല: കോളേജിൽ സൊഡാലിററിയുണ്ടെങ്കിൽ അതിൽ ചേരാം; ഇല്ലെങ്കിൽ, ഇടവകയിലെ സൊഡാലിററിയിൽത്തന്നെ തുടരാം.

കേരളത്തിലെ മിക്കവാറും എല്ലാ കത്തോലിക്കാ കോളേജുകളിലും—പ്രത്യേകിച്ച് സന്യാസികളും സന്യാസിനികളും നടത്തുന്ന കോളേജുകളിൽ—കത്തോലിക്കാ വിദ്യാർത്ഥികൾക്കുവേണ്ടി മരിയാസഖ്യം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്; നന്നായി പ്രവർത്തനം നടത്തിവരികയും ചെയ്യുന്നുണ്ട്. (ചുരുക്കം ചില കത്തോലിക്കാ കോളേജുകളിൽ മരിയാസഖ്യം പ്രവർത്തിക്കുന്നില്ലെന്നുള്ളതും ഒരു പരമാർത്ഥമാണ്!) അതുകൊണ്ട് കത്തോലിക്കാ കോളേജുകളിലും ഹോസ്റ്റലുകളിലും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അവിടെയുള്ള സൊഡാലിററിയിൽ ചേർന്ന് അംഗത്വം തുടരാവുന്നതാണ്. ഒരു കത്തോലിക്കാ കോളേജിൽ മരിയാസഖ്യം ഇല്ലെങ്കിൽ, ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾ അടുത്തുള്ള ഇടവകയിലെ സൊഡാലിററിയിൽ അംഗമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. അകത്തോലിക്കാ കോളേജുകളിലും മററു സ്ഥാപനങ്ങളിലും താമസിച്ചു പഠിക്കുന്നവരും സമീപത്തുള്ള ഇടവകയിലെ ബ. ഡയറക്ടറച്ചനെ കണ്ട് ആ സഖ്യത്തിൽ അംഗമായിച്ചേർന്ന് പ്രവർത്തനം തുടരേണ്ടതാണ്. ഇടവകബന്ധം പുലർത്താൻ സാധിക്കാതെയും കത്തോലിക്കാനേതൃത്വം ലഭിക്കാൻ സാദ്ധ്യമല്ലാതെയുമുള്ള സാഹചര്യങ്ങളിൽ കത്തോലിക്കാ വിദ്യാർത്ഥികൾ സ്വയം യോജിച്ചുകൊണ്ടും സഖ്യനിയമാനുഷ്ഠാനങ്ങൾ സ്വയം അനുഷ്ഠിച്ചുകൊണ്ടും അംഗത്വം തുടർന്നുപോകുവാൻ ശ്രമിക്കുന്നതു് നന്നായിരിക്കും.

സൊഡാലിററി സ്ഥാപിതമായിട്ടില്ലെങ്കിലും, ഇന്ത്യൻ കാത്തലിക്ക് യൂണിവേഴ്സിററി ഫെഡറേഷൻ, പാക്സ് റൊമാന, ന്യൂമാൻ അസ്സോസിയേഷൻ എന്നീ സംഘടനകൾ കോളേജിൽ നിലവിലുണ്ടെങ്കിൽ മരിയസഖ്യാംഗങ്ങൾ അവയിൽ ചേർന്നു പ്രവർത്തിക്കയും, അതേസമയം, സ്ഥലത്തെ ഇടവകാസഖ്യവുമായി ബന്ധം പുലർത്താൻ സാദ്ധ്യമല്ലെങ്കിൽ, സ്വയം സഖ്യനിയമാനുഷ്ഠാനങ്ങൾ കഴിവതു് നിർവ്വഹിച്ചുകൊണ്ടും പഴയ സഖ്യവുമായി എഴുത്തുമൂലം ബന്ധം പുലർത്തിക്കൊണ്ടും സഖ്യാംഗത്വം തുടർന്നുപോകയും ചെയ്യേണ്ടതാണ്.

എന്തുകൊണ്ടാണ് ഒരു സഖ്യാംഗം തൻെറ അംഗത്വം ആജീവനാന്തം നിലനിർത്തിക്കൊണ്ടുപോകണമെന്ന് അനുശാസിക്കപ്പെടുന്നതു്? ഇതിനുള്ള കാരണം നിയമാവലിയിൽത്തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. "ഒരിക്കൽ സൊഡാലിററിയിൽ ന്യായാനുസൃതം അംഗമായി ചേർക്കപ്പെട്ട ആൾ സ്വമനസ്സാലെ അംഗത്വം ഉപേക്ഷിക്കയോ സ്വന്തം കുററത്താൽ നിഷ്കാസിതനാകയോ ചെയ്യുന്നതുവരെ അയാൾ സൊഡാലിററിയിലെ ഒരംഗമായിത്തന്നെയിരിക്കുന്നതാണ്" (നി. 30). ഓരോ അംഗവും സ്വീകരണവേളയിൽ ചൊല്ലുന്നതും ഇടയ്ക്കിടെ ആവർത്തിക്കുന്നതുമായ പ്രതിഷ്ഠാജപത്തിൽനിന്നാണ് അംഗത്വത്തിനു അഭംഗതയും ഭദ്രതയും ആജീവനാന്തത്വവും സിദ്ധിക്കുന്നതു്. എന്നെന്നേയ്ക്കുമുള്ള ഒരു സ്വയം പ്രതിഷ്ഠയാണതു്. "സ്വയം പ്രതിഷ്ഠകൊണ്ട് ഒരംഗം തന്നെത്തന്നെ എന്നെന്നേയ്ക്കുമായി ഭാഗ്യപ്പെട്ട കന്യകാമറിയത്തിനു സമർപ്പിക്കുകയാണ് ചെയ്യുന്നതു്.

സ്വന്തമനസ്സാലെ സഖ്യത്തെ ഉപേക്ഷിക്കയോ സഖ്യത്തിൽനിന്നു പുറത്താക്കപ്പെടുകയോ ചെയ്താൽ മാത്രമേ ഈ സമ്പൂർണം ഇല്ലാതാകുന്നുള്ളു." (ബിസ് സെക്കലാരി)

ഹൈസ്കൂൾ പഠനത്തിനുശേഷം സ്ഥലംവിട്ടു പോകുന്ന സഖ്യാംഗങ്ങൾ എന്തു ചെയ്യണമെന്നുള്ളതിനെപ്പററി പൊതുവായ ചില നിർദ്ദേശങ്ങൾ നിയമാവലിയിൽത്തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. "സൊഡാലിററി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തുനിന്ന് താൽക്കാലികമായൊ സ്ഥിരമായൊ ഒരംഗം മാറിത്താമസിക്കുകയാണെങ്കിൽ, അയാൾ ബ. ഡയറക്ടറെ അറിയിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഡയറക്ടർ അയാളുടെ സഖ്യാംഗത്വവും മററു സഖ്യങ്ങളിൽ അംഗമായി സ്വീകരിക്കപ്പെടുവാനുള്ള അർഹതയും സാക്ഷ്യപ്പെടുത്തിക്കൊണ്ട് സ്വന്തം ഒപ്പും പ്രീഫെക്ടിന്റെ ഒപ്പുമുള്ള ഒരു ഔദ്യോഗിക രേഖ (എഴുത്ത്) അയാൾക്കു കൊടുക്കേണ്ടതാണ്. എന്നാൽ തന്റെ സൊഡാലിററി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തുനിന്ന് ഒരു കൊല്ലമോ അതിലധികമോ കാലം മാറിത്താമസിക്കയും പുതിയ താമസസ്ഥലത്തുനിന്നു സഖ്യമീററിങ്ങുകളിൽ ഹാജരാകുവാൻ സാധിക്കാതെവരി

# ...ിനശേഷം?

...വി. എ., ബി. ടി. —

കയും ചെയ്യുമ്പോൾ, ദണ്ഡവിമോചനങ്ങൾ ലഭിക്കണമെങ്കിൽ, പുതിയ സ്ഥലത്ത് അയാളുടെ ജീവിതാവസ്ഥയ്ക്കനുസൃതമായുള്ള ഏതെങ്കിലും മരിയാസഖ്യത്തിൽ ചേരേണ്ടതായ കടമയുണ്ടെന്നുള്ളത് അയാൾ ഓർക്കണം. പുതിയ സ്ഥലത്തെ സഖ്യഡയറക്ടർ പ്രവേശനം നിഷേധിക്കുകയൊ, മറേറതെങ്കിലും തടസ്സങ്ങൾ—പഴയ ഡയറക്ടർ മതിയായവയാണെന്നു വിധിക്കുന്ന ഏതെങ്കിലും കാരണങ്ങൾ—ഉണ്ടാകുകയോ ചെയ്താൽ മാത്രമെ ഇതിനൊഴിവുള്ളു. ദൂരെ താമസിക്കുന്നവർ ഇടയ്ക്കിടെ ഡയറക്ടർക്കൊ പ്രീഫെക്ടിനൊ എഴുത്തുകളയയ്ക്കുകയും സാഹചര്യങ്ങളനുവദിക്കുന്നിടത്തോളം സഖ്യത്തിലെ ഭക്തപരിപാടികൾ അനുഷ്ഠിക്കുന്നതിൽ ശ്രദ്ധാലുക്കളായിരിക്കയും വേണം" (നിയമം 47)

എന്നാൽ യഥാർത്ഥത്തിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്താണ്? ഹൈസ്കൂൾ വിട്ടുകഴിഞ്ഞാൽ സഖ്യാംഗങ്ങൾ പലരും ഏതാണ്ട് സൊഡാലിററിയിൽനിന്ന് ഒഴിഞ്ഞ മട്ടിലോ വിരമിച്ച തരത്തിലോ ആണ് പെരുമാറുന്നത്. തങ്ങൾ ബാലികാബാലപ്രായം തരണംചെയ്തുകഴിഞ്ഞുവെന്നും, ഇനി "സൊഡാലിററിക്കുട്ടികളു"മായി തുല്യനിലയിൽ അംഗത്വബന്ധം പുലർത്തുവാൻ അല്പം ലജ്ജ തോന്നുന്നുണ്ടെന്നും ചിലർ തട്ടിമൂളിക്കുന്നു. മററു ചിലരാകട്ടെ ഈ "സൊല്ല" ഒഴിഞ്ഞുകിട്ടുവാൻവേണ്ടി പത്താംക്ലാസ്സ് ഒരു അതിർത്തിയായി സ്വയം നിശ്ചയിച്ച് പിരിഞ്ഞുപോകുകയാണ് ചെയ്യുന്നത്. ഇതെല്ലാം തെററാണെന്നും സഖ്യനിയമങ്ങളും പ്രതിജ്ഞയുടെ അർത്ഥവും വ്യാപ്തിയും ശരിക്കു മനസ്സിലാക്കാത്തതുകൊണ്ടാണ് ഈ അഭിപ്രായങ്ങൾവെച്ചുപുലർത്തുന്നതെന്നും സുവിദിതമാണല്ലൊ.

*

## ഫലിതബിന്ദുക്കൾ

1) കാലിൽ വച്ചുകെട്ടുള്ള ഒരാൾ ഹോട്ടലിൽ കയറി ബഞ്ചിൽ ഇരുന്നു.

ഹോട്ടൽക്കാരൻ: "എന്തു പററി സാറെ?"

ആഗതൻ: "ഒന്നും പററിയിട്ടില്ല; ഞാൻ വന്നിരുന്നതേയുള്ളൂ."

Z Z Z

2) അദ്ധ്യാപകൻ ക്ലാസ്സിൽ ബീഡി വലിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഇൻസ്പെക്ടർ കയറിവന്നു:

"ഇങ്ങനെയാണോ നിങ്ങൾ കുട്ടികൾക്കു നല്ല മാതൃക കാട്ടിക്കൊടുക്കുന്നത്?"

അദ്ധ്യാപകൻ: "തെററിധരിക്കരുത് സർ! ഞാൻ കുട്ടികൾക്ക് അഗ്നിപർവ്വതം പുകഞ്ഞു പൊട്ടിത്തെറിക്കുന്ന കാര്യം പരീക്ഷണം വഴി കാണിക്കുകയായിരുന്നു.

Z Z Z

3) മുതലാളി: "രാമു, ചന്തയിൽ പോയിട്ട് ഒരു താറാവിനേയും കിട്ടിയില്ലേ?"

രാമു: "ഏമാൻ കനമുള്ള താറാവിനെ വാങ്ങണമെന്നു പറഞ്ഞിരുന്നല്ലൊ. ഞാൻ എല്ലാററിനേയും വെള്ളത്തിലിട്ടുനോക്കി. എല്ലാം പേടപോലെ പൊന്തിക്കിടക്കുന്നു."

*— ജോൺ മലപ്പാം.*

1) പോസ്റ്റ്മാസ്റ്റർ: "ഹേയ്, ഈ എഴുത്തിനു തൂക്കം കൂടും. പത്തുപൈസ സ്റ്റാമ്പുകൂടി ഒട്ടിക്കണം."

"അപ്പോൾ പിന്നേയും തൂക്കം കൂടുകയല്ലേ ഉള്ളൂ?"

Z Z Z

2) മാസ്റ്റർ: "പിററർ, ഇന്നിത്ര നേരം വൈകിവന്നതിന് എന്തു സമാധാനമാണു പറയാനുള്ളത്?"

പീററർ: "സാർ, നേരം വൈകിയതിനാൽ ഞാൻ വേഗം ഓടി. അതിനാൽ ഒരു കാരണവും ആലോചിക്കാൻ സാധിച്ചില്ല."

*— എസ്. ഡി. നീലങ്കാവിൽ.*

Z Z Z

ശിക്ഷാവധി കഴിഞ്ഞു പോകുന്ന ജയിൽപ്പുള്ളിയോട് ജെയിൽ കപ്പേളനായ വൈദികൻ: "മകനേ, ഞാൻ പറഞ്ഞിട്ടുള്ള ഉപദേശങ്ങൾ മറക്കാതെ, നന്നായി ജീവിച്ചാൽ ഇനി ഇവിടെ വരാതെ കഴിക്കാം."

പുള്ളി: "അങ്ങയുടെ ഉപദേശം ഒരിക്കൽ കേട്ടവർ വീണ്ടും അതൊന്നു കേൾക്കാൻ വരാതിരിക്കയില്ല."

# ആത്മാവിന്റെ ആനന്ദം

★

ആനന്ദമാണ് ജീവിതത്തിന്റെ ലക്ഷ്യം. സകല വിചാരങ്ങളുടേയും പ്രവൃത്തികളുടേയും അടിസ്ഥാനപ്രചോദകമായി വർത്തിക്കുന്നത് ആനന്ദമാണ്. സ്നേഹം ആനന്ദകാരണമായതുകൊണ്ടാണ് യുവഹൃദയങ്ങൾ സ്നേഹത്തിനായി കേഴുന്നത്. വിജയം ആനന്ദത്തിലേയ്ക്കുള്ള വഴിയായതുകൊണ്ടാണ് വിദ്യാർത്ഥികൾ കഠിനാദ്ധ്വാനംചെയ്തു പരീക്ഷയ്ക്കൊരുങ്ങുന്നത്. മനുഷ്യന്റെ സകല ചലനങ്ങളും സ്പന്ദനങ്ങളും ആനന്ദത്തിനുവേണ്ടിയുള്ള കേഴലുകളാണ്.

'നിധിതേടൽ' (Treasure hunting) എന്നൊരു വിനോദം ചില രാജ്യങ്ങളിലെ കുട്ടികളുടെയിടയിൽ പ്രചാരത്തിലുണ്ട്. അതിങ്ങനെയാണ്: നേതാവ് എന്തെങ്കിലുമൊരു സാധനം (നിധി) ആരും കാണാതെ ഒരിടത്തു ഒളിച്ചുവയ്ക്കുന്നു. എന്നിട്ട്, മററുള്ളവരെ ആ നിധി അന്വേഷിച്ചുപിടിക്കാമോയെന്ന് വെല്ലുവിളിക്കുന്നു. കണ്ടുപിടിക്കുന്നവന് നിധിയും, പുറമേ, ഒരു സമ്മാനവും ഉണ്ടായിരിക്കും. കുട്ടികൾ ഈ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് ആഹ്ലാദഭരിതരായി നിധി തിരക്കി പുറപ്പെടുന്നു. കണ്ട പുല്ലിലും പൂഴിയിലും കല്ലിനിടയിലും വൃക്ഷക്കടയ്ക്കലും എല്ലാം അവർ നിധി തിരയുന്നു. നിധിയെന്നു സംശയമുള്ള വല്ലതുമൊന്നു കണ്ടാൽ, ആവേശത്തോടെ അവരതു കൈയ്യിലെടുക്കും. അതുമായി നേതാവിന്റെ പക്കൽ ചെല്ലുകയായി. പക്ഷേ, നിധി അതല്ല എന്നു മനസ്സിലാകുമ്പോൾ നിരാശരാകും. ചിലർ പിന്നെയും അന്വേഷണം തുടർന്നെന്നുവരാം. വേറെ ചിലർ അതോടെ അവസാനിപ്പിച്ചെന്നുംവരാം. നേതാവിന്റെ സൂചനകൾ മനസ്സിലാക്കി അന്വേഷണം തുടരുന്നവർ അവസാനം നിധി കണ്ടെത്തുന്നു. സമ്മാനവും അവർക്കു ലഭിക്കുന്നു.

ഇതുപോലെ, ജീവിതവും ഒരു 'നിധിതേടലാ'ണ്. സാക്ഷാൽ നിധിയെത്തന്നെ കണ്ടുപിടിക്കുന്നതിലാണ് ജീവിതാനന്ദം കുടികൊള്ളുന്നത്. മനുഷ്യർ ആ നിധി തിരക്കി ലോകമെങ്ങും പരക്കംപായുന്നു. ചിലർ അത് വിഷയസുഖത്തിൽ അന്വേഷിക്കുന്നു. ചിലർ പണസമ്പാദനത്തിൽ, ചിലർ അധികാരലബ്ധിയിൽ, വേറെ ചിലർ പ്രശംസയിൽ, ഇനിയും ചിലർ തീററയിലും കുടിയിലും ആനന്ദമാകുന്ന ആ നിധിയെ തിരയുന്നു. പക്ഷേ, നിധി അതല്ല എന്ന് അധികം വൈകാതെ അനുഭവം അവരെ മനസ്സിലാക്കും. ആനന്ദത്തിനു പകരം ശൂന്യതയും അസ്വസ്ഥതയും നിരാശയും അവർക്കനുഭവപ്പെടും. അവ വെടിഞ്ഞ്, വീണ്ടും അന്വേഷണം തുടരാതെ, അവയിൽത്തന്നെ നിരാശരായി ചടഞ്ഞുകൂടുന്നവർ ഒരിക്കലും ആ നിധി കണ്ടെത്തുകയില്ല. വിഷയാസക്തരും, പണമോഹികളും, ആത്മപ്രശംസകരും, ഭോജനപ്രിയന്മാരും ഒരിക്കലും ആനന്ദം അനുഭവിക്കയില്ല. ആത്മീയമായ അന്ധകാരം ആ നിധിയെ അവരിൽനിന്നു മറച്ചുകളയും.

ഇതാ, ജീവിതത്തിന്റെ ഉടയവനായ ദൈവം ഈ ജീവിതത്തിലെ നിധി മനുഷ്യമക്കൾക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു, അവിടുത്തെ ദൗത്യം ഭൂമിയിൽ നിർവ്വഹിച്ചുപോരുന്ന തിരുസ്സഭവഴിയായിട്ട്. കള്ളുഷാപ്പുകളിലല്ല, സിനിമാശാലയിലല്ല, ചൂതാട്ടസ്ഥലങ്ങളിലല്ല; പരമപരിശുദ്ധമായ ദൈവാലയത്തിന്റെ തുടിക്കുന്ന ഹൃദയമായ തിരുസക്രാരിയിൽ. ജീവിതത്തിന്റെ നിധി, ജീവിതത്തിന്റെ ആനന്ദം അവിടെ പള്ളികൊള്ളുന്നുണ്ട്. ആ നിധി കണ്ടെത്തുന്നവർക്ക് മറെറാരു സമ്മാനത്തിന്റെ ആവശ്യമില്ല. കാരണം, ലഭിക്കാവുന്നതിൽവച്ചേററം വലിയ സമ്മാനം അതു തന്നെയാണ്. ഇന്നു സ്വർഗ്ഗത്തിൽ വാഴുന്ന ആയിരക്കണക്കിനുള്ള വിശുദ്ധന്മാർ ഇത്ര വിശിഷ്ടനിധി കണ്ടെത്താൻ കഴിഞ്ഞവരാണ്. പട്ടിണിയുടേയും രോഗത്തിന്റെയും, വിമർശനത്തിന്റെയും പീഡനത്തിന്റെയും, ശാരീരികവും മാനസികവുമായ നിരവധി യാതനകളുടെയും ഒത്തനടുവിലും സ്വർഗ്ഗീയമായി പുഞ്ചിരിക്കുവാൻ കഴിയുന്ന സകലരും ഈ നിധി കണ്ടെത്തിയിട്ടുള്ളവരാണ്. ജീവിതത്തിന്റെ ലക്ഷ്യമായ ഈ നിധി കണ്ടെത്തുന്നതിലും, ആത്മാവിന്റെ മദ്ബഹായിൽ, ഹൃദയത്തിന്റെ സക്രാരിയിൽ അതിനെ ഉയർത്തി പ്രതിഷ്ഠിക്കുന്നതിലുമാണ് ജീവിതാനന്ദം സ്ഥിതിചെയ്യുന്നത്. ദരിദ്രരേയും ഹൃദയം തകർന്നവരേയും പാപികളായ സകല ധൂർത്തപുത്രന്മാരേയും സ്നേഹമസൃണമായി മാടിവിളിച്ചുകൊണ്ട് ആശ്വാസത്തിന്റെ കിരണകന്ദളങ്ങളുമായി ദൈവാലയത്തിലെ തിരുസക്രാരിയിൽ എഴുന്നെള്ളിയിരിക്കുന്ന ദിവ്യകാരുണ്യനാഥൻ ആത്മാവിന്റെ ഉത്തമസ്നേഹിതനായി വാഴിക്കപ്പെടുന്ന നിമിഷംമുതൽ ജീവിതം സാക്ഷാത്തായ ആനന്ദത്തിലേയ്ക്കു പ്രവേശിക്കുകയാണ്.

— പ്രേഷിതൻ

---

## കൽപവൃക്ഷം (271-ൽനിന്നു തുടർച്ച)

വിസിൽനാദം മുഴങ്ങി. ഗാർഡിന്റെ കൈകളിൽ ചെമപ്പും പച്ചയും കൊടികൾ മാറി മാറി ഉയർന്നു. ഇരുമ്പുചക്രങ്ങൾ മെല്ലെ ഇളകിത്തുടങ്ങി.

നേരെ മുമ്പിൽ റപ്പായി കണ്ടതു് ലേഡീസ് കമ്പാർട്ടുമെന്റാണ്. അതിന്റെ വാതിൽ അടച്ചിരിക്കുന്നു. അകത്തു നിറയെ പെണ്ണുങ്ങളുണ്ട്.

ചിന്തിച്ചുനില്ക്കാൻ നേരമില്ല. റപ്പായി കിളിവാതിലിൽക്കൂടെ പെട്ടി അകത്തേയ്ക്കു തള്ളിയിറക്കി. എന്നിട്ട് അതിലേതന്നെ തലയിട്ടു വണ്ടിയിലേയ്ക്കു വലിഞ്ഞുകയറി.

---

**അടുത്ത ലക്കത്തിൽ:**

**'ഭദ്രകാളിയെ പിശാചു പിടിച്ചു'**

**കഥ തുടരുന്നു.**

ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.

# കുട്ടികളോട് — അവരെ ബഹുമാനിക്കേണ്ടതല്ലേ?

ഞാൻ ഒരു വീട് വെഞ്ചരിച്ചതിനുശേഷം അടുത്ത വീട് വെഞ്ചരിക്കാൻ പോയി. ഞാൻ പോന്നതിനുശേഷം ആദ്യത്തെ വീട്ടിലെ കുഞ്ഞുമകൻ അമ്മയോട് പറഞ്ഞു: "അമ്മച്ചീ, എനിക്ക് അച്ചനെ ഒന്നുകൂടി കാണണം. നമുക്ക് അങ്ങേ വീട്ടിലോട്ടൊന്നു പോകാം." അമ്മ മകന്റെ ആഗ്രഹം സാധിച്ചുകൊടുത്തു.

ഞാൻ ബസ്സിൽ കയറാൻ തുടങ്ങിയപ്പോൾ അഞ്ചു വയസ്സുള്ള ഒരു ബാലൻ അവന്റെ അപ്പച്ചനെ വിട്ട് എന്റെ പക്കൽ ഓടിവന്ന് "അച്ചാ, ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ട് എന്റെ കരം ചുംബിച്ചു. അപ്പോൾ എന്റെ കൈവശമുണ്ടായിരുന്ന ഒരു നല്ല പടം അവനു സമ്മാനമായി കൊടുത്തു. പ്രിയ കുഞ്ഞുമക്കളെ, ഈ സംഭവങ്ങൾ എന്താണ് നിങ്ങളെ പഠിപ്പിക്കുന്നത്. വൈദികരെ ബഹുമാനിച്ചു സ്നേഹിക്കണമെന്ന് മാതാപിതാക്കൾ ആ കുഞ്ഞുങ്ങളെ ഉപദേശിച്ചിട്ടുണ്ടെന്നും അതനുസരിച്ച് അവർ പ്രവർത്തിക്കുന്നുവെന്നുമല്ലേ?

വൈദികരെ സ്നേഹിക്കയും ബഹുമാനിക്കുകയും ചെയ്യാത്ത കുഞ്ഞുമക്കൾ ഈശോയെയും സ്നേഹിക്കയില്ല. സ്നേഹരഹിതമായ ധാരാളം പ്രവൃത്തികൾ അവരിൽ കാണാം. പള്ളിക്കൂടത്തിൽ പോകുമ്പോഴും തിരിച്ചുവരുമ്പോഴും ദൈവാലയത്തിൽ കയറി വിസീത്ത നടത്തുകയില്ല; അവധി ദിവസങ്ങളിൽപ്പോലും ദിവ്യബലിയിൽ സംബന്ധിക്കുകയില്ല; വേദപാഠക്ലാസ്സിൽ ഹാജരാകുകയില്ല. മാസംതോറുമുള്ള കുർബ്ബാന സ്വീകരണം വലിയ പ്രയാസമുള്ള കാര്യമായി അവർക്കു തോന്നുന്നു. ഇപ്രകാരമുള്ള കുഞ്ഞുമക്കളെ കണ്ടുകൊണ്ട് മാലാഖമാർ സ്വർഗ്ഗത്തിലിരുന്നു പറയുന്നത് എന്താണെന്നറിയാമോ? അത് ഉദാഹരണസഹിതം തെളിയിക്കാം. നിങ്ങളുടെ കൊച്ചേട്ടന്റെയോ ചേച്ചിയുടേയോ കല്യാണക്കാര്യം ഉറപ്പിക്കുന്നതിന് ഒരു കൂട്ടർ നിങ്ങളുടെ വീട്ടിൽ വരുന്നുവെന്നു വിചാരിക്കുക. കല്യാണം ഉറയ്ക്കും, അതിനു യാതൊരു തടസ്സവും മറുപാർട്ടിയിൽനിന്നും ഉണ്ടാകത്തില്ലാ എന്ന പ്രതീക്ഷയിൽ നിങ്ങളുടെ മാതാപിതാക്കന്മാർ വിഭവസമൃദ്ധമായ ഡിന്നർ നൽകും. ഊണെല്ലാം കഴിഞ്ഞ് സ്ത്രീധനക്കാര്യത്തെപ്പറ്റിയും കല്യാണം എവിടെയാണ് കെട്ടിക്കയറുന്നത് എന്നതിനെപ്പറ്റിയും ആലോചിക്കുമ്പോൾ വിരുന്നുകാർ അമ്പിനും വില്ലിനും അടുക്കാതെ ഇറങ്ങിപ്പോകുകയാണെങ്കിൽ നിങ്ങളുടെ ബന്ധത്തിൽപ്പെട്ടവർ, വിരുന്നുകാർ പോയിക്കഴിയുമ്പോൾ വിരുന്നുകാരെപ്പറ്റി പറയാറില്ലേ "നല്ല പാർട്ടിയാ, ഫസ്റ്റ് പാർട്ടിയാ!" എന്ന്? നമ്മുടെ ഇഷ്ടത്തിനൊത്ത് മറ്റുള്ളവർ പ്രവർത്തിക്കാതിരിക്കുമ്പോൾ നാം അവരെപ്പറ്റി മേൽപ്പറഞ്ഞ വാക്കുകൾ പറയാറുണ്ട്. ഇതുതന്നെയാണ് കുഞ്ഞുമക്കളുടെ ചില പ്രവൃത്തികൾ കാണുമ്പോൾ മാലാഖമാർ പറയുന്നതും. കുഞ്ഞുമക്കൾ നല്ല വസ്ത്രം ധരിച്ച് ഭക്തിയോടുകൂടി കുർബ്ബാനകൈക്കൊള്ളുന്നതിനു പള്ളിയിൽ വരും. കുർബ്ബാനയുടെ അവസാനമായിരിക്കും അച്ചൻ കുർബ്ബാന എഴുന്നെള്ളിച്ചുകൊടുക്കുന്നത്. അച്ചൻ സങ്കീർത്തിമുറിയിൽ ചെല്ലുന്നതിനുമുമ്പ് കുർബ്ബാന സ്വീകരിച്ച കുഞ്ഞുമക്കൾ ഉപകാരസ്മരണ നടത്താതെ ദൈവാലയത്തിൽനിന്നും ഇറങ്ങിപ്പോകുന്നു. അപ്രകാരമുള്ള കുഞ്ഞുമക്കളെ നോക്കിക്കൊണ്ട് മാലാഖമാർ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് പറയുന്നുണ്ടാവാം "നല്ല പാർട്ടിയാ, ഫസ്റ്റ്, പാർട്ടിയാ" എന്ന്. കല്യാണമുറപ്പിക്കാൻ വീട്ടിൽ വന്നവർക്ക് ലഭിച്ച വിരുന്നുമൂലം എത്രമാത്രം കടപ്പാട് ആ വീട്ടുകാരോടുണ്ടോ അതിലും കൂടുതൽ കടപ്പാട് കുഞ്ഞുമക്കൾക്ക് ഈശോയോടുണ്ട്, ആത്മീയവിരുന്നാകുന്ന കുർബ്ബാനയിൽ പങ്കുകൊണ്ടതുകൊണ്ട്. ആ കടപ്പാട് തീർക്കേണ്ടത് നല്ല ജീവിതം നയിച്ചാണെന്നു പറയേണ്ട ആവശ്യമില്ലല്ലോ.

SNOW WHITE
ELECTRIC
DRY CLEANERS & DYERS
NEAR NADUVILAL, TRICHUR - 1.
With Modern Equipments done to Your Satisfaction by Experts.
A TRIAL WILL CONVINCE YOU.

# രണ്ടു യജമാനനെ സേവിക്കാമോ?

( ലൂയിസ് തറയിൽ )

കഴിഞ്ഞ കൊല്ലത്തെ ലോകവാർത്തകളിൽ ലോകജനതയുടെ ശ്രദ്ധ മുഴുവനും ആകർഷിച്ച ഒരു സംഭവമാണ് ഐഷ്മാൻ കേസ്സുവിചാരണ. ലോകപത്രങ്ങളെല്ലാംതന്നെ വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് കേസ്സുവിചാരണ റിപ്പോർട്ടുചെയ്യുകയുണ്ടായി.

അഡോൾഫ് ഐഷ്മാൻ അമ്പതു ലക്ഷം യഹൂദരെ കുരുതികഴിച്ച നാസിനേതാവ്. ഹിററ്ലറിന്റെ ആജ്ഞാനുവർത്തി. ഐഷ്മാൻ ജർമ്മനിയിലെ യഹൂദജനതയെ മുഴുവനും നശിപ്പിക്കുവാൻവേണ്ടി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥനാണ്. ഗാസ്ചേമ്പറുകളിൽ പതിനായിരക്കണക്കിനു യഹൂദർ പിടഞ്ഞുമരിച്ചു; ലക്ഷക്കണക്കിനുപേരെ മൂടിക്കെട്ടിയ വണ്ടികളിൽ കയററി ഐഷ്മാന്റെ കുരുതിക്കളത്തിലേയ്ക്കു് നാസികൾ കൊണ്ടുപോയി.

യഹൂദരുടെ ജന്മവൈരിയാണ് ഐഷ്മാൻ. യുദ്ധാനന്തരം ഐഷ്മാൻ കൊല്ലപ്പെട്ടുവെന്നായിരുന്നു സർവ്വരുടേയും ധാരണ. പക്ഷേ, യഹൂദർ മാത്രം അതു വിശ്വസിച്ചില്ല. യഹൂദഗെസ്റ്റപ്പോകൾ അന്വേഷണം തുടർന്നുകൊണ്ടിരുന്നു. അവസാനം അവർ ഐഷ്മാനെ പിടികൂടി. “എന്റെ കൈയ്യിൽ ഐഷ്മാനെ കിട്ടിയാൽ ബ്ളെയ്ഡുകൊണ്ടു് അരിഞ്ഞരിഞ്ഞു് ഞാൻ അയാളെ കൊന്നുകളയും” ഒരു യഹൂദബാലികയുടെ വാക്കുകളാണിവ.

ഐഷ്മാനെ വിചാരണചെയ്യുവാൻ കോടതിയിൽ ഹാജരാക്കി. “എന്നോടു് കല്പിച്ചതുമാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ.” ഐഷ്മാൻ കോടതി മുമ്പാകെ നൽകിയ മൊഴിയാണതു്. “വലിയൊരു യന്ത്രത്തിലെ ഒരു ചെറിയ ആണിമാത്രമാണ് ഞാൻ. അതിനാൽ ഈ ആരോപണങ്ങൾക്കു് ഞാനുത്തരവാദിയല്ല. എന്നെയല്ല ശിക്ഷിക്കേണ്ടതു്; ആ നേതാക്കന്മാരെയാണ്.”

ഇതിലൊരു തത്വം അടങ്ങിയിട്ടുണ്ടു്. മേലധികാരി കല്പിച്ചാൽ എന്തു തിന്മയും കീഴിലുള്ളവർ ചെയ്യാമെന്നു്; അതിൽ യാതൊരു തെററുമില്ലെന്നു്. ഐഷ്മാൻ തന്റെ ഭരണാധികാരികൾ കല്പിച്ചതല്ലേ ചെയ്തുള്ളൂ? രാഷ്ട്രത്തിന്റെ നിയമം അക്ഷരംപ്രതി ഐഷ്മാൻ പാലിച്ചു. അതുകൊണ്ടു് ഐഷ്മാൻ തെററല്ല ചെയ്തതു്.

പക്ഷേ, ഇതിലുപരിയായി ഒരു സനാതനസത്യമുണ്ടു്. അതു് സൗകര്യപൂർവ്വം വിസ്മരിച്ചുകളയാനുള്ള ഒരു പ്രവണതയാണു് പ്രകൃതത്തിൽ നാം കാണുക. മനുഷ്യർക്കുപരിയായി, രാഷ്ട്രനിയമങ്ങൾക്കുമേലെ, ഭരണാധികാരികൾക്കും മേലധികാരിയായി ഒരു ശക്തിയുണ്ടു്: ദൈവം. മനുഷ്യർക്കവിടന്നു് ഒരു ധാർമ്മികപ്രമാണം പ്രദാനംചെയ്തിട്ടുമുണ്ടു്. അതു് നമ്മുടെ മനഃസാക്ഷി പറയുന്ന സത്യമാണ്. ആ ധാർമ്മികനിയമമനുസരിച്ചു് നാം ജീവിച്ചേ മതിയാവൂ. നാമതിനെ ഇഷ്ടപ്പെടുന്നുണ്ടോ, ഇല്ലയോ എന്നതല്ല പ്രശ്നം.

തീർന്നില്ല. മനുഷ്യവംശത്തിനു് അവിടന്നു് ഒരു പ്രമാണസംഹിതതന്നെ തന്നിട്ടുണ്ടു്: പത്തു കല്പനകൾ. അതിനെ വലിച്ചെറിഞ്ഞു് തോന്നിയപോലെ ജീവിക്കാനുള്ളതല്ല ക്രൈസ്തവജീവിതം.

ഇതിലെ, അടിസ്ഥാനപ്രമാണങ്ങൾ എന്താണെന്നോ? ‘തിന്മ ചെയ്യരുതു്; നന്മ ചെയ്യണം.’

തിന്മ ചെയ്യരുതു്. ഈ നിയമം എല്ലാവർക്കും ബാധകമാണ്. മതമേതായാലും വേണ്ടില്ല; ഏതൊരു വ്യക്തിയും ഈ പ്രമാണം അനുസരിക്കുവാൻ കടപ്പെട്ടവനാണ്. കൊല്ലരുതു്: നാമെല്ലാവരും ഇതനുസരിച്ചേ തീരൂ. ആ നിലയ്ക്കു് നിർദ്ദോഷികളായ ജനങ്ങളെ—ലക്ഷക്കണക്കിനു യഹൂദരെ — കൂട്ടക്കൊലചെയ്ത ഐഷ്മാൻ എങ്ങനെ നിർദ്ദോഷിയാകും? മേലധികാരിയെ അനുസരിക്കുക മാത്രമാണു താൻ ചെയ്തതെന്നു പറഞ്ഞു് ഒഴിഞ്ഞുമാറാൻ സാധ്യമാണോ?

രാഷ്ട്രനിയമങ്ങൾക്കെല്ലാം ഉപരിയായി, ഭരണമേധാവികളുടെ ആജ്ഞകൾക്കും ശാസനകൾക്കും അതീതമായി ഒരു നിയമമുണ്ടു്: സനാതനനിയമസംഹിത. സ്വാഭാവികമായി... സ്വന്തംതന്നെ മനുഷ്യർക്കു പ്രദാനംചെയ്ത പ്രമാണങ്ങൾ. അവയുടെ വെളിച്ചത്തിൽ വേണം നമ്മുടെ പ്രവൃത്തികളുടെ തെററും ശരിയും വിധിക്കുവാൻ. കൂലിപ്പട്ടാളക്കാരൻ മുതൽ മാർഷൽ വരെയുള്ളവർ, കർഷകൻ മുതൽ ഭരണമേധാവികൾവരെ എല്ലാവരും ഈ നിയമത്തിനു് വിധേയരായേ തീരൂ.

ഐഷ്മാനെ വിചാരണ ചെയ്ത ന്യൂവെർബറി കോടതിയും ഈ ഉന്നതനിയമത്തെയാണ് പൊക്കിക്കാണിച്ചതു്. അതിന്റെ അടിസ്ഥാനത്തിൽ ഐഷ്മാനെ വിചാരണചെയ്തു വിധിക്കുവാൻ തങ്ങൾക്കു് അധികാരമുണ്ടെന്നു് ഇസ്രായേൽ രാഷ്ട്രം അവകാശപ്പെട്ടു. പക്ഷേ, ഈ നിയമത്തെ കോടതി വ്യാഖ്യാനിക്കുന്നതു് മററു പേരുകളിലാണ്. മനുഷ്യസമുദായത്തിന്റെ നിയമസംഹിത; രാഷ്ട്രങ്ങളുടെ പ്രമാണസംഹിത എന്നെല്ലാം. ഈ നിയമങ്ങൾക്കു് എന്തു പേരെങ്കിലും പറഞ്ഞുകൊള്ളട്ടെ അവർ. നമ്മൾ ആ നിയമങ്ങളെ വിളിക്കുക സ്വാഭാവികനിയമങ്ങൾ എന്നാണ്.

തിരുസഭയുടെ ചരിത്രത്തിൽനിന്നും ഇത്തരം ചില സംഭവങ്ങൾ അടർത്തിയെടുത്തു കാണിക്കാൻ കഴിയും. ലിനിയു ചക്രവർത്തിയുടെ കാലം. അർമേനിയാ

യിൽ കുറെ റോമൻ പടയാളികൾ പൊട്ടിച്ചിരിക്കയാണ്. ഒരു ദിവസം കാപ്റ്റൻ അവരോടു പറഞ്ഞു, എല്ലാവരും ലിനിയു ചക്രവർത്തിക്കു ധൂമാർപ്പണം ചെയ്യണമെന്ന്. കാരണമുണ്ട്. ചക്രവർത്തി ഒരു ദേവനാണെന്ന് സ്വയം അവകാശപ്പെട്ടിരിക്കുന്നു.

പടയാളികൾക്ക് ഇതിലത്ര ആശ്ചര്യം തോന്നിയില്ല. ചക്രവർത്തിയുടെ കല്പനയല്ലേ. അവരുടെ ദൈവമാണ് ചക്രവർത്തി. എന്നാൽ, അവരിൽ നാല്പതു പേർ പ്രസ്തുത നിയമത്തിൽനിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. ക്രിസ്ത്യാനികളായ പടയാളികൾ.

എന്ത്! വെറും സാധാരണ പട്ടാളക്കാർ മേലധികാരിയുടെ കല്പനയെ നിരസിക്കയോ! കടുത്ത അച്ചടക്കരാഹിത്യം. ഔദ്യോഗികനടപടികളാരംഭിച്ചു. ആ നാല്പതുപേരും വധിക്കപ്പെട്ടു. മാർച്ച് 10ന് അവരുടെ രക്തസാക്ഷിത്വദിനം നാം കൊണ്ടാടുന്നു.

ഇനിയുമുണ്ട്. 400 വർഷം മുമ്പ് നടന്ന ഒരു സംഭവം. ഇംഗ്ലണ്ടിലെ ഹെൻറി രാജാവ് തന്റെ പത്നിയുടെ തോഴിയെ വിവാഹംചെയ്യാൻ ഉറച്ചു. മാർപ്പാപ്പ പറഞ്ഞു, ആദ്യവിവാഹം അസാധുവല്ലെന്ന്. "കൊള്ളാം" ഹെൻറി പറയുകയാണ്: "ഞാൻതന്നെ പോപ്പുരാജനായിക്കൊള്ളാം." അതാ, പുതിയൊരു ബിൽ. 1534_ൽ കാൻററ്ബറി ആർച്ചുബിഷപ്പായി തന്റെ പാർശ്വവർത്തിയായ ഒരാളെ രാജാവ് നിയമിച്ചു. ആ അവസരസേവകൻ ആനി ബൊളിനുമായുള്ള രാജാവിന്റെ പുത്തൻവേഴ്ചയെ അനുഗ്രഹിച്ചു.

ഹെൻറി പുതിയ അധികാരങ്ങൾ സ്വയം ഏറെറടുത്തു. ഇംഗ്ലണ്ടിൽ ദൈവത്തിന്റെ സഭയെ ഭരിക്കാൻ ദൈവംതന്നെ നിയമിച്ച വ്യക്തിയാണു താനെന്ന് ഹെൻറി അവകാശപ്പെട്ടു. ഓരോ പൗരനും ഇതു് അംഗീകരിച്ച് സത്യപ്രതിജ്ഞചെയ്യേ മതിയാവൂ.

എല്ലാവരും രാജാവിനെ അനുസരിച്ചു. രാജാവിനെ പ്രീതിപ്പെടുത്താൻ, ജീവനെ രക്ഷിക്കാൻ മനഃസാക്ഷിയെ മറച്ചുകൊണ്ടു സത്യപ്രതിജ്ഞ നടത്തി. ബിഷപ്പുമാർതൊട്ട് സാധാരണക്കാരായ അല്മായരടക്കം എല്ലാവരും.


എന്നാൽ, രാജാവിനേക്കാൾ ഉപരി ദൈവത്തെ സ്നേഹിക്കുന്ന വ്യക്തികളും അന്നുണ്ടായിരുന്നു. രാജ്യനിയമങ്ങൾക്കുപരിയാണല്ലോ ദൈവനിയമങ്ങൾ. സജീവമായ കത്തോലിക്കാവിശ്വാസത്തിൽ അടിയുറച്ചു നിന്നു രണ്ടു ധീരജേതാക്കൾ. ഒന്ന്: ബിഷപ്പ് ജോൺ ഫിഷർ. അപരൻ: സർ തോമസ് മൂർ.

"ഇക്കഴിഞ്ഞ ആയിരം കൊല്ലം ഇംഗ്ലണ്ടിലേ സഭയുടെ തലവൻ മാർപ്പാപ്പയായിരുന്നു. പിന്നെങ്ങനെ ഇപ്പോൾ മറിച്ചാകുന്നു?" മൂർ ചോദിച്ചു.

തൂക്കുമേടയിൽ വച്ച് തോമസ് മൂർ പറഞ്ഞു:–
"ഞാൻ മരിക്കുകയാണ്. രാജാവിന്റെ വിശ്വസ്തദാസനാണ് ഞാൻ. പക്ഷേ, ഒന്നാമതായി ഞാൻ ദൈവത്തിന്റെ ദാസനാണ്."

നമ്മുടെ കത്തോലിക്കാ ആദർശമാണിവ. നാലാം പ്രമാണത്തിൽ നാം പഠിച്ചിട്ടുള്ള കാര്യങ്ങൾ. "മാതാപിതാക്കളേയും മേലധികാരികളേയും ന്യായമായ കാര്യങ്ങളിൽ അനുസരിക്കുക." അടിയിൽ വരയിട്ട കാര്യങ്ങൾ പ്രത്യേകിച്ചും ശ്രദ്ധിക്കുക.

നാം രാഷ്ട്രത്തിന്റെ (രാജാവിന്റെ) സേവകരാണ്. എന്നാൽ, ഒന്നാമതായി നാം ദൈവത്തിന്റെ സേവകരാണെന്ന് വിസ്മരിക്കരുതു്.

കെടാവിളക്കുകൾ!

മനോഹരമായ കെടാവിളക്കുകൾ, സ്പ്രിങ്ങ് ലാമ്പുകൾ, ക്രൂവറ്റ്സ് മുതലായവ എറണാകുളം ബ്രോഡ്‌വേയിലുള്ള ഞങ്ങളുടെ ഷോറൂമിൽ ലഭിക്കുന്നതാണ്. "താഹിറ" വിക്സ്റ്റർ ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യപ്പെടുന്നു. ക്രോക്കറികളുടെ കൂടാരമായ ഞങ്ങളുടെ ഷോറൂമിലേയ്ക്കു സ്വാഗതം!

**MAHEMOOD STORES**
Broadway — ERNAKULAM
Phone: 717
*Branch:* ALUMKADAVU



കല്യാണാവശ്യങ്ങൾക്കുള്ള
പെട്ടി, ചെരിപ്പ് മുതലായവയ്ക്കു്
Phone No 987.

**C. R. JOSEPH**
LEATHER MERCHANT
Round, TRICHUR.

# അമ്മയുടെ പരിഭവം

( മോൺ. പോൾ കാക്കശ്ശേരി പി. എച്ച്. ഡി., ഡി. ഡി. )

പോളണ്ടിലെ കീവ് നഗരത്തിൽ വി. ഹയാസിന്തു് ബ്രഹ്മാണ്ഡവും മനോജ്ഞവുമായൊരു ദൈവാലയം നിർമ്മിച്ചിട്ടുണ്ടായിരുന്നു. ഒരു ദിവസം പ്രഭാതത്തിൽ പുണ്യവാൻ ദിവ്യബലി അർപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അത്യന്തം സംഭ്രമജനകമായൊരു വൃത്താന്തവുംകൊണ്ടു് ഒരു സന്യാസി ബലിപീഠത്തിനടുത്തെത്തി; ഭയങ്കരന്മാരായ "താർത്തരികൾ" കൊലയ്ക്കും കൊള്ളയ്ക്കും കൊള്ളിവെയ്പിനും തയ്യാറെടുത്തുകൊണ്ടു് പള്ളിപ്പടിക്കൽ താവളമടിച്ചിരിക്കുന്നു! അവരുടെ പേരു കേട്ടാൽമതി ആർക്കും ഉൾക്കിടിലമുളവാകും; അത്രയ്ക്കു കണ്ണിൽ ചോരയില്ലാത്ത അക്രമികളായിരുന്നു അക്കൂട്ടർ.

ചെന്നായ്ക്കളെയും പിന്നിലാക്കുന്ന ഉഗ്രവൈരികൾ തങ്ങളെ വളഞ്ഞിരിക്കുന്നു എന്നു മനസ്സിലായപ്പോൾ പള്ളിയകത്തുണ്ടായിരുന്നവരേവരും പേടിച്ചു വിറച്ചു. പക്ഷേ വി. ഹയാസിന്തിനുമാത്രം യാതൊരു ഭീതിയും ക്ഷോഭവും ഉള്ളതായി തോന്നിയില്ല. ദിവ്യകാരുണ്യത്തോടു് ആ മ്ലേച്ഛന്മാർ ദൈവദൂഷണപരമായി എന്തെങ്കിലും ചെയ്യുമോ? ഇതിനെക്കുറിച്ചു മാത്രമേ അദ്ദേഹത്തിനു ഭയവും ആശങ്കയുമുണ്ടായിരുന്നുള്ളു.

പ്രശാന്തനായി പുണ്യവാൻ സക്രാരി തുറന്നു; കുസ്തോദികൾ സ്നേഹഭക്ത്യാദരസമന്വിതം കയ്യിലെടുത്തു. ഉടുപ്പിനുള്ളിൽ നെഞ്ചോടടുത്തു് അതു് അടക്കിപ്പിടിച്ചുകൊണ്ടു, ചുറ്റും കൂടിയിരുന്ന സന്യാസികളോടും ഭക്തജനങ്ങളോടും ദൃഢസ്വരത്തിൽ പറഞ്ഞു: "ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല; ദൈവസഹായത്തിൽ പൂർണ്ണമായ ശരണമർപ്പിച്ചാലും; അവിടുന്നു നമ്മെ സാദരം സംരക്ഷിച്ചുകൊള്ളും; എന്നെ അനുഗമിക്കുക."

അങ്ങനെ അവർ ദൈവാലയത്തിൽനിന്നു പുറത്തിറങ്ങാറായപ്പോൾ വിസ്മയാവഹമായൊരു ആഹ്വാനം പിന്നിൽ മുഴങ്ങിക്കേൾക്കുന്നു: "ഹയാസിന്തു്", ഹയാസിന്തു്" എന്നു് ആരോ തുടർച്ചയായി വിളിച്ചുകൊണ്ടിരിക്കുന്നു. ആരെയും കാണ്മാനില്ലതാനും, നിന്നു്, ചെവിയോർത്തപ്പോൾ വിശുദ്ധനു കാര്യം തിരിഞ്ഞു. ബലിപീഠത്തിലുണ്ടായിരുന്ന ദൈവമാതാവിൻ സ്വരൂപത്തിൽനിന്നായിരുന്നു ആ അശരീരിവാക്യം!. പരിഭവവും ശകാരവും കലന്ന ആ ദീനസ്വരം തുടർന്നു: "അല്ലയോ ഹയാസിന്തു! കർത്താവിനെ ആപത്തിൽനിന്നു കാത്തുരക്ഷിക്കുവാൻ നീ ദത്തശ്രദ്ധനാണു്; വളരെ നല്ല കാര്യം. എന്നാൽ അവിടത്തെ അമ്മയെ കട്ടാളന്മാരായ കൊള്ളക്കാരുടെ ക്രൂരകരങ്ങളിലേല്പിച്ചുകൊണ്ടു് ഓടിപ്പോകുവാൻ ഒട്ടും മടി തോന്നുന്നില്ല, അല്ലേ!'

"പ്രിയംനിറഞ്ഞ അമ്മേ! സദയം ക്ഷമിക്കണം," ഹയാസിന്തു് മറുപടി പറഞ്ഞു. "അങ്ങേ തിരുസ്വരൂപത്തേയും അത്യാസന്നമായ ആപത്തിൽനിന്നു രക്ഷിപ്പാൻ എനിക്കു വലുതായ ആഗ്രഹമില്ലാതില്ല; പക്ഷേ, അങ്ങേയ്ക്കറിയാം ഇത്രയും കനംകൂടിയ ഒരു പ്രതിമ പേറിക്കൊണ്ടോടുവാൻമാത്രം കായബലം ഈ പാവത്തിനില്ലെന്നു്." മാർബിൾകൊണ്ടുള്ള വലിയൊരു സ്വരൂപമായിരുന്നു അതു്.

ശാസനാത്മകമായിരുന്നു അതിനുള്ള പ്രത്യുത്തരം: 'അങ്ങനെയോ! എന്നാൽ നിനക്കു് എന്നോടു സ്വല്പം കൂടുതൽ സ്നേഹവും, ദൈവപരിപാലനയിൽ കുറച്ചുകൂടി മനോശരണവും ഉണ്ടായിരുന്നുവെങ്കിൽ എന്നെയുംകൂടെ കൊണ്ടുപോകുവാൻ യാതൊരു പ്രയാസവും തോന്നുമായിരുന്നില്ല."

"വത്സലമാതാവേ, അങ്ങേയ്ക്കറിയാം, ഞാൻ അങ്ങെ എത്രമാത്രം സ്നേഹിക്കുന്നുവെന്നു്; ദൈവത്തിലുള്ള എന്റെ വിശ്വാസവും ശരണവും എത്ര ഇളക്കമറ്റതാണെന്നു്." ഇങ്ങനെ ആമന്ത്രിച്ചുകൊണ്ടു് ആ മഹാമരിയഭക്തൻ പ്രസ്തുത പ്രതിമ സ്നേഹബഹുമാനാദരപുരസ്സരം പൊക്കിയെടുത്തു. അത്ഭുതമേ! ഒരു ചെറിയ പഞ്ഞിക്കെട്ടിന്റെ ഭാരംപോലുമില്ല!

അങ്ങനെ കുസ്തോദി ഉടുപ്പിനുള്ളിൽ നെഞ്ചിലടക്കിപ്പിടിച്ചും, മാതാവിൻ സ്വരൂപം കൈയ്യിലേന്തിയും പുണ്യവാനും കൂട്ടുകാരും അഭയസ്ഥാനം തേടി ശീഘ്രഗതിയിൽ സ്ഥലം വിട്ടു. താർത്തരികളുടെ കണ്ണിൽപ്പെടാതെ എങ്ങനെ രക്ഷപ്പെടുമെന്നുള്ളതു വിശുദ്ധനു് ഒരു പ്രശ്നമായി തോന്നിയില്ല. അക്കാര്യം ദൈവവും ദൈവമാതാവും വേണ്ടപോലെ നോക്കിക്കൊള്ളുമെന്നായിരുന്നു അദ്ദേഹത്തിന്റെ ശിശുസഹജമായ പ്രതീക്ഷയും പ്രത്യാശയും. അചഞ്ചലമായ അത്തരം വിശ്വാസം ഒട്ടും അസ്ഥാനത്തായതുമില്ല. അവർ കടന്നുപോയപ്പോൾ താർത്തരികൾ തല്ക്കാലം കാഴ്ച നഷ്ടപ്പെട്ടവരേപ്പോലെ മിഴിച്ചുനിന്നതേയുള്ളു.

ക്രാക്കോവിയാ ആയിരുന്നു അവരുടെ ലക്ഷ്യസ്ഥാനം. വഴിമദ്ധ്യേ ഒരു പുഴ കടക്കുവാനുണ്ടായിരുന്നു. പാലമില്ല. താൻ സംവഹിച്ചുകൊണ്ടു പോകുന്ന കർത്താവിന്റെ കരുത്തിലും, അവിടത്തെ അമ്മയുടെ മാദ്ധ്യസ്ഥശക്തിയിലും പരിപൂർണ്ണശരണമർപ്പിച്ചുകൊണ്ടു്

ഹയാസിന്ത് നദിയിന്മേൽ കുരിശിന്റെ അടയാളം വരച്ചു. സഹചാരികളോടു പിന്തുടരുവാൻ ആജ്ഞാപിച്ചുകൊണ്ട് അദ്ദേഹം ഒട്ടും കൂസാതെ പുഴയിലേയ്ക്കിറങ്ങി. വി. പത്രോസ് തിരമാലകളുടെ മുകളിലൂടെ നടന്ന അത്ഭുതം വീണ്ടും ആവർത്തിക്കപ്പെട്ടു! കാലടികൾ തെല്ലും നനയാതെതന്നെ അവരെല്ലാവരും പുഴയ്ക്കക്കരെ നിഷ്പ്രയാസം ചെന്നെത്തി.

ഇതൊരു വലിയ അത്ഭുതമായിരുന്നുവെന്ന് ആരും സമ്മതിക്കും. എന്നാൽ അതിനേയും അതിശയിക്കുവാൻ പോന്ന വേറൊരു മഹാത്ഭുതം കുറേ നാളത്തേയ്ക്ക് അവിടെ നിരന്തരം നടന്നുവന്നിരുന്നതായി ഹയാസിന്തിന്റെ നാമകരണനടപടികളിൽ രേഖപ്പെടുത്തിയിരിക്കുന്നു__പുണ്യവാൻ നദി തരണംചെയ്ത ഇടത്തിലെ ജലത്തിന്മീതെ തന്റെ കാലടിപ്പാടുകൾ ദീർഘനാളത്തേയ്ക്ക് ആർക്കും വ്യക്തമായി ദർശിക്കാമായിരുന്നുവത്രേ!

ഇന്നു ഭൂമുഖത്തെവിടേയും ധാർമ്മികമായൊരു മഹാപ്രളയം അത്യുഗ്രമായ ഊക്കോടെ പൊങ്ങുകയും പരക്കുകയും ചെയ്തുകൊണ്ടിരിക്കയാണ് — അവിശ്വാസത്തിന്റേയും അധർമ്മത്തിന്റേയും അനീതിയുടേയും അഴിമതിയുടേയും അശുദ്ധിയുടേയും ആശങ്കാവഹമായ മഹാപ്രളയപ്രവാഹം. പ്രസ്തുത പ്രളയത്തിൽപ്പെട്ടു പലരും ദൈനംദിനം ദയനീയമാംവിധം മുങ്ങിമരിച്ചുപൊയ്ക്കൊണ്ടിരിക്കുന്ന ദാരുണമായ കാഴ്ച, ഉൾക്കണ്ണുകൾ തുറന്നുപിടിച്ചിരിക്കുന്നവർക്കൊക്കെ കാണുവാൻ കഴിയും. നമ്മുടെ ചുറ്റും ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന ഈ പ്രളയത്തിന്റെ തിരമാലകളിൽപ്പെട്ട് ആദ്ധ്യാത്മികമായ വിനാശത്തിന്റെ അടിത്തട്ടിലേയ്ക്ക് ആണ്ടുപോകാതെ നിത്യതയുടെ സുരക്ഷിതമായ തീരത്തെത്തിച്ചേരുവാൻ അവശ്യം ആവശ്യമായ രണ്ട് "ലൈഫ് ബോട്ട്"കളുണ്ട് — ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ദൈവമാതാവിനോടുള്ള ആത്മാർത്ഥമായ ഭക്തിയും.


*For Favoures Received.*

By P. K. Varghese
C/o Bank of Cochin
Mattancheri.





*കുട്ടികൾക്ക് ഒരു കുഞ്ഞിപ്പാട്ട്*

# വിശ്വാസപ്രമാണം

**— വർഗ്ഗീസ് മാളിയേയ്ക്കൽ —**

വിശ്വസിക്കുന്നേൻ ഭൂവും, സ്വർഗ്ഗവും
സൃഷ്ടിചെയ്ത പിതാവിലും,
തന്റെയേകസുതൻ മിശിഹായാം
ദിവ്യരക്ഷകൻ തന്നിലും,
ദിവ്യരക്ഷകൻ തന്നിലും.

ഈ സുതൻ റൂഹായാൽ മറിയത്തിൽ
നിന്നു ഭൂവിൽ പിറക്കയും
പന്തിയോസ് പീലാത്തോസിൻ നാളിൽ
പാടുപീഡകളേല്ക്കയും,
ക്രൂശിലേറി മരിക്കയും;

കല്ലറയിലടക്കപ്പെട്ടങ്ങു
പാതാളങ്ങളിൽ പോകയും,
അന്തരിച്ചോരിൽനിന്നു മൂന്നാംനാൾ
ശോഭയോടെ ഉയിർക്കയും,
സ്വർഗ്ഗാരോഹണം ചെയ്കയും;

ചെയ്തുവെന്നും, പിതാവുതൻ വലം_
പാർശ്വത്തിൽ വാണീടുന്നെന്നും,
അങ്ങുനിന്നു ലോകാന്ത്യകാലത്തിൽ
സർവ്വരേയും വിധിക്കുവാൻ
വന്നിടുമെന്ന സത്യവും.

ദിവ്യറൂഹായാം ശുദ്ധാരൂപിയിൽ
എന്നും വിശ്വസിക്കുന്നു ഞാൻ.
ശുദ്ധ കത്തോലിക്കാ സഭയിലും
പുണ്യവാന്മാരിലൊക്കെയും
വിശ്വസിക്കുന്നുറപ്പോടെ.

പാപങ്ങൾക്കു പൊറുതിയും പിന്നെ
മൃത്യുവാന്നവർക്കൊക്കെയും
ഉത്ഥാനം താനും, എന്നന്നേയ്ക്കുമു–
ള്ളായുസ്സും ഉണ്ടെന്നൊക്കെയും
നന്നായ് വിശ്വസിക്കുന്നു ഞാൻ.

["മാരിവില്ലൊളി" എന്ന വൃത്തത്തിന്റെ ഒടുവിലത്തെ വരി രണ്ടു തവണ ആവർത്തിച്ചാൽ എങ്ങനെയോ അങ്ങനെ പാടണം. ആദ്യത്തെ തവണയുടെ അന്ത്യഭാഗം അല്പം ഉയർത്തിയും രണ്ടാമത്തേതു് സാധാരണപോലെയും.]

# ★ ദുഃഖബാഷ്പം ★

**– രാജൻ ഡി. ചിന്നങ്ങത്ത് –**

ഇന്നലെയോളവും വാടാവെളിച്ചമാ_
യിമ്മന്നിലെങ്ങും വിലസിയ ദീപമേ,
ഇന്നു നീയില്ലെന്ന വാസ്തവമോർക്കുമ്പോ_
ഴെന്നന്തരംഗം നടുങ്ങുന്നു പിന്നെയും!
ഇപ്പുസ്തകത്തിന്റെ താളുകൾ കണ്ണുനീ_
രിററിററു വീണു നനയുന്നു, മാനസം
പൊട്ടുന്നു, തൊണ്ടയിൽ ഗദ്ഗദവീചികൾ
മുട്ടുന്നു, ഹാ! പരിക്ഷീണിതനായി ഞാൻ....
ആവുന്നതില്ലെനിക്കീ വൻവിഷാദമെ_
ന്നാത്മാവിൽമാത്രമൊതുക്കിനിർത്തീടുവാൻ!
ആരെയും കാണുന്നതില്ല ഞാനല്പവു_
മാശ്വാസമെന്നുള്ളിലേയ്ക്കു പകരുവാൻ!
ബാപ്പുജി കൈവിട്ടു പോയപ്പോഴും, ദുഃഖ_
ബാഷ്പാകുലങ്ങളാം ഞങ്ങൾതൻ കണ്ണുകൾ
കണ്ടു; മുന്നോട്ടു നയിക്കുവാനിന്നിയും
പണ്ഡിത്ജിയുണ്ട്, പതറാതിരിക്കുക!
കെട്ടുപോയപ്പൊൻപ്രദീപവും, ഭാരത_
മൊട്ടും പ്രതീക്ഷിച്ചിരിക്കാത്ത വേളയിൽ!
കേരളം തൊട്ടു കാശ്മീരംവരെക്കണ്ണു_
നീരുമാത്രമൊഴുകീടുന്നനർഗ്ഗളം!!....

അന്ധകാരത്തിലടിപ്പെട്ടടിമത്ത_
ബന്ധനത്തിൽത്തങ്ങിനിന്നൊരെൻ നാടിനെ
വീണ്ടും വിമുക്തയാക്കീടുവാൻ ശാന്തിതൻ
വാളുമായ് പൊട്ടിവിരിഞ്ഞ വെളിച്ചമേ,
ഇല്ലെന്നറിയാമിന്നെന്നിരുന്നീടിലു_
മെന്തിനോവേണ്ടിയുഴറുന്നു കണ്ണുകൾ.
എങ്ങും വിമൂകത_ ശൂന്യത കാണവേ
മുങ്ങുന്നു വീണ്ടും നിരാശതന്നാഴിയിൽ!

ഇന്നലെയോളവും വാടാവെളിച്ചമാ_
യിമ്മന്നിലെങ്ങും വിലസിയ ദീപമേ.
മങ്ങിപ്പൊലിഞ്ഞെങ്കിലും നിൻപ്രഭാങ്കുരം
മിന്നിനില്ക്കുന്നു മനസ്സിലനശ്വരം
മണ്ണടിഞ്ഞാലും മറയുകയില്ലതിൻ
മങ്ങലേല്ക്കാത്തൊരാഭംഗിയും കാന്തിയും.
എത്ര യുഗങ്ങൾ വന്നോട്ടെ; പൊയ്ക്കോട്ടെയ_
ച്ചിത്രം ചിതലു തിന്നില്ലൊരു കാലവും!
അന്ത്യമായങ്ങയ്ക്കു നല്കുവാനെൻകയ്യി_
ലെന്തുണ്ടൊഴുകുമിക്കണ്ണുനീരെന്നിയേ....
അന്ത്യമായങ്ങയ്ക്കു യാത്ര നല്കീടുവാൻ
ശബ്ദമില്ലല്ലോയിഗ്ഗദ്ഗദമെന്നിയേ....
അങ്ങയ്ക്കു പ്രാണനാം റോജാമലരുക_
ളർച്ചനയ്ക്കായ്പോലുമില്ലെൻ കരങ്ങളിൽ!
മാപ്പു നല്കീടുക ഞാനെന്റെ കണ്ണുനീ_
ർപ്പൂക്കളാൽ കോർത്തൊരീ മാല ചാർത്തുന്നതിൽ!!

*പുസ്തകാഭിപ്രായം:*

## കമ്മ്യൂണിസം – പ്രശ്നവും പ്രതിവിധിയും.

ഗ്രന്ഥകർത്താവ്: ഡഗ്ലസ് ഹൈഡ്. പരിഭാഷകൻ: ലൂയിസ് തറയിൽ. പ്രസാധകർ: എസ്. എച്ച്. ലീഗ്. പേജ്_115. വില—1.25.

'കമ്മ്യൂണിസ'മെന്നു കേട്ടാൽ ഞെട്ടുകയും 'കമ്മ്യൂണിസ്റ്റ്കാരനെ' തെല്ലൊരു അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്തിരുന്ന കാലമുണ്ടായിരുന്നു. ഇന്നും യഥാർത്ഥ കത്തോലിക്കരും മനുഷ്യസ്നേഹികളും അങ്ങനെതന്നെ. വാസ്തവത്തിൽ കമ്മ്യൂണിസം ലോകത്തിനൊരു വിപത്താണ്; ഭീഷണിയാണ്. ആത്മവിശ്വാസത്തോടെ എന്തക്രമങ്ങളും പ്രവർത്തിക്കുന്നതിന് പ്രചോദനം നല്കുന്ന ഒരു പ്രത്യയശാസ്ത്രം അതിന്റെ പിന്നിലുണ്ട്. വഞ്ചന, അക്രമം, അനീതി_മാറി മാറി പ്രയോഗിക്കും. വിശ്വാസം നഷ്ടപ്പെട്ടിടത്തേ കമ്മ്യൂണിസം വളരുകയുള്ളൂ. അസംതൃപ്തരായ മനുഷ്യരുടെ ഇടയിൽ കമ്മ്യൂണിസം മുളയെടുക്കുന്നു. മാനവരാശിയുടെ സാക്ഷാത്കരിക്കപ്പെടാത്ത കിനാവുകളുടേയും ആദർശത്തിനുവേണ്ടി സർവ്വതും സമർപ്പിക്കുവാനുള്ള അതിരു കടന്ന അഭിലാഷങ്ങളുടേയും പേരു പറഞ്ഞ് കമ്മ്യൂണിസ്റ്റ്കാർ സ്വന്തം കാര്യങ്ങൾ നേടിയെടുക്കും.

ഈ പുസ്തകം കമ്മ്യൂണിസമെന്നും പ്രതിവിധിയെന്നും രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്തിൽ കമ്മ്യൂണിസത്തിന്റെ ഉത്ഭവത്തെയും കാലാകാലങ്ങളിലുണ്ടായ വളർച്ചയെയും ആ വളർച്ചയുടെ പിന്നിലുള്ള നയതന്ത്രങ്ങളേയും പ്രതിപാദിക്കുന്നു. കമ്മ്യൂണിസമെന്ന 'മഹാ'പ്രശ്നത്തിനുള്ള പ്രതിവിധികൾ രണ്ടാം ഭാഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ പററിയാണ് പ്രതിപാദിച്ചിരിക്കുന്നതെങ്കിലും ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും ഇതു് ബാധകമാണ്. ഏതൊരു ഭൂഖണ്ഡത്തിലായിരുന്നാലും കമ്മ്യൂണിസ്ററുകളുടെ നയങ്ങൾ ഒന്നുതന്നെയാണല്ലൊ.

കമ്മ്യൂണിസ്റ്റ് പാർട്ടിപ്രവർത്തനത്തിൽ പക്വതയാർജ്ജിച്ച ആളാണ് ഈ പുസ്തകത്തിന്റെ കർത്താവ്. അതുകൊണ്ട് മററാരേക്കാളും താത്വികമായും സ്വാനുഭവങ്ങളിൽനിന്നും കമ്മ്യൂണിസത്തെപ്പററി പറയുന്നതിനു് ഡഗ്ലസ് ഹൈഡിനു കഴിയും. കമ്മ്യൂണിസത്തെ ശരിക്കും പഠിച്ചിട്ടുള്ള ആളാണ് പരിഭാഷകൻ. ചുരുക്കത്തിൽ, രണ്ടും ഒത്തിണങ്ങിയതു് നന്നായി.

കമ്മ്യൂണിസമെന്ന ലോകവിപത്തിനെ തടയാൻ മാർഗ്ഗങ്ങളാരായുന്ന മനുഷ്യസ്നേഹികൾക്കും കമ്മ്യൂണിസം എന്താണെന്ന് ശരിക്കും മനസ്സിലാക്കാതെ പാർട്ടിക്കുവേണ്ടി ജീവനർപ്പിക്കുവാൻപോലും മെനക്കെട്ടുനടക്കുന്ന 'നല്ലമനുഷ്യർ'ക്കും ഈ ചെറിയ 'വലിയ' പുസ്തകം പഠനവിഷയമാകട്ടെ.

*— ജോസഫ് വട്ടോലി*

ചെറുകഥ

ജോർജ്ജ് തലക്കോട്ടുകര

# ഇരുൾ വീണ വഴിത്താര

നടയിറങ്ങിപ്പോകുന്ന ഭർത്താവിനെ നോക്കി ജെസീന്ത ചിന്താമൂകയായി നിന്നു. കണ്ണുകളിൽ ജലം നിറഞ്ഞുതുളുമ്പി; ചുവരിനോട് ചേർന്നുനിന്നുകൊണ്ട് അവൾ തേങ്ങി.

വീടാകെ നിശ്ശബ്ദമാണ്. ആരുമാരും ഒന്നും മിണ്ടുന്നില്ല. ഔസേപ്പുചേട്ടൻ താടിക്കു കൈയും കുത്തി കട്ടിലിൽ ഇരിപ്പുണ്ട്. മാത്തിരിച്ചേടത്തി വരാന്തയിൽ ഇരുന്ന് കണ്ണു തുടയ്ക്കുകയാണ്.

എന്തു ചെയ്യും? ഔസേപ്പുചേട്ടന് ഒരു രൂപവുമില്ല. നാളുകൾ പലതായി ജെസീന്തയെ വിടണമെന്ന് വിചാരിക്കാൻ തുടങ്ങിയിട്ട്. വന്നിട്ട് ആറേഴ് മാസമായി. പ്രസവം കഴിഞ്ഞു; കുട്ടിക്ക് മൂന്നു മാസം പ്രായവും ആയി. അഞ്ചാറു തവണ ഭർത്തൃഗൃഹത്തിൽനിന്ന് ആളു വന്നു. മൂന്നു തവണ ഭർത്താവുതന്നെ വന്നു പറഞ്ഞു. അന്നൊക്കെ ഓരോ ഒഴിവുകഴിവുകൾ പറഞ്ഞുവിട്ടു.

"ജെസീന്തയെ വിടണം."

"എന്റെ മകനേ, ഈ മാസംകൂടി കഴിയട്ടെ." ഔസേപ്പുചേട്ടൻ നല്ലവാക്ക് പറയും. അങ്ങനെ അവധികൾ പലതു കഴിഞ്ഞു. ഇനി എന്തു ചെയ്യും? കാക്കാശിന് വഴിയൊന്നും കാണുന്നില്ല.

"ഇനി ഒരു ദിവസം ഇവിടെ നിർത്താൻ ഒക്കുകേല." തങ്കച്ചന്റെ സ്വരത്തിൽ ദൃഢത നിഴലിച്ചിരുന്നു.

"ജെസീ" തങ്കച്ചൻ വിളിച്ചു.

"എന്തോ?"

"ഇറങ്ങെടീ."

അവൾ ഒന്നും മിണ്ടിയില്ല. ആ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

"ഇപ്പം എങ്ങനാ പോരുന്നതു്? ഒരു നല്ല തുണി പോലും ഇല്ല."

"ഇറങ്ങെടീ"—പിന്നെയും ആ ശബ്ദം ഘനഗംഭീരമായി മുഴങ്ങി.

"എന്റെ മകനേ, നീ ക്ഷമിക്ക്. താമസിയാതെ ഞങ്ങൾ കൊണ്ടുവന്നാക്കാം." ഔസേപ്പുചേട്ടൻ ദയനീയമായി പറഞ്ഞു.

പക്ഷേ അതൊന്നും തങ്കച്ചൻ കേൾക്കുന്നില്ല. പിടിച്ച പിടിയാലെ കൊണ്ടുപോകണമെന്നാണ് പ്ലാൻ. അവൻ മുറിയ്ക്കകത്തേയ്ക്കു കയറി കൊച്ചിനെ എടുത്തു. ജോയിമോൻ തൊട്ടിലിൽ കിടന്നുറങ്ങുകയായിരുന്നു. അവൻ ഞെട്ടിയുണർന്ന് നിലവിളിച്ചു.

"എന്നാ പണിയാ ഇതു്.......?" ജെസീന്ത വേഗം ചെന്ന് ജോയിമോനെ പിടിച്ചു.

"ഠേ........" തങ്കച്ചന്റെ കൈ ജെസീന്തയുടെ കവിളിൽ ആഞ്ഞുപതിഞ്ഞു.

"ഠേ........"

"അമ്മേ!" ഒരു നിലവിളി. ജെസീന്ത തലചുററി തറയിൽ വീണു.

മാത്തിരിച്ചേടത്തി ഓടിവന്നു. കരഞ്ഞുകൊണ്ട് അവർ പറഞ്ഞു: "ഈ വീട്ടിലിട്ടു ഇവളെ അടിക്കാൻ നിനക്കെന്നാ കാര്യം? നിനക്കു ഞാൻ പിടിച്ചുതന്നു എന്നുവെച്ച് ഇതൊന്നും ശരിയല്ല മോനെ!"

ആരും ഒന്നും മിണ്ടിയില്ല. വേദന ആ അന്തരീക്ഷത്തിൽ തളംകെട്ടിനിന്നു. ജെസീന്തയുടെ കരച്ചിൽ മാത്രം ആ മൂകതയെ ഭഞ്ജിച്ചുകൊണ്ടിരുന്നു.

നിറഞ്ഞ കണ്ണുകളോടെ ഔസേപ്പുചേട്ടൻ വിദൂരതയിലേയ്ക്കു നോക്കി ചിന്തിച്ചു. അങ്ങകലെ ഉയർന്നുനില്ക്കുന്ന വയനാടൻചുരം കാർമേഘങ്ങൾ മൂടുകയാണ്. സൂര്യന്റെ സിംഹാസനത്തിലെന്നപോലെ ആ കാർമുകിൽ ഉയർന്നുനില്ക്കുന്നു.

വെളിച്ചമില്ലാത്ത ഒരു വഴിത്താരയാണ് ഔസേപ്പുചേട്ടന്റെ മുമ്പിൽ. എന്തു ചെയ്യും? ജെസീന്തയുടെ രണ്ടു സ്വർണ്ണമാല ബാങ്കിലാണ്. മൂന്നു മാസം മുമ്പ് പണയംവെച്ചതാണ്. മാമ്മോദീസാക്കല്യാണത്തിനു പണം ഇല്ലാതെവന്നു. പത്താൾ വരും എന്ന് അറിയിച്ചിരുന്നു.

നല്ലൊരു ചെലവുണ്ട്. കർക്കിടകമാസക്കാലം. ഔസേപ്പുചേട്ടൻ വളരെ വിഷമിച്ചു. കടം ചോദിച്ചിട്ടു കിട്ടാനില്ല. ആദ്യത്തെ പ്രസവമാണ്. അപ്പോൾ മാമ്മോദീസാക്കല്യാണം നന്നായി നടത്തണം. അല്ലെങ്കിൽ മനുഷ്യരെന്തു പറയും?

ജെസീന്തയുടെ മാല പെട്ടിയിൽ ഇരിപ്പുണ്ട്. അതു് തൽക്കാലം പണയംവെയ്ക്കാം. രണ്ടു മാസം കഴിഞ്ഞ് പോകാറാകുമ്പോഴേയ്ക്ക് എടുക്കാം. തൽക്കാലത്തെ കാര്യം നടക്കട്ടെ.

മാമ്മോദീസാക്കല്യാണം സാമാന്യം ഭേദമായിക്കഴിഞ്ഞു. മനസ്സായിട്ടൊന്നും ചെയ്തതല്ല. ചെയ്തില്ലെങ്കിൽ ജസീന്തയ്ക്ക് കിടക്കപ്പൊറുതിയുണ്ടാവില്ല. അമ്മായിഅമ്മ ആട്ടും; നാത്തൂന്മാർ പരിഹസിക്കും. "ഞങ്ങളുടെ വീട്ടിൽ വന്ന് നല്ലപോലെ തിന്നേച്ചുപോയില്ലെ. അവിടെ വന്നിട്ട് എന്നാ ഉണ്ടായിരുന്നെടീ....?"

അയൽക്കാരും ചോദിക്കും, "മാമ്മോദീസായ്ക്കു പോയിട്ട് എന്തൊക്കെ പലഹാരം ഉണ്ടായിരുന്നു?"

അപ്പോൾ ഇനി മാലയുംകൂടി ഇല്ലാതെ ചെന്നാലോ? അതും പോരാ, കൊച്ചിന് എന്തെങ്കിലും ആഭരണവും ഉണ്ടാക്കണം. ഒരു മാല, രണ്ടു മോതിരം, ഒരു അരഞ്ഞാണം. ഒരു പൈസയും കൈയിൽ ഇല്ല. ഔസേപ്പുചേട്ടൻ എപ്പോഴും ചിന്തിച്ചുനടക്കും.

അയൽക്കാരിൽ ചിലർ ചോദിച്ചു: "ജെസീന്തയെ എന്താ വിടാത്തെ?"

"എല്ലാം ഒത്തുപിടിച്ചുവരേണ്ടേ?" അതാണ് ഔസേപ്പുചേട്ടന്റെ മറുപടി. ശരിയാ. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒരു പെണ്ണിനെ ഇറക്കിവിടാൻ ചില്ലറ പാടൊന്നും അല്ല.

ഉടുക്കാൻ വേണ്ടത്ര തുണിയില്ല. രണ്ടു മുറിയും രണ്ടു ചട്ടയും വാങ്ങണം. ഉള്ള തുണിതന്നെ ഭർതൃഗൃഹത്തിൽ ചെന്നാൽ വെയ്ക്കാൻ സ്ഥലമില്ല.

വീട്ടിൽ വരുമ്പോഴെല്ലാം ജെസീന്ത ഓർപ്പിക്കാറുള്ളതാണ് ഒരു പെട്ടി വാങ്ങിക്കൊടുക്കാൻ. പക്ഷേ എന്തു ചെയ്യും? വീട്ടിൽ ബുദ്ധിമുട്ടാണെന്ന് അവൾക്കറിയാം. എന്നാൽ എങ്ങനെ പറയാതിരിക്കും? ചിരിപ്പാവും നേരിയതും മുണ്ടും എവിടെ വയ്ക്കും? രണ്ടു പെട്ടി ഭർതൃഗൃഹത്തിൽ ഉണ്ട്. അതിൽ ജെസീന്തയുടെ തുണി വയ്ക്കാൻ സ്ഥലവുമുണ്ട്. അമ്മായിഅമ്മ സമ്മതിക്കണ്ടേ?

"എടി പെണ്ണേ, തുണി വെയ്ക്കാൻ പെട്ടി മേടിച്ചോണ്ടുവാ. ഇവിടെ നിന്റെ അപ്പന്റെ മൊതലൊന്നും ഇല്ല." അമ്മായിഅമ്മ പറയും.

ജെസീന്ത ഒന്നും മിണ്ടുകയില്ല. അവൾ തുണി വാരിക്കെട്ടി എവിടെയെങ്കിലും വയ്ക്കും. വല്ല എലിയോ പാററയോ ഉപദ്രവിക്കുമോ? ചിരിപ്പാവും നേരിയതും മുണ്ടും അതിനകത്താണ്. വല്ല കേടും പററിയാലോ!

വീട്ടിൽ ചെല്ലുമ്പോൾ ഓർപ്പിക്കും: "അപ്പാ, ഒരു പെട്ടി മേടിച്ചുതാ." ഔസേപ്പുചേട്ടൻ ചിലപ്പോൾ ഒന്നും മിണ്ടുകയില്ല. കട്ടിലിൽ ചിന്താമൂകനായി അങ്ങനെ ഇരിക്കും.

ജെസീന്തയുടെ കണ്ണുകൾ നിറയും. ചോദിക്കേണ്ടായിരുന്നു. അപ്പന്റെ ഹൃദയം വേദനിക്കുന്നുണ്ട്. നിവൃത്തിയില്ലാഞ്ഞിട്ടാണ്. അല്ലെങ്കിൽ ചോദിക്കാതെതന്നെ വാങ്ങിത്തന്നേനെ. എന്നാലും ഭർതൃഗൃഹത്തിലെ കഷ്ടപ്പാടുകൾ ഓർക്കുമ്പോൾ ചോദിച്ചുപോകയാണ്.

സുന്ദരമായ ഒരു ദാമ്പത്യജീവിതത്തെ ജെസീന്ത ഭാവനയിൽ ദർശിച്ചതാണ്. പക്ഷേ അതും വെറും വ്യാമോഹം മാത്രമായി ശേഷിച്ചു. ഭർത്താവിനു തന്നോടിഷ്ടമില്ലാഞ്ഞിട്ടല്ല. അമ്മായിഅമ്മ എപ്പോഴും വഴക്കും ശകാരവും. നാത്തൂന്മാരുടെ ഏഷണികൊണ്ട് എത്രയോ പ്രാവശ്യം താൻ ഭർത്താവിൽനിന്ന് മർദ്ദനം ഏറ്റിട്ടുണ്ട്.

അമ്മായിഅമ്മ പലപ്പോഴും പറയും "ഈ തലതെറിച്ചതു വന്നതിൽപ്പിന്നെ മുടിവുതന്നെയാ" എന്ന്.

അക്കൊല്ലത്തെ മകരകൃഷി മോശമായിരുന്നു. മഴക്കുറവുനിമിത്തം കുറെ നെല്ല് ഉണങ്ങിപ്പോയി. അതിനെല്ലാം കാരണക്കാരി ജെസീന്തയാണത്രെ.

എന്തു പണിയെടുക്കാനും ജെസീന്ത തയ്യാറാണ്. എന്നാൽ സ്നേഹമുള്ള ഒരു വാക്കിനും ഒരു കൊച്ചു പുഞ്ചിരിക്കുംവേണ്ടി ആ ഹൃദയം ദാഹിച്ചു. മുഖത്ത് എപ്പോഴും വിഷാദത്തിന്റെ മൂടുപടം. ഹൃദയത്തിൽ വേദനയും. ചൈതന്യം ഇല്ലാതെ ആ മുഖം വാടി.

മാത്തിരിച്ചേടത്തി പറഞ്ഞു: "മകളേ, നിന്റെ കോലം കെട്ടുപോയല്ലോ! എങ്ങനിരുന്ന പെണ്ണായിരുന്നു!" കണ്ടാൽ അറിയുകയില്ലാത്തവിധം അത്ര ശോഷിച്ചിരുന്നു അവളുടെ ശരീരം. വേദനയാൽ അതു നീറി നീറി ദഹിക്കുകയാണ്.

"പെണ്ണിനെ ഇങ്ങനെ നിർത്തിക്കൊണ്ടു നിന്നാലോ? കൊണ്ടുപോയി വിടേണ്ടേ?"

"അതിനെന്താടി വഴി?" ചിന്തയിൽനിന്ന് ഉണർന്നുകൊണ്ട് ഔസേപ്പുചേട്ടൻ ചോദിച്ചു.

ജെസീന്ത ജോയിമോനെ വാരിയെടുത്തു ചുംബിച്ചു. "എന്റെ മോനെ, ചാച്ചൻ പോയി." ജെസീന്തയുടെ കണ്ണുകൾ പിന്നേയും നിറഞ്ഞുതുളുമ്പി. രണ്ടു തുള്ളി കണ്ണുനീർ ആ വരാന്തയിൽ വീണു ചിന്നിച്ചിതറി.

അവൾ കണ്ണുകൾ തുടച്ചു വെളിയിലേയ്ക്കു നോക്കി. അതാ ഭർത്താവു നടന്നകലുന്നു.

പഴക്കംചെന്ന ചില സാമുദായികാചാരവിധികളുടെ ഇരുൾ വീണ വഴിത്താരയിലൂടെ ഇതുപോലെത്രയോ ജീവിതങ്ങൾ നെടുവീർപ്പോടെ നടന്നകലുന്നു!

●


കല്യാണസാരികൾക്കു
വെള്ളാനിക്കാരൻസ്
മോഡേൺ
ഫേബ്രിക്സ്
PHONE 90
ചാലക്കുടി

# വിശുദ്ധ പത്താംപീയൂസ്

— ജോർജ്ജ് എം. ഡി.

*

യുക്തിരഹിതരായ 'യുക്തിവാദി'കളാലും വിശ്വാസവിമുഖരായ വികലചിന്തകരാലും പരക്കെ പരിഹസിക്കപ്പെടുകയാണിന്നു്, കത്തോലിക്കാ സഭയിലെ വിശുദ്ധാത്മാക്കൾ. ശ്മശാനങ്ങളിലെ മൂകമായ കുഴിമാടങ്ങളിൽ അജ്ഞരായ ജനങ്ങളുടെ അന്ധമായ വികാരങ്ങൾ അർപ്പിക്കുന്ന നേർച്ചകാഴ്ചകളുടെമാത്രം പിൻബലത്താൽ കത്തോലിക്കാ സഭ ദിനംപ്രതി വിശുദ്ധരെ സൃഷ്ടിക്കുന്നുവെന്നാണു് ഇക്കൂട്ടർ പറഞ്ഞുപരത്തുന്നതു്.

ദൈവത്തെ കലവറ കൂടാതെ സ്നേഹിച്ചു്, സമസൃഷ്ടങ്ങളെ ആവോളം സേവിച്ചു്, വിശുദ്ധജീവിതം നയിച്ചു്, മരണശേഷം മഹത്വത്തിന്റെ ശ്രീകോവിലിൽ വിശുദ്ധിയുടെ മകുടം ചൂടിയ പത്താം പീയൂസിനോടും മലിനഹൃദയരായ യുക്തിവാദികൾക്കു് അസൂയ തോന്നുന്നതിൽ അത്ഭുതപ്പെടാനില്ല.

ഇററലിയിലെ ഒരു കുഗ്രാമത്തിൽ ഒരു ചെരിപ്പുകുത്തിയുടെ മകനായി പത്താം പീയൂസ് ഭൂജാതനായി. മതാപിതാക്കൾ മകനെ ജോസഫ് സാർത്തോ എന്നു നാമകരണംചെയ്തു. പതിനൊന്നാമത്തെ വയസ്സിലാണു് ജോസഫ് സാർത്തോവിനു ദിവ്യകാരുണ്യ ഈശോയെ സ്വീകരിക്കുവാൻ സാധിച്ചതു്. വിദ്യാഭ്യാസത്തിനായി മൂന്നു നാഴിക അകലെയുള്ള സ്കൂളിലേയ്ക്കു പോകേണ്ടിയിരുന്നു. ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ സാർത്തോവിനു് ഉന്നതപഠനം നടത്തുവാൻ സാധിച്ചു. മഞ്ഞുമൂടിയ മലംപ്രദേശങ്ങളിൽക്കൂടി സ്കൂളിൽ പോയിരുന്ന സാർത്തോ ചെരിപ്പുകൾ കാലിൽ ധരിക്കുന്നതിനുപകരം തോളിൽ തൂക്കിയിടുകയാണു് ചെയ്തിരുന്നതു്. അതിനു ജോസഫ് സാർത്തോ പറയുന്ന കാരണം ഇതാണു്: "ചെരിപ്പുകൾ തേഞ്ഞുപോയാൽ വേറെ വാങ്ങിത്തരാൻ എന്റെ വത്സലപിതാവിനു കഴിവില്ല. ആകയാൽ കഴിയുന്നത്ര തേയാതെ സൂക്ഷിക്കേണ്ടതു് എന്റെ ചുമതലയാണു്." സാർത്തോ പഠനത്തിൽ സമർത്ഥനും സ്വഭാവത്തിൽ ശാന്തനും ആയിരുന്നു.

ഇടവകപ്പള്ളിയിലെ ബ. വികാരിയച്ചന്റെ പരിശ്രമത്താൽ സാർത്തോവിനു് സെമ്മിനാരിയിൽ ചേരുന്നതിനു കഴിഞ്ഞു. 23_ാമത്തെ വയസ്സിൽ അദ്ദേഹം ഒരു വൈദികനായി. ആദ്യത്തെ ഒമ്പതു കൊല്ലം ഇടവകവികാരിയുടെ സഹായിയായും, തുടർന്നുള്ള ഒമ്പതു വർഷം ഒരു ഇടവകവികാരിയായും ഫാദർ സാർത്തോ നിസ്വാർത്ഥസേവനം അനുഷ്ഠിച്ചു. തീർന്നില്ല, ചാൻസലർ, വികാരി ജനറൽ, സെമ്മിനാരി റെക്ടർ എന്നീ വിവിധ തുറകളിൽ അടുത്ത ഒമ്പതു കൊല്ലം സേവനം നടത്തിയതിനുശേഷം ഫാദർ സാർത്തോ മാന്തുവായിലെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. വേറൊരു ഒമ്പതു കൊല്ലത്തോളം അവിടെ മെത്രാനായി രൂപതാഭരണം സ്തുത്യർഹമായി നിർവ്വഹിച്ചു. ഈ കാലയളവിൽ രൂപതയാകമാനം പരിഷ്കരിച്ചു് ജനലക്ഷങ്ങളെ ക്രൈസ്തവജീവിതത്തിൽ ഉദ്ബുദ്ധരാക്കി.

1893_ലാണു് പതിമൂന്നാം ലെയോ മാർപ്പാപ്പാ ബിഷപ്പ് സാർത്തോയെ കർദ്ദിനാൾസ്ഥാനത്തേയ്ക്കുയർത്തുകയും വെനീസിലെ പാത്രിയാർക്കീസായി നിയമിക്കുകയും ചെയ്തതു്. ഒമ്പതു വർഷത്തിനുശേഷം, പരി. പിതാവ് ലെയോ പതിമൂന്നാമൻ ദിവംഗതനായപ്പോൾ, ശവസംസ്കാരച്ചടങ്ങുകളിൽ സംബന്ധിക്കുന്നതിനും പുതിയ പാപ്പയെ തെരഞ്ഞെടുക്കുന്നതിനുമായി കർദ്ദിനാൾ ജോസഫ് സാർത്തോ റോമിലേയ്ക്കു പോയി. കോൺക്ലേവ് കഴിഞ്ഞു് വെനീസിലേയ്ക്കു മടങ്ങുന്നതിനുള്ള റെയിൽവേ ടിക്കററും അദ്ദേഹം വാങ്ങിയിരുന്നു. എന്നാൽ ദൈവേഷ്ടം മറിച്ചായിരുന്നു. ആ കോൺക്ലേവിൽ വെച്ചു് പുതിയ മാർപ്പാപ്പയായി കർദ്ദിനാൾ ജോസഫ് സാർത്തോ തെരഞ്ഞെടുക്കപ്പെടുകയാണുണ്ടായതു്. അദ്ദേഹം പത്താം പീയൂസ് എന്ന നാമധേയത്തിൽ പാപ്പയായി സ്ഥാനാരോഹണം ചെയ്തു.

പത്താം പീയൂസ് പാപ്പാ വളരെ എളിയ തോതിൽ ജീവിച്ചു. ദരിദ്രനായി ജനിച്ച അദ്ദേഹം ദരിദ്രനായി ജീവിക്കുകയും ദരിദ്രനെപ്പോലെ മരിക്കയും ചെയ്തു. അദ്ദേഹത്തിന്റെ സ്വകാര്യജീവിതം തീക്ഷ്ണമായ പ്രാർത്ഥനയും നിരന്തരപ്രായശ്ചിത്തവും മുററിയതായിരുന്നു. 1914–ൽ ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ അതിന്റെ ഭയാനകഫലങ്ങളോർത്തു് ദുഃഖിതനായി ആഗസ്റ്റ് 20–ാംനു- ഇദ്ദേഹം നിര്യാതനായി.

പത്താം പീയൂസിന്റെ ഭരണകാലത്തു് തിരുസഭയിൽ പല പരിഷ്കാരങ്ങളും നടപ്പാക്കിയിട്ടുണ്ടു്. "മിശിഹായിൽ സകലവും നവീകരിക്കുക" എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. കാനോൻനിയമസംഹിത, ദേവാലയഗീതം, വേദോപദേശപ്പുസ്തകം — എന്നിവ പരിഷ്കരിച്ചതു് പത്താം പീയൂസ് പാപ്പായുടെ പരിശ്രമഫലമായിട്ടാണു്. കുട്ടികൾ ദിവ്യകാരുണ്യം ഉൾക്കൊള്ളുവാൻ പാടില്ല എന്നുള്ള നിയമം നിർത്തലാക്കുകയും പ്രതിദിനദിവ്യകാരുണ്യസ്വീകരണത്തെ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയുംചെയ്തു.

ദൈവമഹത്വത്തിനും തിരുസഭാനവീകരണത്തിനുമായി ജീവിതം ബലിയർപ്പിച്ചു് പരിശുദ്ധജീവിതം നയിച്ച പത്താം പീയൂസ് സ്വർഗ്ഗത്തിലേയ്ക്കു പ്രവേശിച്ചപ്പോൾ, സ്വർഗ്ഗസ്ഥനായ പിതാവ്, ആ വിശ്വസ്ഥദാസൻ ആൾത്താരയിൽ വണങ്ങപ്പെടുന്നതിനു തിരുമനസ്സായി. 1954 മേയ് 29_ാംനു- പന്ത്രണ്ടാം പീയൂസ് പാപ്പ ഇദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്തു. മഹത്വത്തിന്റെ ശ്രീകോവിലിൽ വിശുദ്ധിയുടെ മകുടം ചൂടിയ വിശുദ്ധ പത്താം പീയൂസിന്റെ തിരുനാൾ ലോകമാസകലം കൊണ്ടാടുന്നതു് സെപ്റ്റംബർ 3–ാം തീയതിയാണു്.

•



അടുത്ത പന്ത്രണ്ടു വർഷം എല്ലാ മാസവും നിങ്ങൾ 100 ക.യ്ക്കുള്ള ഓരോ 12-വർഷ നാഷണൽ ഡിഫൻസ് സർട്ടിഫിക്കററു വീതം വാങ്ങുന്നുവെന്നു കരുതുക. പന്ത്രണ്ടു വർഷത്തിന്നുശേഷം എല്ലാ മാസവും ഒരു സട്ടിഫിക്കററു വീതം പ്രായപൂർത്തിയെത്തും. അപ്പോൾ എല്ലാ മാസവും 175 ക. വീതം നിങ്ങൾക്കു കിട്ടുന്നതാണു്. നികുതിയില്ലാത്ത ഈ പ്രതിമാസവരുമാനം വാർദ്ധക്യത്തിൽ നിങ്ങൾക്കു ഒന്നാന്തരമൊരു താങ്ങായിരിക്കും. പെൻഷൻ പോലെ തന്നെ ഉറച്ച ഒരു വരുമാനമാണിതു്.

# മാസംതോറും നിങ്ങൾക്കൊരു പെൻഷൻ

സട്ടിഫിക്കററുകൾ പ്രായപൂർത്തിയെത്തുമ്പോൾ പലിശയായ 75 ക. മാത്രം കൈവശം വെച്ചു് ബാക്കി 100 ക. വീണ്ടും നാഷണൽ ഡിഫൻസ് സട്ടിഫിക്കററുകളിൽത്തന്നെ, നിക്ഷേപിക്കാനും നിങ്ങൾക്കു സാധിക്കുന്നതാണു്. പണം ഇപ്രകാരം പുതുതായി നിക്ഷേപിച്ചതിന്നുശേഷമുള്ള അടുത്ത പന്ത്രണ്ടു വർഷത്തേക്കു് നിങ്ങൾക്കോ നിങ്ങളുടെ ആശ്രിതർക്കോ മററാരാവത്തി വരുമാനം ലഭിക്കുന്നു. നിങ്ങൾക്കും നിങ്ങളുടെ ആശ്രിതർക്കും ലഭിക്കാനിടയുള്ള ഏററവും മികച്ച സംരക്ഷണമാണു് നാഷണൽ ഡിഫൻസ് സട്ടിഫിക്കററുകൾ.

---

# നാഷണൽ ഡിഫൻസ് സർട്ടിഫിക്കററുകൾ

## വാങ്ങുവിൻ

---

ദേശീയ സമ്പാദ്യ സംഘടന

DA 64/218



നിത്യസഹായമാതാവിൻെറയും അന്തോണീസ് പുണ്യവാൻെറയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. വൈകിയതിനു് ക്ഷമാപണം.

— ഉണ്ണീശോയുടെ ഒരു വിനീതദാസി, ഏങ്ങണ്ടിയൂർ.



(262_ൽ നിന്നു തുടർച്ച)

കണ്ണു തുറന്നതു്. വീട്ടിലെ മററുള്ളവർ ഇരുന്നു ചിരിക്കുന്നു. സംഭവം ആലോചിച്ചപ്പോഴാണു മനസ്സിലായതു്, ഞാൻ പ്രാർത്ഥനയ്ക്കു കൂടുകയാണെന്നു്. പ്രാർത്ഥന കഴിഞ്ഞു് എല്ലാവരും എഴുന്നേററു. അപ്പൻ ചൂരൽകൊണ്ടു് അടിച്ചതാണു് പുറത്തു്. അല്ലാതെ പുലി മാന്തിയതല്ല. ഞാൻ പുലി മാന്തിയപ്പോൾ പറഞ്ഞ വാക്കുകൾ അപ്പനോടു് പറഞ്ഞതെന്നു് അപ്പൻ തെററിദ്ധരിച്ചതിൻെറ ഫലമായാണു് അപ്പൻെറ പരുപരുത്ത ഉള്ളംകയ്യും എൻെറ മിനുസമേറിയ കവിൾത്തടവും തമ്മിൽ കൂട്ടിമുട്ടിയതു്. വേദനിക്കുന്ന കവിൾത്തടവും പുറവും മെല്ലെ തടവിക്കൊണ്ടു് ഞാൻ എഴുന്നേററു.

●

*Directors' Column*

# A DELICATE MATTER

The relations with individuals are a very delicate matter and present many difficulties. It might be alleged that they do not require the same assurance and ease in speaking that group talk do, nor the skill and leadership that governing requires, nor the energy sometimes needed to struggle against obstacles and overcome hostility and defiance. That may well be; but in compensation they demand many other qualities. How much consultation goes on indefinitely without success or purpose? How many hearts which ask only to be opened remain locked, obstinate, or timid because too much haste has been shown, and, time has not been patiently allowed them to open gradually of themselves, or else because the favorable moment was let pass without helping them!

Is it then really so easy in these intimate personal conversations never to be either too worldly or too unworldly, too stern or too tender, hearted, too familiar or too distant, too slow or too hasty, to keep yourself free of any preconceived judgment or feeling to adapt yourself to each individual, to become all things to all men, to respect the liberty of the soul, under God's guidance, while at the same time serving it effectively as a sure guide and firm support?

Basically the greatest difficulty in the natural order—the normal conditions of which are not set aside by grace—is reducible to a question of confidence. The Director has to conquer or more precisely, to attract the confidence of the Sodalists. He then has to retain it, and it is his job to respond to it. But his response must be exactly in proportion to the amount of confidence that has been willingly given.

From the day that they ask to be admitted into the Sodality, they place themselves by that act under the paternal authority of the Director and give themselves into his hands to be formed by him according to the spirit, Rules, and traditions of the Sodality. The Director in turn, by accepting the candidate, engages himself to respond to his appeal. Thus, it is his duty to maintain the relation of a friend, teacher, leader, and father toward him. No one actually has the right to probe the heart or conscience of another, or to penetrate even to the border of that sacred sanctuary, except insofar as he is admitted by him who, after God, is its sole master. — E. VILLARET S. J.

# സൊഡാലിററി വാർത്തകൾ

## നാഷണൽ സൊഡാലിററി കൺവെൻഷൻ

ബോംബേ ദിവ്യകാരുണ്യ കോൺഗ്രസ്സിനോടനുബന്ധിച്ച് '64 നവംബർ 28 മുതൽ ഡിസംബർ 1 വരെ തീയതികളിൽ ഇന്ത്യൻ സൊഡാലിററികളുടെ പ്രഥമ ദേശീയ കൺവെൻഷൻ നടത്തപ്പെടുന്നതാണ്. അഖിലേന്ത്യാ സൊഡാലിററി ഫെഡറേഷനാണ് ഇത്തരമൊരു ബൃഹൽസംരംഭത്തിനു മുൻകൈ എടുക്കുന്നതു്. എണ്ണൂറോളം പ്രതിനിധികൾക്കു പങ്കെടുക്കുവാൻ മാത്രമേ സൗകര്യമുണ്ടായിരിക്കുകയുള്ളു. വിദേശങ്ങളിൽനിന്നു ദിവ്യകാരുണ്യകോൺഗ്രസ്സിനു വരുന്ന ഏതാനും സൊഡാലിററി പ്രതിനിധികളും ഈ പരിപാടികളിൽ പങ്കുകൊള്ളുന്നതാണ്. നാഷനൽ സൊഡാലിററി ഫെഡറേഷനിൽ ചേർന്നിട്ടില്ലാത്ത സൊഡാലിററികൾക്കും ഈ കൺവെൻഷനിലേയ്ക്കു പ്രതിനിധികളെ അയയ്ക്കാവുന്നതാണ്.

## നാഷണൽ ഫെഡറേഷന്റെ സമ്പൂർണ്ണ സമ്മേളനം

മുൻപറഞ്ഞ സൊഡാലിററി കൺവെൻഷന്റെ അവസാനദിനത്തിൽ, അഖിലേന്ത്യാ സൊഡാലിററി ഫെഡറേഷന്റെ ഒരു സമ്പൂർണ്ണസമ്മേളനം നടത്തുന്നതാണ്. രണ്ടു കൊല്ലം മുമ്പ് രൂപീകരിച്ച ഫെഡറേഷൻ ഒരു സമ്പൂർണ്ണ സമ്മേളനം നടത്തുന്നതു് ആദ്യമായിട്ടാണ്. ഫെഡറേഷന്റെ നിയമാവലിയനുസരിച്ച്, ഓരോ രൂപതയിൽനിന്നും രൂപതാ പ്രൊമോട്ടർക്കും മുമ്മൂന്നു പ്രതിനിധികൾക്കും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കാനവകാശമുണ്ട്. ഓരോ രൂപതയിൽനിന്നും പോകുന്നവരുടെ പേരുവിവരം ഉടനേ ദേശീയ കേന്ദ്രത്തിൽ അറിയിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

## സാമ്പത്തികം

ഇന്ത്യൻ സൊഡാലിററികളുടെ സംഘടനാബലം ദൃഢപ്പെടുത്തുന്നതിനും ഭാവിപരിപാടികൾ വിജയോന്മുഖമാക്കുന്നതിനും ബോംബേ കൺവെൻഷൻ നിർണ്ണായകമായ ഒരു കാൽവയ്പായിരിക്കും; സംശയമില്ല. പക്ഷേ, ഈ സംരംഭത്തിനു ഭീമമായ പണച്ചെലവുണ്ട്. അതിലേയ്ക്കു സൊഡാലിററി അംഗങ്ങളും സൊഡാലിററി ഘടകങ്ങളും ഉദാരമായ സംഭാവനകൾ രൂപതാ പ്രൊമോട്ടർ വഴി നാഷനൽ പ്രൊമോട്ടർക്ക് അയച്ചുകൊടുക്കണമെന്ന് അദ്ദേഹം ഒരു പ്രസ്താവനയിൽ അഭ്യർത്ഥിച്ചിരിക്കുന്നു.

## സൊഡാലിററി ഡിറക്ടറി

സൊഡാലിററി പ്രസ്ഥാനത്തെക്കുറിച്ച് പൊതുവായും ഇന്ത്യയിലെ 2000 സൊഡാലിററികളെപ്പററി സവിസ്തരമായും പ്രതിപാദിക്കുന്ന ഒരു സൊഡാലിററി ഡിറക്ടറി ഒക്ടോബറിൽ പ്രസിദ്ധീകരിക്കുന്നതാണ്. സഖ്യസ്ഥാപനം, അഫിലിയേഷൻ, രൂപതാഫെഡറേഷൻ, ദേശീയ ഫെഡറേഷൻ, സൊഡാലിററി പ്രസിദ്ധീകരണങ്ങൾ—എന്നിങ്ങനെ വളരെ വിഷയങ്ങളെ പ്രതിപാദിക്കുന്നതും 180 പേജുള്ളതുമായ ഈ പുസ്തകത്തിനു 2ക. മാത്രമാണു വില. നാഷണൽ പ്രൊമോട്ടറുടെ പേക്ക് മുൻകൂർ പണമയച്ച് ആവശ്യപ്പെടുന്നവർക്ക് തപാൽക്കൂലി സൗജന്യമായിരിക്കും. ഓരോ സൊഡാലിററിക്കും ഇപ്പുസ്തകത്തിന്റെ ഓരോ കോപ്പി ഉണ്ടായിരിക്കേണ്ടതു് വളരെ അത്യാവശ്യമാണ്.

**കല്ലോടി:** (തലശ്ശേരി രൂപത). സൊഡാലിററി അംഗങ്ങളായ കണക്കൊമ്പിൽ ഏലിക്കുട്ടി, കുട്ടിയാനിക്കൽ ഏലമ്മ എന്നിവർ ജർമ്മനിയിലുള്ള സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് എന്ന സന്യാസിനീസഭയിൽ ചേരുവാൻ പോകുന്നതു പ്രമാണിച്ച് 26_7_'64 ൽ അവർക്കു സമുചിതമായ യാത്രയയപ്പു നൽകി. സൊഡാലിററി അംഗമായ പഴേടത്തു് പൗലോസ് സൊസൈററി ഓഫ് സെന്റ് പോൾ എന്ന സന്യാസസഭയിൽ ചേർന്നിരിക്കുന്നു.

**ഏങ്ങണ്ടിയൂർ:** 15_8_'64 ൽ റവ. ഫാദർ പോൾ ചിററിലപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, മിഷനു പോകുന്ന പി. പി. സെലീന, പി.വി. ബേബി എന്നീ സൊഡാലിററി അംഗങ്ങൾക്കു സമുചിതയായ യാത്രയയപ്പു നല്കി. ശ്രീ. പി. ഡി. ലോനപ്പൻ ബി. എ., ബി. ടി. പ്രസംഗിച്ചു. കൂടാതെ മരിയാസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വായനശാല അദ്ധ്യക്ഷൻ ഉൽഘാടനംചെയ്തു.

**വല്ലം:** (എറണാകുളം അതിരൂപത). സൊഡാലിററിയുടെ 20_ാമതു വാർഷികം ആഗസ്റ്റ് 16_ാംനു റവ. ഫാദർ ജോസഫ് മാവുങ്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ശ്രീ. അഗസ്റ്റിൻ പി. പാറപ്പുറം സ്വാഗതപ്രസംഗം പറയുകയും ശ്രീ. പി. ഒ. ദേവസ്സി, കുമാരി പി. വി. സിസിലി എന്നിവർ പ്രസംഗിക്കുകയുംചെയ്തു. സഖ്യാംഗങ്ങൾ, മാതാവിന്റെ സ്വർഗ്ഗാരോപണത്തെപ്പററി ഒരു ടേബ്ളോ പ്രദർശിപ്പിച്ചു. കുമാരി ഈ. കെ. മാർഗരററ് കൃതജ്ഞത പറഞ്ഞു.

**കാറളം കിഴക്ക്:** 31-5-'64. സൊഡാലിററിയുടെ 9_ാം വാർഷികം റവ. ഫാ. തേർമ്മൻ M. O. L. അവർകളുടെ അദ്ധ്യക്ഷതയിൽ സമുചിതമായി കൊണ്ടാടിയിരിക്കുന്നു. കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. "ജീവിതം ഒരു കൊടുങ്കാററാകുന്നു" എന്ന നാടകം അഭിനയിക്കപ്പെട്ടു.

# OUR PUBLICATIONS

**An Introduction to Physics**
for Pre-Degree and Pre-Professional Courses Vol. I — By: V. Goplakrishnan M Sc., C. Radhakrishnan M. Sc. and P. M. Madhusudhanan M. Sc. Price: 4—50
Do Do Vol. II — IN PRESS

**Text Book of Algebra**
(FOR B. Sc. SUBSIDIARY) — PRICE: 3—00

**Text Book of Algebra**
For B. Sc. Main and Subsidiary Maths and Pre-Professional Students — By Fr. Thomas Mootheden, M. A., D.D., Principal, St. Thomas' College, Trichur. PRICE: 3—50

**New Model Questions and Answers in Social Studies**
For Std. IX, X. — By C. A. SCARIA, B. A., B. T. PRICE: 1—00

**New Model Questions & Answers**
For S.S.L.C. Examination Mathematics I & II Papers — By R. S. Iyer B. A., B. T. PRICE: 1—50

**A Reference Book of General Knowledge**
For U. S. S. Examination — By R. S. Iyer B. A., B. T. PRICE: 1—50

**A Guide to Pre-University Sanskrit**
(PROSE ONLY) — By: E. Raghava Warrier, M. A., B. T., Ret. Principal, Govt. Brennen College, Tellicherry. PRICE: 2—00

**A Guide to Pre-University Hindi Texts**
By: Prof: S. Padmanabh, M. A., B. T. (Sree Kerala Varma College, Trichur) PRICE: 2—00

**A Guide to S. S. L. C. Hindi**
(TEXT WITH NON-DETAILED) — By: V. Rama Menon B.A., B.Ed., Senior Hindi Teacher. PRICE: 1—65

**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് II**
(MALAYALAM PAPER II) — By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ. PRICE: 1—00

**A Guide to S. S. L. C. Sanskrit**
(ACADEMIC AND SANSKRIT SCHOOLS) — By: Vidwan N. V. Sekhara Warrier. PRICE: 2—50

**S. S. L. C. 'വിജയപ്രദ' മലയാളം ഗൈഡ് I**
(കേരള പാഠാവലി; വ്യാകരണവൃത്താലങ്കാരങ്ങൾ തുടങ്ങി മലയാളം ഒന്നാം ചോദ്യക്കടലാസ്സിനാവശ്യമായ എല്ലാ വിഷയങ്ങളും അടങ്ങിയതു്.) — By: വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ. PRICE: 3—00

പാടിത്തളർന്ന പാതിരാവു് —(നോവൽ)_ അരിമ്പൂർ പാപ്പച്ചൻ .... വില: 2—00
ആ പ്രകാശം അണഞ്ഞു - (നോവൽ)_ വണ്ടാനം കെ. കെ. പിള്ള .... വില: 1—25
ആത്മാവിന്റെ ആലിംഗനം — പുന്നപ്ര ദാമോദരൻ .... വില: 1—75
സ്നേഹത്തിന്റെ കൈത്തിരി—(സാമൂഹ്യനാടകം)_ എം. ദിവാകരൻ ബി.എ.,ബി എഡ്. വില: 1—75

*[ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ഗൈഡുകൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലുമുള്ള പ്രധാന പുസ്തകവ്യാപാരികളിൽനിന്നും കിട്ടുന്നതാണ്. സ്ഥലത്തെ പുസ്തകവ്യാപാരികളിൽനിന്നു കിട്ടാത്തപക്ഷം ഞങ്ങൾക്കു് നേരിട്ടെഴുതുക.]*

**പുലിക്കോട്ടിൽ പബ്ലിഷിങ്ങ് ഹൗസ്സ്, ഹൈറോഡ്, തൃശ്ശൂർ-1.**

"ഭാരതത്തിന്റെയും ഈ മണ്ണിന്റെ മക്കളെന്ന നിലയിൽ ഇവിടെ ജീവിക്കുന്ന ജനങ്ങളുടെയും പുരോഗതിക്കായി നമുക്കു ഏകോപിക്കാം, സഹകരണത്തിന്റെ അന്തരീക്ഷത്തിൽ അദ്ധ്വാനിക്കാം. ഈ കടമയാണ് മാതൃരാജ്യത്തോടു നമുക്കു നിറവേററാനുള്ളതു്. ദേശത്തിന്റെ മാഹാത്മ്യത്തിനും ഐക്യത്തിനും കരുത്തിനുംവേണ്ടി ഈ സേവനമാണ് നമുക്കു അനുഷ്ഠിക്കാനുള്ളതു്."

—ജവഹർലാൽ നെഹ്റു

# ഒരു രാഷ്ട്രം, ഒരു ദേശം

"രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ജനങ്ങൾ, വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള അവരുടെ വികാരങ്ങൾ എത്രതന്നെ ശക്തിമത്താവട്ടെ, ഒരു കാര്യം ഒരിക്കലും വിസ്മരിക്കരുതു്: ഒരു രാഷ്ട്രം, ഒരു ദേശം എന്ന വ്യതിയാനം വരുത്താനാവാത്ത ചട്ടക്കൂടിൽ ഒതുങ്ങുന്ന തരത്തിൽ എല്ലാ ഭിന്നതകളും അവർ ഒത്തുതീർക്കേണ്ടതാണ്."

—ലാൽ ബഹദൂർ ശാസ്ത്രി
പ്രധാനമന്ത്രി

നമ്മുടെ വഴി ഋജുവാണ്, സ്പഷ്ടമാണ് — എല്ലാവർക്കും സ്വാതന്ത്ര്യവും സമൃദ്ധിയും നൽകിക്കൊണ്ട് കരുത്തുററ ഒരിന്ത്യ പടുത്തുയർത്തുക എന്നതാണതു്.

ഒരൊററ രാഷ്ട്രമെന്ന നിലയ്ക്കു നമുക്കൊന്നിച്ചണിനിരക്കാം. ഒന്നിച്ചു പ്രയത്നിക്കാം. ധൈര്യവും സ്ഥൈര്യവും സൗഹൃദവും സഹിഷ്ണുതയും നമുക്കു വെളിച്ചമേകട്ടെ.

## ജയ് ഹിന്ദ്

ഐക്യം പാലിച്ച് സ്വാതന്ത്ര്യം കാക്കുവിൻ

DA 64/149


PERMISSU SUPERIORUM
Edited & Published by Fr. J. Chemmanoor B. A., Printed at the Union Press, Mariapuram, Trichur - 5.